ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ബഹുമാനപ്പെട്ട മെംബർ പറഞ്ഞ മാതിരിയുള്ള ഒരു വിഷമം അവിടെയുണ്ടായിട്ടുണ്ടെന്നറിയാം. വേണ്ടത്രയോളം റാ മെറ്റീരിയൽസ്, അതായത് തോട്ടണ്ടി കിട്ടുന്നില്ല എന്നുള്ള കാരണംകൊണ്ട്, മെംബർ പ്രസ്താവിച്ച അത്രതന്നെ ഉണ്ടോ എന്നറിഞ്ഞുകൂടാ, പല ഫാക്ടറികളും പൂട്ടിവരുന്നു എന്നു ഗവണ്മെൻറിനറിയാം. ഈ പ്രശ്നത്തിന്റെ ഗൗരവം ഗവണ്മെൻറ് മനസ്സിലാക്കുന്നുണ്ട്. ഇക്കാര്യം ഇവിടെ ബഹുമാനപ്പെട്ട മെംബർ ഉന്നയിക്കുന്നതിനു മുൻപുതന്നെ ഗവണ്മെൻറ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനു എന്തു പരിഹാരം ഉണ്ടാക്കണമെന്നുള്ള കാര്യത്തെപ്പറ്റി ഗാഢമായി ആലോചന നടത്തി വേണ്ട നടപടി എടുക്കാമെന്നുള്ളതാണ്.

LEGISLATIVE BUSINESS.

The Edavagai Rights Acquisition Bill, 1955.

Home Minister (SHRI A. J. JOHN): Sir, I beg to introduce the Edavagai Rights Acquisition Bill, 1955.

Chief Minister (SHRI PANAMPILLI GOVINDA MENON): I second it.

MR. SPEAKER: The Bill stands introduced.

ശ്രീ. എ. ജെ. ജാൺ: സർ, ഇടവക എന്നു പറയുന്നതു് പരിപൂർണ്ണമായോ, ഭാഗികമായോ ക്രൈസ്തവർ അല്ലാത്തവരിൽനിന്നും ഒഴിവാക്കിയിട്ടുള്ള പ്രദേശങ്ങളാണ്. ഇടവകകളുടെ ഉത്ഭവത്തെപ്പറ്റി വളരെ കൃത്യമായി നിശ്ചയിക്കാൻ സാദ്ധ്യമല്ലെങ്കിലും, ലാൻഡ്റവന്യൂ മാനുവലിൽ അതിനെപ്പറ്റി പറയുന്നുണ്ട്. വാല്യം മൂന്നു, പേജു ഒന്നിൽ ഇടവകകളെപ്പറ്റി പറയുന്നതു ഇപ്രകാരമാണ്:

"Definition of Edavagais" — The term Edavagai as defined in the Edavagai Regulation, III of 1109, means "any tract or area recognised as such in Our Government accounts, the whole or any portion of which is exempt from the payment of land revenue to Our Government." The tracts recognised as Edavagais in Government accounts are four in number. They are (1) Kilimanoor, (2) Edapally, (3) Poonjar and (4) Vanjipuzha. Of these, the first two are known as the estates of Kilimanoor and Edapally also.

General characteristics of the Edavagais—all the Edavagais except Kilimanoor are supposed to be the lands comprised in the petty kingdoms and principalities which remained independent or quasi-independent until the conquest and the consolidation of the State in the 18th century. They are all tax free as far as the State revenue is concerned. Though they are in this respect analogous to jenmom lands they are different from the latter in origin and incidence.

LIBRARY ARCHIVES Kerala Legislative Assembly

SHRI R. SANKARANARAYANAN TAMPI: Sir, I rise to a point of order. There is no motion that the Bill be taken into consideration. It is only at that stage that all these detailed observations will be relevant.

SHRI A. J. JOHN: Sir, I move that the Bill be taken up for consideration at once.

SHRI PANAMPILLI GOVINDA MENON: I second it.

SHRI A. J. JOHN: They are similarly different from the Zamindaris of British India also, as the tenures under which the lands are given to and held by the ryots are dissimilar and as the exemption from taxation which is a characteristic feature of the Edavagais is absent in the other.

These Edavagais are outside the State Ayacut and so the State has no concern with their internal survey and settlement. The position of the Chiefs with respect to these Edavagais was that of absolute proprietors and the tenants in them excepting those that held under permanent tenures such as Adima and Thiruvulam, had no permanent rights of occupancy. The Proclamations of 1040 and 1042 M. E. which conferred permanent occupancy rights on the tenants of the sirkar villages were not applicable to the Edavagai tenants. Permanent occupancy right was granted to the tenants of the Kilimanoor and the Edappally estates in 1068 M. E. by the Estates Rent Recovery Regulation of that year. The tenants of Poonjar and Vanjipuzha do not possess these rights now. They will acquire it under the Edavagai Regulation, III of 1109, from and after the date of the settlement of those Edavagais being declared complete by Government, subject to such conditions as may be lawfully imposed."

ഇതിൽനിന്നും, ഇടവകകൾ എന്ന പറയുന്നത് ലാൻഡ്റവന്യൂവിൽ നിന്നും ഒഴിവാക്കിയിട്ടുള്ള സ്ഥലങ്ങളാണെന്ന കാണാൻ കഴിയും. 1121-ൽ ഉണ്ടായ ലാൻഡ് പ്രൊക്ലമേഷൻ 6-ാം വകുപ്പനുസരിച്ച് ഈ ഇടവകകൾ ബേസിക് ടാക്സിൽനിന്നും ഒഴിവാക്കിയിരിക്കുകയായിരുന്നു. പക്ഷെ, അടുത്ത വർഷം പാസ്സാക്കിയ ലാൻഡ് ടാക്സ് 1955-ലെ 5-ാം ആക്ടനുസരിച്ച് ഇടവകകളെ ലാൻഡ് ആക്ടിൽനിന്നും ഒഴിവാക്കിയിട്ടില്ല. അതിനാൽ, ഇടവകകൾക്കുള്ളതായ പാട്ടം, മേൽവാരം മുതലായവയ്ക്കുപുറമെ, ഈ ആക്ടിലെ വ്യവസ്ഥയനുസരിച്ച് ബേസിക് ടാക്സും കൊടുക്കാൻ കടിയാനവന്മാർ കടപ്പെട്ടിരിക്കുകയാണ്. ഇടവകയിലെ ചീഫ് ഭൂമിയുടെ പ്രൊപ്രൈറ്റർ ആണ്. ആടിമ, തിരുവുളം മുതലായ ചില ഭൂമികൾ കൈവശംവച്ചുകൊണ്ടിരിക്കുന്ന ടെനൻറ്സിന് അനിഷേൽ സ്ഥിരാവകാശമുണ്ട്. ആയിനം ഭൂമികൾ ഒഴിച്ചുള്ള ഭൂമികൾ കൈവശംവച്ചുകൊണ്ടിരിക്കുന്ന ടെനൻറ്സിന് സ്ഥിരാവകാശമില്ല. ഈ അവശത മാറണമെന്നും ഇടവകയിലുള്ളതായ ടെനൻറ്സ്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. ജെ. ജോൺ]

വളരെക്കാലമായി പ്രക്ഷോഭം നടത്തിക്കൊണ്ടിരിക്കുകയാണു്. വളരെക്കാലമായി വസ്തുക്കൾ കൈവശംവച്ചുകൊണ്ടിരിക്കുന്നതിനാൽ, അവർക്ക് അതിന്മേൽ സ്ഥിരാവകാശം കിട്ടണമെന്നു ഗവണ്മെൻറ് നോട്ടു അപേക്ഷിച്ചുകൊണ്ടിരിക്കുകയാണു്. 1940-ലെയും 1942-ലെയും പ്രോക്ലമേഷൻ അനുസരിച്ചു സർക്കാർ ഭൂമികൾ കൈവശംവച്ചുകൊണ്ടിരിക്കുന്നതായ, അതായതു പണ്ടാരപാട്ടം ഭൂമികൾ കൈവശംവച്ചുകൊണ്ടിരിക്കുന്നതായ, പട്ടാരക്കാർക്കു പരിപൂർണ്ണമായ അവകാശം ലഭിക്കുകയുണ്ടായി. 1068-ലെ 4-ാം ആക്ടിനെ എസ്റ്റേറ്റ് റെൻറ് റിക്കവറി ആക്ടു് അനുസരിച്ചു് കിളിമാനൂർ, ഇടപ്പള്ളി എന്നീ ഇടവകയിലുള്ളതായ ടെനൻറ്സിനു്, സർക്കാർ ഭൂമികൾ കൈവശംവച്ചുകൊണ്ടിരിക്കുന്നതായ പട്ടാരക്കാർക്കുള്ളതുപോലെ സ്ഥിരാവകാശം ലഭിച്ചിട്ടുണ്ടു്. അതിലെ രണ്ടാമത്തെ സെക്ഷൻ ഇപ്രകാരമാണു്:

"The holders of lands in the estates of Kilamanoor and Edapally shall have the rights in respect of their holdings as holders of lands under Our Government".

ഇതനുസരിച്ചു് അവർക്കു് സ്ഥിരാവകാശം ലഭിക്കുകയുണ്ടായി. 1109-ലെ ഇടവക റഗുലേഷൻ അനുസരിച്ചു മറ്റു രണ്ടു ഇടവകകളിലെ ടെനൻറ്സിനും ഈ അവകാശം ലഭിക്കുകയുണ്ടായി. സെക്ഷൻ (7)-ൽ പറയുന്നതു് ഇപ്രകാരമാണു്:

"Land holders whose holdings have been dealt with but not treated and recorded as *thanathu* land at the settlement carried out in persuance of this Regulation, shall from and after the date of the settlement being declared complete by Our Government, have, subject to any such conditions as may have been lawfully imposed the same rights of permanent occupancy in respect of such holdings alienable and heritable as holders of lands under Our Government."

പറവൂർ അക്കൗണ്ടു് അനുസരിച്ചു് ഈ ഇടവകകളിൽ അടിയിൽ പറയുന്ന വില്ലേജുകൾ ഉൾപ്പെടുന്നു.

1. Edapally :	(a)	Edapally North in parur taluk
	(b)	Edapally South Do.
	(c)	Trikunnapuzha in Kartikapally taluk
	(d)	Kalluppara in Thiruvalla taluk
	(e)	Vazhakulam in Kunnathunad taluk.
2. Kilimanoor :	(a)	Pazhayakunnumel in Chirayinkil taluk
	(b)	Kilimanoor Do.
3. Poonjar :		Poonjar in Meenachil taluk.
4. Vanjipuzha :	(a)	Cheruvelly in Chenganacherry taluk
	(b)	Chirakkadavu Do.
	(c)	Peruvanthanam in Peermade taluk.

LIBRARY ARCHIVES Kerala Legislative Assembly

തിരുവിതാംകൂർ–കൊച്ചിയിൽ നിലമെന്നോ, പുരയിടമെന്നോ വ്യത്യാസം കാണിക്കാതെ ഏറ്റവും കുറഞ്ഞ രീതിയിലുള്ള ബേസിക് ടാക്സ് ഏർപ്പെടുത്തിയപ്പോൾ, ഈ ഇടവകകളിലുള്ള ടെനൻറ്സിനും ഏറ്റവും കുറഞ്ഞ രേറ്റിൽ ഉള്ള ടാക്സു വേണമെന്നും, അവക്കും വസ്തുക്കളിൽ സ്ഥിരാവകാശം ലഭിക്കണമെന്നും, ഞാൻ മുൻപു പറഞ്ഞതുപോലെ, വളരെക്കാലമായി പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. അവക്ക് പണ്ടാരപ്പാട്ടംപോലെയുള്ള എല്ലാ അവകാശങ്ങളും ഉണ്ടായിരിക്കണമെന്നും, പഴയകാലത്തെ ഫ്യൂഡല് സത്തിനു കീഴിൽ അടിമകളായി കഴിയാൻ സാധിക്കുകയില്ലെന്നും ഗവണ്മെൻറിനെ നിരന്തരം അറിയിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ പരിഷ്കാരം നടപ്പിൽ വരുത്തണമെന്നു ഗവണ്മെൻറിനു ബോദ്ധ്യമായതുകൊണ്ടാണു ഈ ബിൽ ഇപ്പോൾ അവതരിപ്പിക്കുന്നതു്. ഇങ്ങനെ ഇടവകയിലുള്ള കുടിയാനവന്മാർക്കു സർക്കാർ ഭൂമിയിൽ പട്ടാദാരന്മാരെപ്പോലെയുള്ള അവകാശം ലഭിക്കണമെങ്കിൽ ഇടവക ചീഫിനെറ കൈവശമുള്ള വസ്തുക്കളും എല്ലാംതന്നെ ഗവണ്മെൻറ എടുക്കേണ്ടതായിട്ടുണ്ടു്. അങ്ങനെ എടുക്കുമ്പോൾ ഇടവക ഉടമകളായ ചീഫുകൾക്കു കാമ്പൻസേഷൻ (പ്രതിഫലം) കൊടുക്കേണ്ടതായിവരും. ഏതാണ്ടു ഈ ഉദ്ദേശംവരുന്ന ഒരു ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ള കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ ഓർക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അതായതു "സ്പെഷ്യൽ റൈറ്റ്സ് ആൺ ലാൻഡ്സ് അബോളിഷൻ ബില്ല്" പെപ്പറിയാണു ഞാൻ സൂചിപ്പിക്കുന്നതു്.

ശ്രീ. പി. ആർ. മാധവൻ പിള്ള: അതിൽ ഉൾപ്പെടുന്ന എല്ലാം വസ്തുക്കളും ഇതിൽ ഉൾപ്പെടുമോ?

ശ്രീ. എ. ജെ. ജാൺ: അതാണു ഞാൻ പറയാൻ ഭാവിച്ചതു്. ആ ബില്ലിൽനിന്നും സാരമായ വ്യത്യാസത്തോടുകൂടിയാണു ഇടവക സംബന്ധിച്ചു ഈ ബില്ലിൽ വ്യവസ്ഥകൾ ചേർത്തിരിക്കുന്നതു്. ഞാൻ ആദ്യംപറഞ്ഞ സ്പെഷ്യൽ റൈറ്റ്സ് ആൺ ലാൻഡ്സ് അബോളിഷൻ ബില്ലിൽ മൂന്നുഭാഗങ്ങൾ ഉണ്ടു്. ഇടവക, ശ്രീപാദം, ശ്രീപണ്ടാരവക എന്നിവയെ സംബന്ധിച്ചാണു്. ആ ബില്ലിലെ വ്യവസ്ഥകളും ഈ ബില്ലിലെ വ്യവസ്ഥകളും തമ്മിൽ സാരമായ വ്യത്യാസമുണ്ടു്. ഈ ബില്ലിൽ, ഇടവക ഭൂമിയെല്ലാം ഗവണ്മെൻറിൽനിന്നും കാമ്പൻസേഷൻ കൊടുത്തു അക്വയർ ചെയ്യണമെന്നാണു പറഞ്ഞിരിക്കുന്നതു്. നേരേമറിച്ചു് സ്പെഷ്യൽ റൈറ്റ്സ് ഇൻ ലാൻഡ് അബോളിഷൻ ബില്ലിൽ കുടിയാനവൻ കൊടുത്തുകൊണ്ടിരുന്ന പാട്ടവും, മേൽവാരവും മറ്റും കണക്കാക്കി പതിനാറു മൂന്നു രണ്ടു മടങ്ങു തുകകളിലായി കൊടുത്തു അവർതന്നെ അവകാശം കൈവശപ്പെടുത്തണമെന്നാണു് പറഞ്ഞിരിക്കുന്നതു്. രണ്ടാമതു്, ആ ബില്ലിൽ സെറ്റിൽഡ് ലാൻഡ്സിനെപ്പറ്റി മാത്രമെ പറയുന്നുള്ളു. ഈ ബില്ലിൽ അൺസെറ്റിൽഡ് ലാൻഡ്സിനെ പറ്റിയും പറയുന്നു. ഈ ബില്ലിലെ ക്ലാസ്സു്, 2, സബ്ക്ലാസ്സു് 5-ൽ പറയുന്നതു് അനുസരിച്ചു് ഇടവകയിലുള്ള എല്ലാവർക്കും അവകാശങ്ങളും, സെറ്റിൽഡും, അൺസെറ്റിൽഡും ലാൻഡ്സിനെപ്പറ്റിയും അവകാശങ്ങളും ഉൾപ്പെടും. അതുതന്നെയുമല്ല ആ ബില്ലിൽ അൺസെറ്റിൽഡ് ലാൻഡ്സിനെ സംബന്ധിച്ചിടത്തോളം ഫ്യൂഡലിസം ഇടരുതെന്നു കാണാൻകഴിയും, ഇതിൽ അങ്ങനെയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. മേനോൻ : അടിമ എന്നു പറയുന്ന ടെനൻറ് സിനും ബേസിക് ടാക്സു കൊടുക്കണമോ?

ശ്രീ. എ ജെ. ജോൺ : സകല ഭൂമികൾക്കും ബാധകമാണു്.

ആദ്യം അവതരിപ്പിച്ച ബില്ലനുസരിച്ചു, പാട്ടത്തിൻറെയും മേൽവാരത്തിൻറെയും പതിനാറും മൂന്നിൽരണ്ടു മടങ്ങാണു് കാമ്പൻസേഷൻ കൊടുക്കണമെന്നു തീരുമാനിച്ചിരുന്നതെങ്കിലും, ഇടവക ചീഫുകളുമായി അനേകദിവസം ആലോചന നടത്തിയതിൻറെ ഫലമായി, അവർക്കു് ഓരോ കൊല്ലത്തിൽ കിട്ടുന്ന ആദായത്തിൻറെ എട്ടും മൂന്നിലൊന്നു ഇരട്ടി കൊടുത്താൽ മതിയെന്നു അവർതന്നെ സമ്മതിക്കുകയാണുണ്ടായതു്. ഈ സന്ദർഭത്തിൽ എനിക്കു പറയാനുള്ളതു്, മഹാമനസ്കതയോടുകൂടി, ഇടവക ചീഫുകൾ അവക്കു കിട്ടാനുള്ള തുകയിൽനിന്നും ഗണ്യമായ കുറഞ്ഞ തുക മതിയെന്നു സമ്മതിച്ചതിൽ, ഈ സഭ അവരോടുള്ള കൃതജ്ഞത രേഖപ്പെടുത്തണമെന്നാണു്. ഈ ബില്ലനുസരിച്ചു ഇടവക ചീഫിനുള്ള എല്ലാവിധ അവകാശങ്ങളും ഗവണ്മെൻറു് കൈവശപ്പെടുത്തുകയാണു്.

ഇനി ഈ ബില്ലനുസരിച്ചുള്ള കാമ്പൻസേഷൻ കൊടുക്കുന്നതിനെപ്പറ്റിയാണു എനിക്കു പറയാനുള്ളതു്.

കിളിമാനൂർ കൊട്ടാരത്തിലേയ്ക്കു കൊടുക്കേണ്ടുള്ള കാമ്പൻസേഷൻ ഓരോ കൊല്ലവും കിട്ടുന്ന പാട്ടത്തിൻറെ എട്ടും മൂന്നിലൊന്നു മടങ്ങു കൂട്ടിച്ചേർത്തുകൊടുക്കാനാണു വ്യവസ്ഥ ചെയ്തിരിക്കുന്നതു്. എന്നാൽ ഈ തുക ഒന്നാകെ കൊടുക്കുന്നതിനു പകരം, അവിടെ ഇപ്പോഴുള്ളതായ അംഗത്തിനു "ലൈഫ് അന്വറി"യായി കൊടുത്താൽ മതി. അതനുസരിച്ചു കിളിമാനൂർ ഇപ്പോഴത്തെ ചീഫിനു് പ്രതിമാസം 75 രൂപയും, മറ്റംഗത്തിനു പ്രതിമാസം 14 രൂപയുമാണു ലൈഫ് അന്വറിയായി കൊടുക്കാൻ ഉദ്ദേശിക്കുന്നതു്. ഇതു വളരെ നിസ്സാരമായ ഒരു തുകയാണെന്നു കാണുവാൻ കഴിയും. ഓരോ അംഗത്തിനും കിട്ടുന്ന തുക മാസത്തിൽ 14 രൂപ മാത്രമാണു്. ആ തുകകൊണ്ടു തൃപ്തിപ്പെട്ടുകൊള്ളാമെന്നു അവർ സമ്മതിച്ചിട്ടുണ്ടു്. ഇപ്രകാരം അന്വറി (annuity) കൊടുക്കുന്നതിലേയ്ക്കു് എത്ര രൂപ വേണമെന്നു് Actuary അഡിഷനൽ ഫൈനാൻസ് സെക്രട്ടറിയെക്കൊണ്ടു് തിട്ടംവരുത്തുകയുണ്ടായി. അങ്ങനെ "ലൈഫ് അന്വറി" കൊടുത്തശേഷം ഏകദേശം ഇരുപത്തോരായിരം രൂപയോളം ബാക്കി വരുന്നുണ്ടു്. ആ തുക കിളിമാനൂർ ദേവസ്വങ്ങളുടെ നടത്തിപ്പിനായി എൻഡോവു ചെയ്യണമെന്നു തീരുമാനിച്ചിരിക്കുകയാണു്. എനിക്കു ഈ അവസരത്തിൽ പ്രസ്താവിക്കാനുള്ളതു കിളിമാനൂർ എസ്റ്റേറ്റിൽനിന്നും എടുക്കുന്നതായ വസ്തുക്കൾ ഗവണ്മെൻറിലേയ്ക്കു പരിപൂർണ്ണമായ ഉടമസ്ഥാവകാശത്തോടുകൂടി കിട്ടുന്നതാണെന്നും, ഗവണ്മെൻറു കൊടുക്കുന്നതായ പ്രതിഫലം പറയത്തക്കവണ്ണം ഒന്നുമില്ലെന്നും വളരെ മിതമായിട്ടുള്ളതാണെന്നുമാണു്.

പൂഞ്ഞാർ കോയിക്കലേയ്ക്കു കൊടുക്കേണ്ട തുകയും ആദായത്തിൻറെ എട്ടും മൂന്നിലൊന്നു ഇരട്ടിയെന്നു കണക്കുപ്പെടുത്തിയിരിക്കുകയാണു്. അതനുസരിച്ചു അവിടത്തെ ഇപ്പോഴത്തെ ചീഫിനു് മാസമൊന്നിനു് 125 രൂപയും, ഇപ്പോഴുള്ളതിൽ പ്രായംകൂടിയ സ്ത്രീ അംഗത്തിനു് 75 രൂപയും, മറ്റംഗത്തിനു 30 രൂപവീതവുമാണു നിശ്ചയിച്ചിരിക്കുന്നതു്. പൂഞ്ഞാർ കോയിക്കലുള്ള എല്ലാ അംഗങ്ങളും മഹാമനസ്കതയോടുകൂടി ഈ ചെറിയ

LIBRARY ARCHIVES Kerala Legislative Assembly

തുകകൾ സ്വീകരിക്കാൻ സമ്മതിച്ചിരിക്കുകയാണ്. അങ്ങനെ "ലൈഫ് അന്വറി"ക്കുള്ള തുക മാറ്റിവച്ചതിനുശേഷം, 1,22,866 രൂപ 9 അണ ബാക്കിവരുന്നുണ്ട്. അങ്ങനെ ബാക്കിവരുന്ന ഒരു ലക്ഷത്തിൽ ചില്വാനം രൂപ പൂഞ്ഞാർ ഇടവകകളിലുള്ള ദേവസ്വങ്ങളുടെ നടത്തിപ്പിലേയ്ക്ക് എൻഡോവു ചെയ്യുന്നമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. അങ്ങനെ കിളിമാനൂർ കൊട്ടാരത്തിലെയും, പൂഞ്ഞാർ കോയിക്കലെയും പ്രത്യേകം പ്രത്യേകം തുകകൾ കൊടുക്കാതെ, "ലൈഫ് അന്വറി" യായി കൊടുത്താൽ മതിയെന്നാണ് വ്യവസ്ഥചെയ്തിരിക്കുന്നത്. അതുകൊണ്ട് ഇപ്പോൾ ഗവണ്മെൻറിൽനിന്നും അതിലേയ്ക്ക് പ്രത്യേകം വലിയ തുക ഉണ്ടാക്കേണ്ട ആവശ്യം വരുന്നില്ല. കിളിമാനൂർ കൊട്ടാരത്തിലേയ്ക്ക് "ലൈഫ് അന്വറി" കൊടുക്കുന്നതിന് ഇപ്പോൾ കൊടുക്കുന്ന ബേസിക് ടാക്സ് സ്വല്പം പോരാതെ വരുന്നതാണ്. എന്നാൽ പത്തുകൊല്ലം കഴിയുമ്പോൾ ഇപ്പോഴിനത്തിലുള്ള ചെലവു 50 ശതമാനമായി കുറയുന്നതാണ്. നേരേമറിച്ചു പൂഞ്ഞാർ കോയിക്കലേയ്ക്ക് ബേസിക് ടാക്സിനെക്കാൾ കുറവായിരിക്കും "ലൈഫ് അന്വറി". ഈ രണ്ടു അകപിസിഷൻകൊണ്ടും ഗവണ്മെൻറിനു പറയത്തക്ക പണച്ചുമതലകൾ ഒന്നുംതന്നെ ഉണ്ടാകുന്നതല്ല.

ശ്രീ. എൻ. പരമേശ്വരൻ പിള്ള: പത്തുകൊല്ലംകൊണ്ട് 50 ശതമാനം ചെലവു കുറയുന്നതു എങ്ങനെയാണ്?

ശ്രീ. എ. ജെ. ജോൺ: അവിടത്തെ അംഗങ്ങളുടെ വയസ്സും മറ്റും അടങ്ങിയ ചില കണക്കുകൾ എൻറെ കൈവശമുണ്ട്. അതിൽനിന്നും Actuary-യുടെ റിപ്പോർട്ടിൽനിന്നും മനസ്സിലാക്കി പറഞ്ഞതാണ്.

ശ്രീ. എ. താണുപിള്ള: "ലൈഫ് അന്വറി"കൊടുക്കുന്ന സംഖ്യയും ബേസിക് ടാക്സും തട്ടിക്കിഴിച്ചാൽ ഇതിൽ ഗവണ്മെൻറിനു ലാഭം ഉണ്ടെന്നു പറയാനില്ലല്ലോ.

ശ്രീ. എ. ജെ. ജോൺ: ലാഭം ഉണ്ടെന്നു് അല്ലാ ഞാൻ പറഞ്ഞതു്; പ്രതിഫലമായി കൊടുക്കേണ്ടതായി വരുന്നില്ല എന്നാണ് ഞാൻ പറഞ്ഞതു്. ഇടപ്പള്ളി സ്വരൂപത്തിൽ കൊടുക്കാനുള്ള കാമ്പൻസേഷനും ആദായത്തിൻറെ എട്ടും മുന്നിലൊന്നും എന്നു കണക്കുപ്പെടുത്തിയിട്ടുണ്ട്. ഈ തുക ഗവണ്മെൻറിൽ നിന്നുത്തുന്നതിനായിട്ടാണ് അവർ സമ്മതിച്ചിരിക്കുന്നതു്. ഇരുപതു ലക്ഷത്തേയ്ക്കു ഗവണ്മെൻറു നിന്നുത്തുന്നതിനും, നല്ല ശതമാനം പലിശ കൊടുക്കുന്നതിനുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ഇരുപതുലക്ഷത്തിനു ശേഷം ഇടപ്പള്ളി സ്വരൂപത്തിൽനിന്നും ഈ തുക ആവശ്യപ്പെടുകയാണെങ്കിൽ കൊടുക്കുന്നതിനും, അതല്ല, ഗവണ്മെൻറു തന്നെ നിറുത്തണമെന്നാണെങ്കിൽ അങ്ങനെ ചെയ്യുന്നതിനും സമ്മതിച്ചിരിക്കുകയാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഇടപ്പള്ളി സ്വരൂപത്തിലേയ്ക്ക് കൊടുക്കേണ്ട ആകെ തുക എത്രയാണ്?

ശ്രീ. എ. ജെ. ജോൺ: വിവരങ്ങളെല്ലാം ഈ ബില്ലിലുണ്ട്. 5,25,000 രൂപ ഈ ഇനത്തിലും 2,20,000 രൂപ എക്സൈസു ഇനത്തിലും കൊടുക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. ജെ. ജാൺ]

ഇതനുസരിച്ച് ഇരുപതുകൊല്ലത്തേയ്ക്ക് ഇടപ്പള്ളി സ്പിരിറ്റുപത്തേയ്ക്ക് ചെല്ലാനുള്ള തുകയ്ക്ക് നാല്പത് ശതമാനം പലിശകൊടുത്താൽ മതിയാകുന്നതാണ്. ഇടപ്പള്ളി സ്പിരിറ്റുപത്തിൽ നിന്നും ഇങ്ങനെ കുറഞ്ഞ തുകയ്ക്ക് കാമ്പൻസേഷൻ സമ്മതിച്ചതിനെ ഈ സഭയ്ക്കുള്ള കുറ്റജ്ഞത രേഖപ്പെടുത്തണമെന്നാണ് എനിക്കു പറയാനുള്ളത്.

വഞ്ചിപ്പുഴമഠത്തിലേയ്ക്കും ആദായത്തിന്റെ എട്ടും മൂന്നിലൊന്നു ഇരട്ടി കൊടുത്താൽ മതിയെന്നാണ് സമ്മതിച്ചിരിക്കുന്നത്. വഞ്ചിപ്പുഴമഠത്തിലേയ്ക്കു കുറെ കടമുള്ളതുകൊണ്ട് കാമ്പൻസേഷൻ തുകയിൽനിന്നും രണ്ടുലക്ഷം രൂപ ഗവണ്മെന്റിൽ നിന്നുന്നതിനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. അനേഷിച്ചതിൽ ഒന്നരലക്ഷത്തോളം രൂപയുടെ കടമേയുള്ളുവെന്നാണറിഞ്ഞത്. എന്നാൽ കടം തീർന്നതിലേയ്ക്കു രണ്ടുലക്ഷം രൂപയും ഗവണ്മെന്റിൽനിന്നുത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. അതിനുംപുറമെ വഞ്ചിപ്പുഴമഠം ദേവസ്വം നടത്തിപ്പിലേയ്ക്കായി ആവശ്യമുള്ള ഒരുലക്ഷം രൂപയും ഗവണ്മെന്റിൽനിന്നുത്തുകയാണ്. അതിനും നാല്പതമാനം പലിശ ഒടുക്കാതി. പിന്നെ ബാക്കിവരുന്നതായ തുക വഞ്ചിപ്പുഴ മഠത്തിലുള്ള എഴുന്നള്ളത്തിനു സമമായി വീതിച്ചുകൊടുക്കാനാണ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ആ എഴുപേരിൽ മൂന്നുപേർ മേജറും, നാലുപേർ മൈനർകളുമാണ്. മൈനർമാരുടെ പണം അവർക്കു പ്രായമാകുമ്പോൾ കൊടുക്കാൻ വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ആ ഇനത്തിലുള്ള പലിശ മൈനർമാരുടെ രക്ഷകന്മാർക്കും കൊടുക്കാനാണ് വ്യവസ്ഥചെയ്തിരിക്കുന്നത്. ഇങ്ങനെയാണ നാല് എസ്റ്റേറ്റുകളും വിട്ടുകൊടുക്കുന്നതിലേയ്ക്ക് ഗവണ്മെന്റു തീരുമാനിച്ചിരിക്കുന്നത്.

ഇടപ്പള്ളി സ്പിരിറ്റുപത്തിലേയ്ക്കും, പൂഞ്ഞാർ കോയ്ക്കലേയ്ക്കും എക്സൈസു ഇനത്തിൽ ഒരു കാമ്പൻസേഷൻ ഗവണ്മെന്റു കൊടുത്തുകൊണ്ടിരിക്കുകയായിരുന്നു. കഴിഞ്ഞ അനേകം വർഷങ്ങളായി ഇടപ്പള്ളി സ്പിരിറ്റിലേയ്ക്ക് ഒരു ലക്ഷത്തിനും, രണ്ടുലക്ഷത്തിനും മദ്ധ്യേവരുന്ന ഒരു തുക എക്സൈസു ഇനത്തിൽ കാമ്പൻസേഷൻ കൊടുത്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ മൂന്നുനാല് വർഷങ്ങളിൽ ഇടപ്പള്ളി സ്പിരിറ്റിലേയ്ക്ക് ഈയിനത്തിൽ കാമ്പൻസേഷൻ കൊടുത്തിട്ടുള്ളതിന്റെ ഒരു കണക്ക് എന്റെ കൈവശമുണ്ട്. 1951-52-ൽ, 1,78,993 രൂപ 12 അണ എക്സൈസു ഇനത്തിൽ കാമ്പൻസേഷൻ കൊടുത്തിട്ടുണ്ട്. 1952-53-ൽ, 1,23,827 രൂപ 8 അണയും, 1953-54-ൽ, 1,20,292 രൂപ 4 അണ 10 പൈയും ഈയിനത്തിൽ കൊടുത്തിട്ടുണ്ട്.

ശ്രീ. എം. പി. മേനോൻ : ഏതുകൊല്ലം മുതലാണ് ഇങ്ങനെ എക്സൈസു ഇനത്തിൽ കാമ്പൻസേഷൻ കൊടുക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുള്ളതു?

ശ്രീ. എ ജെ. ജാൺ : വളരെക്കാലമായി ഇടപ്പള്ളി സ്പിരിറ്റിലേയ്ക്കു ചില പ്രത്യേക വ്യവസ്ഥകളിന്മേൽ ഈ കാമ്പൻസേഷൻ കൊടുത്തുകൊണ്ടിരിക്കുകയാണ്.

ഇതേ സംബന്ധിച്ചു സ്പെഷ്യൽ ഓഫീസ് ആൺ ലാൻഡ് അക്വിസിഷൻ ബില്ലിൽ ഇവർക്കു കൊടുക്കാനുള്ള കാമ്പൻസേഷനെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഒന്നംതന്നെ പ്രസ്താവിച്ചിട്ടില്ലായിരുന്നു. അതുംകൂടി തീർക്കേണ്ടതു് അവ
ർക്കവകാശമുള്ള എല്ലാ കാര്യങ്ങളും അവസാനിപ്പിക്കുന്ന ഈ സന്ദർഭ
ത്തിൽ, ഏറ്റവും ആവശ്യമാണെന്നു ഗവണ്മെൻറിനു ബോദ്ധ്യമായി.
അതുകൊണ്ടു് ഇടപ്പള്ളി ചീഫിനു പ്രതിവർഷം ഒരു ലക്ഷത്തിനും രണ്ടു
ലക്ഷത്തിനും മദ്ധ്യേ കിട്ടിക്കൊണ്ടിരിക്കുന്ന ഈ തുകയ്ക്കു പകരം, രണ്ടു
ലക്ഷത്തിഇരുപതിനായിരം രൂപ കൊടുക്കാനാണു് ഇപ്പോൾ തീരുമാനി
ച്ചിട്ടുള്ളതു്. ഒന്നരയോ രണ്ടോ ലക്ഷത്തെ എക്സ്പ്രസ്സു് കമ്പൻസേഷൻ
തുക മാത്രം, കൊടുക്കുവാനാണു ഇപ്പോൾ വ്യവസ്ഥ ചെയ്തിരിക്കുന്നതു്.
അതുപോലെ പൂഞ്ഞാർ ഇടവക സംബന്ധിച്ചുള്ള എക്സ്പ്രസ്സു് കമ്പൻ
സേഷൻ കൊടുക്കുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ടു്. അതു ഒരു ചെറിയ
തുകയാണു്; നൂറിയമ്പതു രൂപ മാത്രമേയുള്ളു. ആ തുകയും കൊടുക്കുന്ന
തിനു വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

ശ്രീ. പി. ആർ. മാധവൻ പിള്ള : ഈ എല്ലാ ഇടപാടുകളിലും, കുത്തകപ്പാട്ടം ഹോൾഡേഴ്സിനു വല്ല അവകാശവും ലഭിക്കുമോ ?

ശ്രീ. എ ജെ ജാൺ : അതിനെ സംബന്ധിച്ചു ഞാൻ പിന്നീടു പറയാം. ഇപ്പോഴത്തെ ഇടവകകളിൽ ഉള്ള സെറ്റിൽഡ് ലാൻഡ്സിനും അൺ സെറ്റിൽഡ് ലാൻഡ്സിനും, ആയി എക്സ്പ്രസ്സു് ഇനത്തിലും മറ്റു ഇനങ്ങളിലു, ഇടവക ചീഫിനു കിട്ടുവാനുള്ള എല്ലാ അവകാശങ്ങളേയും ഇല്ലായ്മചെയ്തുകൊണ്ടുള്ള വ്യവസ്ഥകളാണു് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളതു്. സെറ്റിൽഡ് ലാൻഡ്സിനെ സംബന്ധിച്ചിടത്തോളം കുടിയാന്മാർ ബേസിക് ടാക്സു് മാത്രം കൊടുത്താൽ മതി. അൺ സെറ്റിൽഡ് ലാൻഡ്സിനെ സംബന്ധിച്ചിടത്തോളം, പണ്ടാരപ്പാട്ടംവക വസ്തുക്കൾ കുത്തകപ്പാട്ടത്തിനും മറ്റും, ഏതു വ്യവസ്ഥയിലാണോ കരം ഈടാക്കുന്നതു്, അതേ വ്യവസ്ഥയനുസരിച്ചുള്ള കരം കൊടുത്താൽ മതിയാകുന്നതാണു്. കുത്തകപ്പാട്ട വ്യവസ്ഥകൾ ഏതെങ്കിലും അവസരത്തിൽ ഗവണ്മെൻറു ഭേദഗതി ചെയ്യുമ്പോൾ ഇടവക അൺസെറ്റിൽഡ് ലാൻഡ്സിനെ സംബന്ധിച്ചുള്ള വ്യവസ്ഥകളും ഉണ്ടാക്കുന്നതാണു്. അതുകൊണ്ടു് ഈ ബിൽ പാസാക്കുന്നതോടുകൂടി ഇടവക ഭൂമികളും പണ്ടാരവക ഭൂമികളും, ഒന്നുപോലെ ആയിത്തീരുന്നതാണു്. ഇടവ ഭൂമികളിൽ താമസിക്കുന്ന കുടിയാന്മാർ, ഇതുവരെ ഫ്യൂഡലിസത്തിൻറെ അടിമകളായി കഴിഞ്ഞുകൂടിയവർ ആയിരുന്നു എങ്കിലും ഇപ്പോൾ യാതൊരു പ്രീമിയവും കൊടുക്കാതെ, ഈ ബിൽ പാസ്സാക്കുന്നപക്ഷം, സ്വതന്ത്രന്മാരായിത്തീരുമെന്നു കാണാവുന്നതാണു്. അതോടൊപ്പം അവരുടെ സാമൂഹ്യസ്ഥിതിക്കുതന്നെ വ്യത്യാസം വരും. ഇപ്പോൾ അവർ കൊടുത്തുകൊണ്ടിരിക്കുന്ന ടാക്സിനെക്കാൾ കുറഞ്ഞ ടാക്സാണു് ബേസിക് ടാക്സു് എന്നുള്ളതു് എല്ലാവർക്കും അറിയാം. ആ നിലയിൽ നിയമനിർമ്മാണം നടത്തുമെന്നു ഇടവക ടെനൻറ്സിനു് വേദനം നടത്തുകയും പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുകയായിരുന്നു. അതിനെ സംബന്ധിച്ചു് എത്രയെത്ര ഡെപ്യൂട്ടേഷനാണു് ഗവണ്മെൻറിനും മറ്റു അധികൃതന്മാർക്കും ലഭിച്ചുകൊണ്ടിരുന്നതു് എന്നുള്ളതിനെപ്പറ്റിയും ഈ സഭയ്ക്കറിയാവുന്നതാണു്. അതുകൊണ്ടു് ഇടവക ടെനൻറ്സിനെ സംബന്ധിച്ചിടത്തോളം ഇതിനെക്കാൾ കായ്ക്ഷമമായിട്ടോ, ഫലകരമായിട്ടോ, ക്ഷേമകരമായിട്ടോ ഉള്ള വ്യവസ്ഥകളോടുകൂടിയ ഒരു ബിൽ ഉണ്ടാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. ജെ. ജാൺ]

സംശയമല്ല. ഇടവക കൂടിയാനവന്മാർ, സെറ്റിൽഡ് ലാൻഡ്സിനെ സംബന്ധിച്ചിടത്തോളം യാതൊരു തുകയും, ഗവണ്മെൻറിലേയ്ക്കു കൊടുക്കേണ്ടതില്ല. നേരെ മറിച്ച്, ഗവണ്മെൻറിനു പരിനേഴലക്ഷം രൂപ ബേസിക് ടാക്സ് എപ്പെട്ടുന്നതിൽ വച്ച് വരവുണ്ടാകുന്നുണ്ടെന്നും കാമ്പൻസേഷൻ ഇനത്തിൽ ആണ്ടിൽ അതുയും തുക കൊടുക്കേണ്ടതായി വരികയില്ലെന്നും മനസ്സിലാക്കേണ്ടതാണ്. അതുകൊണ്ട് ഈ ബില്ല് ഉടൻതന്നെ പാസ്സാക്കിത്തരണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച് ഇടവകകളിലെ മിക്കവാറും അംഗങ്ങൾ, എഗ്രിമെൻറിൽ ഒപ്പിട്ടിട്ടുണ്ട്. ചിലർ സ്ഥലത്തില്ലാത്തതുകൊണ്ട് അവരുടെ ഒപ്പുകൂടി ലഭിക്കുവാൻ ശ്രമിക്കുന്നതുണ്ട്.

ശ്രീ. എം. പി. മേനോൻ : അവരും ഗവണ്മെൻറുമായി ചെയ്തിട്ടുള്ള എഗ്രിമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : എഗ്രിമെൻറ പൂർത്തിയായിട്ടില്ല. കരേപ്പർ കൂടി എഗ്രിമെൻറിൽ ഒപ്പിടുവാനുണ്ട്. അതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് എഗ്രിമെൻറ് മേശപ്പുറത്തു വയ്ക്കാത്തത്. വേണമെങ്കിൽ എഗ്രിമെൻറ ഞാൻ വായിക്കാം. ഇടവക ചീഫ് കമ്മീഷണർ എല്ലാ വ്യവസ്ഥകളും സമ്മതിച്ചിട്ടുണ്ട്. ഈ ബില്ല് ഉടനെതന്നെ പാസ്സാക്കിത്തരണമെന്നുതന്നെ അപേക്ഷിക്കുന്നു.

ശ്രീ. എ. താണുപിള്ള : എതാണ്ടം തുകയും 20 കൊല്ലത്തേയ്ക്കു ഗവണ്മെൻറിന്റെ കയ്യിൽ നിന്നുത്തിയിരിക്കുകയാണെന്നു പറഞ്ഞല്ലോ. ഇടവകക്കാരുടെ ആവശ്യപ്രകാരമാണോ അങ്ങനെ ചെയ്യുന്നത് ?

ശ്രീ. എ. ജെ. ജാൺ : ഇടപ്പള്ളി ചീഫ് പറഞ്ഞതു്, ഈ തുക തൽക്കാലം ഗവണ്മെൻറിന്റെ കൈവശം ഇരുന്നാൽ മതി എന്നാണ്. അതുകൊണ്ട് ആ വ്യവസ്ഥ ചെയ്തിരിക്കുന്നു എന്നേയുള്ളു.

ശ്രീ. എ. താണുപിള്ള : ഇടവക സംബന്ധിച്ചുള്ള ദേവസ്വങ്ങളും ഗവണ്മെൻറ് ഏറ്റെടുക്കുന്നതാണോ ?

ശ്രീ. എ. ജെ. ജോൺ : ഏറ്റെടുത്തിട്ടില്ല. രണ്ടുലക്ഷത്തിഇരുപത്തിരായിരം രൂപ ഇടപ്പള്ളി ദേവസ്വം എൻഡോമെൻറായി നീക്കിവച്ചിരിക്കുന്നു. അതു ഗവണ്മെൻറിന്റെ പക്കൽ നിന്നുത്തിയിരിക്കുന്നു എന്നേയുള്ളു. അതു് ടോട്ടൽ കാമ്പൻസേഷനിൽക്കൂടി ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇപ്പോൾ പലിശമാത്രം തീർത്താൽ മതിയാകും.

ശ്രീ. എ. കുഞ്ഞൻനാടാർ : സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ഇടവക അബോളിഷ് ചെയ്യുന്നതിനു വേറെ ഒരു ബി ഈ നിയമസഭയുടെ മുമ്പിലുണ്ട്. സ്പെഷ്യൽ റൈറ്റ്സ് ആൻ ലാൻഡ് അബോളിഷൻ ബിൽ നിലവിലിരിക്കെ, വേറൊരു ബിൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുകയാണ്. സ്പെഷ്യൽ റൈറ്റ്സ് അബോളിഷൻ ബില്ലിൽ ഇടവക കൂടാതെ, മണിയങ്കരം, ശ്രീപാദം തുടങ്ങിയ വസ്തുക്കളെ സംബന്ധിച്ചുള്ള വ്യവസ്ഥകളും കൂടിയുണ്ട്. മണിയങ്കരത്തെ സംബന്ധിച്ചു മഹാരാജാവിന്റെ പ്രതിനിധിയും, ഗവണ്മെൻറിന്റെ പ്രതിനിധിയും, മണിയങ്കരം കർഷകന്മാരുടെ പ്രതിനിധിയും കൂടി, ഒരു ഫൈലവൽ കാൺഫറൻസ്

LIBRARY ARCHIVES Kerala Legislative Assembly

നടത്തി ഇന്നയിന്ന തരത്തിൽ മണിയങ്കരം അബോളിഷ് ചെയ്യണമെന്നു റിപ്പോർട്ട് ചെയ്യിട്ടുണ്ട്. അതു് അബോളിഷ് ചെയ്യുന്നതു ഗവണ്മെൻറ് പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ഈ ബില്ല് കൊണ്ടുവന്നിരിക്കുന്നതു്, മണിയങ്കരം കൂടാതെയുള്ള നാഞ്ചിനാടു് പ്രദേശം തമിഴ്നാട്ടിലേയ്ക്കു പോകുന്നതുകൊണ്ടു്, മണിയങ്കരം അബോളിഷ് ചെയ്യാതിരിക്കുവാൻ വേണ്ടിയാണെന്നു് കർഷകരുടെ ഇടയിൽ ഒരഭിപ്രായമുണ്ടു്. എന്തായാലും ഇടവക ബിൽ അവതരിപ്പിച്ചതിൽ ഞങ്ങൾക്കു് വളരെ സന്തോഷമുണ്ടു്.

മി. സ്പീക്കർ : പാമിൻറ് ആഫ് ആർഡർ എന്താണെന്നു പറയണം.

ശ്രീ. എ. കുഞ്ഞൻ നാടാർ : അതുകൊണ്ടു് ഈ ബിൽ ഇപ്പോൾ ഇവിടെ അവതരിപ്പിച്ചതു് ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : മുമ്പു അവതരിപ്പിച്ച ബില്ലും ഈ ബില്ലും രണ്ടാണു്.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഇതിനു മുമ്പു് അവതരിപ്പിച്ച ബില്ല് വിത്ഡ്രാ ചെയ്തിട്ടില്ല.

മി. സ്പീക്കർ : ആ ബില്ലും ഈ ബില്ലുമായിട്ടു കാൺഫ്ലിക്റ്റുണ്ടാകേണ്ട കാര്യമില്ല.

ശ്രീ. പി. നാരായണൻ പോറ്റി : ഈ ബില്ലിൽ പറയുന്ന ദേവസ്വം എൻഡോമെൻറ് ദേവസ്വം ബോർഡിലേയ്ക്കാണോ കൊടുക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ : അതു് ഇടവകക്കാർ ആലോചിക്കേണ്ടതാണു്. ഇടവക്കാർക്കു് ഇഷ്ടമുണ്ടെങ്കിൽ ദേവസ്വം ബോർഡിലേയ്ക്കു കൊടുക്കാം.

ശ്രീ. പി. നാരായണൻ പോറ്റി : അങ്ങനെ ചെയ്യണമെന്നു് ബില്ലിൽ പറയുന്നില്ലല്ലോ.

ശ്രീ. എ. ജെ. ജാൺ : അതിനുള്ള ഉത്തരവാദിത്വം ഗവണ്മെൻറിനില്ല. ഗവണ്മെൻറിനു അതിൽ യാതൊന്നും ചെയ്യാനുമില്ല.

ശ്രീ. എ. താണുപിള്ള : ശ്രീപാദം വസ്തുക്കളെ സംബന്ധിച്ചുള്ള നിലയെന്താണു്?

ശ്രീ. എ. ജെ. ജാൺ : ശ്രീപാദം വസ്തുക്കളെ സംബന്ധിച്ചുള്ള ആലോചന ഏകദേശം പൂർത്തിയായിരിക്കുകയാണു്. അവസാനമായ തീരുമാനം ഏതാണ്ടു് ദിവസങ്ങൾക്കുള്ളിൽത്തന്നെ ഉണ്ടാകും.

ശ്രീ. എ. താണുപിള്ള : ശ്രീപണ്ടാരവക വസ്തുക്കളെ സംബന്ധിച്ചോ?

ശ്രീ. എ. ജെ. ജാൺ : അതിനെ സംബന്ധിച്ചുള്ള ആലോചന പൂർത്തിയാക്കിയിട്ടില്ല. ശ്രീ. കുഞ്ഞൻനാടാർ പറഞ്ഞതുപോലെ സ്പെഷ്യൽ റൈറ്റ്സ് ആൻ ലാൻഡ് അബോളിഷൻ ബില്ലിൽ ഇടവക, ശ്രീപാദം, ശ്രീപണ്ടാരം, ഇങ്ങനെ മൂന്നു തരത്തിലുള്ള വസ്തുക്കളെ സംബന്ധിച്ചുള്ള ഭാഗങ്ങൾ ഉൾപ്പെടുത്തിയിരുന്നു. എങ്കിലും, ഇടവക സംബന്ധിച്ചുള്ളതു മാത്രമേ ഇപ്പോൾ ആലോചനയ്ക്കു് എടുക്കുന്നുള്ളൂ. മറ്റു രണ്ടു ഭാഗങ്ങൾ അബോളിഷൻ ബില്ലിൽപ്പെടുന്ന കാര്യങ്ങളാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഇടവകയിലെ ദേവസ്വങ്ങൾക്ക ഇത്ര തുക കൊടുക്കണമെന്ന നിശ്ചയിച്ചിരിക്കുന്ന എൻഡോമെൻറാണല്ലോ ഇതു്. ഈ തുക അതിൻെറ ബെനിഫിഷ്യറിസിനു കിട്ടുമെന്നല്ലേ ഉദ്ദേശം ?

Is it not leaving out one side and giving the other legislative sanction to fix the amount?

ശ്രീ. എ. ജെ. ജാൺ : ദേവസ്വം എന്നു പറയുന്നതിൽ ദേവന്മാരെയും ഉൾപ്പെടുത്താമെന്നാണോ പറയുന്നതു്?

SHRI P. S. NATARAJA PILLAI: No idol in the temple, as it is, can exercise any right. It is the beneficiaries that exercise the rights and enjoy the benefits.

ശ്രീ. എ. ജെ. ജാൺ : ഇടവകയിൽ ഇപ്പോഴുള്ള അംഗങ്ങൾതന്നെയാണു് ദേവസ്വങ്ങൾ നടത്തുന്നതു്. ഇപ്പോൾ അതുസംബന്ധിച്ചു് അവർക്കുള്ള സ്ഥാനം തന്നെ മേലും ഉണ്ടായിരിക്കും. ബെനഫിഷറീസിനു വേണ്ടി, എന്തെങ്കിലും ചെയ്യണമെന്നുണ്ടെങ്കിൽ, അതു് ഇടവകയുമായി ആലോചിച്ചു ചെയ്യേണ്ടതാണു്.

SHRI P. S. NATARAJA PILLAI: Is it the view that these temples are the private temples of these Edavagais and not Trust properties? I am referring to the case of Vanjipuzha Matom.

ശ്രീ. എ. ജെ. ജാൺ : അവരെല്ലാം ഉടമാളന്മാരാണു്. അവ സംബന്ധിച്ചു് ട്രാവൻകൂർ ബില്ലിൽ ചെയ്തിട്ടില്ല. ഇപ്പോൾ അവർക്കുള്ള അധികാരങ്ങളൊക്കെ മേലും ഉണ്ടായിരിക്കുന്നതാണു്.

SHRI P. S. NATARAJA PILLAI: Are there not properties under this Edavagai which are shown in the land records that they are the properties of the temple?

ശ്രീ. എ. ജെ. ജാൺ : അതിനാണല്ലോ കാമ്പൻസേഷൻ കൊടുക്കുന്നതു്. അവകാശമില്ലാത്ത അവകാശത്തിൻെറ പേരിലാണു് ഈ തുക വച്ചിരിക്കുന്നതു്.

SHRI P. S. NATARAJA PILLAI: If that be the case, can the amount be fixed by the Edavagas themselves and can that be given legislative sanction? Should not the temple or the representatives of the temple or the beneficiaries thereof be consulted?

ശ്രീ എ. ജെ. ജാൺ : ഇന്നയിന്ന വിധത്തിൽ വേണം ഇതിനെപ്പറ്റിയുള്ള വ്യവസ്ഥകൾ ചെയ്യുവാനെന്നു് ഈ സഭയ്ക്കു് തീരുമാനിക്കുവാനുള്ള അവകാശമുണ്ടു്. ഈ സഭ ചെയ്യുന്ന തീരുമാനം എല്ലാവരേയും ബന്ധിക്കുന്നതുമാണു്.

ശ്രീ. എൻ. നാരായണക്കുറുപ്പു് : സർവണ്മെൻറു് ഇടവ ഭൂമികൾ ഏടുക്കുമ്പോൾ ഇപ്പോൾ ആ ഭൂമികളിലെ കരം പിരിക്കുന്നതായ പാവ്ത്യകാരന്മാർ, ശിപായിമാർ മുതലായവരെക്കൂടി ഗവണ്മെൻറു് സർവ്വീസിൽ പ്രവേശിപ്പിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ : ഈ കാരണത്താൽ അവരെ എല്ലാവരേയും ഉടൻ പിരിച്ചുവിടണമെന്നു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നില്ല. ഗവണ്മെൻറ് ഇടവക സ്കൂളുകൾ ഏറ്റെടുക്കുമ്പോൾ കുറെ പിരിക്കുന്നതിനും മറ്റും വല്ലതും ആഫീസർമാരെ നിയമിക്കേണ്ടിവരുന്നതാണു്. ആ അവസരത്തിൽ ഇവരുടെ കാര്യം പരിഗണിക്കാതെ പോകുമെന്നില്ലല്ലോ.

ശ്രീ. എൻ. നാരായണക്കുറുപ്പ് : ദീർഘകാലമായി ഇടവകകളിൽ ഈ വക ജോലി ചെയ്തുകൊണ്ടിരിക്കുന്ന ധാരാളം ആളുകൾ ഉണ്ടു്. 55 വയസ്സു കഴിഞ്ഞുപോയി എന്ന കാരണത്താൽ അവരെ അവഗണിക്കുകയോ മറ്റോ ചെയ്യുമോ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. എ. ജെ. ജാൺ : നിവൃത്തിയുള്ളിടത്തോളം ഇടവക ഉദ്യോഗസ്ഥന്മാരെ ഗവണ്മെൻറ് സർവ്വീസിൽ പ്രവേശിപ്പിക്കാം എന്നു മാത്രമേ ഇപ്പോൾ പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : സർ, ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നതോടൊപ്പം ഈ ബിൽ സെലക്ററ്കമ്മിററിക്കു ഉടനെതന്നെ അയയ്ക്കണമെന്നും ശുപാർശ ചെയ്യുകയാണു്. ബഹുമാനപ്പെട്ട മന്ത്രി ബിൽ അവതരിപ്പിച്ചുകൊണ്ടു് ചെയ്ത പ്രസംഗത്തിൽ ബില്ലിന്റെ ഗുണഗണങ്ങളെപ്പററി പ്രസ്താവിച്ചിട്ടുള്ള മിക്ക അഭിപ്രായങ്ങളോടും ഞാൻ യോജിക്കുകയാണു് ചെയ്യുന്നതു്. വിശേഷിച്ചും, ഇടവകക്കാർക്കു് പ്രയോജനം കൊടുക്കുന്നതു എട്ടും മൂന്നിൽ ഒന്നും എന്ന നിജപ്പെടുത്തുകയും അങ്ങനെയുള്ള തുക ഉടൻതന്നെ കൊടുക്കാതെ ഇരുപതുകൊല്ലം കൊണ്ടു് കൊടുത്തുതീർക്കുകയും എന്നാൽ ഭൂമി അവരിൽനിന്നും എടുക്കുന്ന തീയതിമുതൽ ഗവണ്മെൻറിന്റെ കൈവശത്തായിത്തീരുമെന്നു വ്യവസ്ഥ ചെയ്തിട്ടുള്ളതും നോക്കുകയാണെങ്കിൽ ഈ ബിൽ അനുമോദനാർഹമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഇത്തരത്തിലുള്ള ഒരു നിയമം കൊണ്ടുവരാനുള്ള സാഹചര്യം സൃഷ്ടിച്ച ഗവണ്മെൻറിനു അനുമോദനം നൽകുന്നതിനുവേണ്ടി എനിക്കു വളരെ സന്തോഷമുണ്ടു്. പക്ഷേ, ശ്രീ. കുഞ്ഞൻനാടാർ ഒരു പായിൻറ് ആഫ് ആർഡർ എന്നുള്ള നിലയിൽ സഭയിൽ പ്രസ്താവിച്ച ഒരു കാര്യം ഇന്നും അവശേഷിക്കുകയാണു് ചെയ്യുന്നതു്. അതായതു ശ്രീപദ്മം, ശ്രീപണ്ടാരവക, ഇടവക ഈ ബില്ലുകളെ സംബന്ധിച്ചാണു്. ഇങ്ങനെയുള്ള ബില്ലുകൾ ഒരു സെലക്ററ്കമ്മിററിക്കു അയയ്ക്കുകയും ഒരൊററ ദിവസമെങ്കിലും ഇവയെപ്പററി സെലക്ററ്കമ്മിററി ചർച്ചാവിഷയം ആകാതിരിക്കയും ചെയ്തിരിക്കെ, ഈ ഒരിനം ഭൂമിയെ സംബന്ധിച്ചു്, അതായതു ഇടവക ഭൂമിയെസംബന്ധിച്ചു മാത്രം നിയമനിർമ്മാണം ചെയ്യുവാൻ ഒരു ബിൽ അവതരിപ്പിച്ചിരിക്കുന്നതു് എന്തടിസ്ഥാനത്തിലാണെന്നു എനിക്കു മനസ്സിലാകുന്നില്ല. എന്നു പറഞ്ഞതുകൊണ്ടു് അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നില്ല എന്നു വിചാരിക്കണ്ട. ഞാൻ പറയുന്നതു ഈ മൂന്നു ഭൂമികളെയും സംബന്ധിച്ചു് ഒരു നിയമനിർമ്മാണം ചെയ്യുന്നതിനു പകരം വേർതിരിച്ചു് ഇടവക ഭൂമിക്കുമാത്രം ഒരു ബിൽ കൊണ്ടുവരാൻ ഗവണ്മെൻറിനെ പ്രേരിപ്പിച്ച പ്രത്യേക കാരണം എന്താണെന്നു വിശദമാക്കിയാൽ കൊള്ളാം.

എന്റെ സ്നേഹിതൻ മി. കുഞ്ഞൻനാടാർ, പായിൻറ് ആഫ് ആർഡർ എന്ന നിലയിൽ ഉന്നയിച്ച പ്രശ്നം വളരെയധികം പ്രസക്തിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി]

താണ്. അങ്ങനെയിരിക്കെ ശ്രീപണ്ടാരവകയായിട്ടും മണിയൻകരം വകയായിട്ടും മറ്റും ഉള്ള പ്രത്യേക ബാദ്ധ്യതകളും കർഷകരെ സംബന്ധിച്ചിടത്തോളം ഇല്ലാതാക്കിത്തീർക്കാനുള്ള ഒരു നിയമനിർമ്മാണം ഇപ്പോൾ ചെയ്യുന്നില്ല എന്നാണെങ്കിൽ തെക്കൻതിരുവിതാംകൂറിലുള്ള കർഷകരെയും കുടിയാന്മാരെയും സംബന്ധിച്ചിടത്തോളം ഗവണ്മെൻറ പ്രത്യേക തരത്തിലുള്ള ഒരു പരിഗണനയാണ ഇപ്പോൾ നൽകുന്നത എന്നാണെങ്കിൽ അതിൽ അവർക്ക അത്ഭുതത്തിന എന്തവകാശം? അതുകൊണ്ടെനിക്ക പറയാനുള്ളത ശ്രീപാദം, ശ്രീപണ്ടാരവക ഈ ഭൂമികളെസംബന്ധിച്ചിടത്തോളംകൂടി നിയമനിർമ്മാണം ചെയ്യാനുള്ള അധികാരം ഇപ്പോൾതന്നെ സെലക്ററ് കമ്മിറ്റിക്ക് കൊടുക്കുന്നതായാൽ തമിഴ് നാട്ടിലുള്ള പൊതുജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കും എന്നാണ്. സർ, മാത്രമല്ല ഇടവകകളെ സംബന്ധിച്ചിടത്തോളവും ഇങ്ങനെയൊരു ബിൽ പാസ്സാക്കുകയാണെങ്കിൽ ഇത്തരത്തിലുള്ള വസ്തുക്കൾ അനുഭവിക്കുന്ന കർഷകർ വിവിധ സ്വഭാവത്തിലുള്ള വസ്തുക്കൾ അനുഭവിക്കുന്നവരായിട്ട മാറിപ്പോകും. എന്തെന്നാൽ, ഇടവക സ്വത്തുക്കൾ കൈവശംവച്ചനുഭവിക്കുന്നവർക്ക് അടിസ്ഥാന നികുതിമാത്രം കൊടുത്താൽമതിയെന്നും അതോടൊപ്പം മറ്റ വസ്തുക്കൾ അനുഭവിക്കുന്നവർ അടിസ്ഥാനനികുതി മാത്രം കൊടുത്താൽ പോരാ എന്നാണെങ്കിൽ അതു അവരുടെ ഇടയിൽ അസ്വസ്ഥതയുണ്ടാക്കുന്നതിനും അസംതൃപ്തിക്കും കാരണമാകുമെന്ന് തീർത്തുപറയുന്നതാണ്. ഇടവക ഭൂമികളെ സംബന്ധിച്ചിടത്തോളവും ഗവണ്മെൻറ ഇടവക ചീഫുകളുമായിട്ടുള്ള ആലോചനയുടെ ഫലമായി എട്ടും മൂന്നിൽ ഒന്ന് നഷ്ടപരിഹാരം കൊടുത്താൽ മതിയെന്ന അവർ സമ്മതിച്ചിട്ടുണ്ടെങ്കിൽ സറണ്ടർ ചെയ്യാൻ സന്നദ്ധമാണ്. എന്നാൽ എനിക്ക മറ്റൊരുതരം വസ്തുക്കളെക്കൂടി ഇതിനിടയിൽ ചൂണ്ടിക്കാണിക്കാനുണ്ട്. അതായത് ശ്രീപത്മനാഭന്റെ വസ്തുക്കളാണ്. ശ്രീപത്മനാഭന്റെ വസ്തുക്കൾ സറണ്ടർ ചെയ്യുന്നതിനെപ്പറ്റി എങ്ങനെയാണെന്നുള്ളത എനിക്കറിഞ്ഞുകൂടാ. അതു നിർവഹിക്കേണ്ടത ശ്രീപത്മനാഭദാസൻതന്നെയാണ്. എന്നിരുന്നാലും ആവക ഭൂമികളെക്കൂടി ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്താനുള്ള അധികാരം സെലക്ററ് കമ്മിറ്റിക്ക കൊടുക്കണമെന്നാണ എന്റെ അഭിപ്രായം.

ഇതുകൂടാതെ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബില്ലിനകത്തു എടുത്തുപറയാനുള്ളതായ ഒരു കാര്യംകൂടിയുണ്ട്. 1121-ൽ ആണ് അടിസ്ഥാനനികുതി ഈ രാജ്യത്തു നടപ്പിൽ വന്നത്. ആ കാലം മുതൽക്കുതന്നെ രാജ്യവാസികളെല്ലാം അടിസ്ഥാനനികുതി പ്രതീക്ഷിച്ചിരുന്നതാണ്. എന്നാൽ എല്ലാ വിഭാഗങ്ങളിൽപ്പെട്ട അനുഭവക്കാർക്കും അടിസ്ഥാനനികുതിയുടെ മേന്മ അനുഭവപ്പെടാൻ സാധിച്ചിട്ടില്ല. വിശേഷിച്ചും മറ്റുള്ളവർക്ക കൊടുത്ത സ്ഥിതിക്ക ഇടവകഭൂമി അനുഭവിച്ചുകൊണ്ടിരിക്കുന്ന കർഷകർക്കും അടിസ്ഥാനനികുതി ഇപ്പോൾ കിട്ടും, ഇപ്പോൾ കിട്ടും എന്ന് നിമിഷങ്ങൾ നീക്കിക്കൊണ്ടിരിക്കയായിരുന്നു. അടിസ്ഥാനനികുതി രാജ്യത്തു നടപ്പിലാക്കിയ ദിവസം മുതൽ ഈ കൂട്ടരും നിയമപ്രകാരം അടിസ്ഥാനനികുതിക്ക് വിധേയരാണ്. അങ്ങനെ അവർക്കുകൂടി ഈ അവകാശം ഉണ്ടായിരിക്കുന്നതാണ് എന്നുള്ള ധാർമ്മികമായ മനോഗതിയുടെ അടിസ്ഥാനത്തിൽ കരകൂടിശ്ലിക്കയായി വല്ല തുകയും, ഈ

LIBRARY ARCHIVES Kerala Legislative Assembly

ബിൽ അനുസരിച്ച് വസ്തുക്കൾ ഗവണ്മെന്റ് കൈവശപ്പെടുത്തുമ്പോൾ, ഉണ്ടായിരുന്നാൽ അവയെ ഇളവുചെയ്തുകൊടുക്കണമെന്നുകൂടി എനിക്കൊരപേക്ഷയുണ്ട്. ഇത്രയുമേ ഞാൻ ഈ അവസരത്തിൽ സംസാരിക്കുന്നുള്ളൂ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ശ്രീപാദം വസ്തുക്കൾ, ശ്രീപണ്ടാരവക വസ്തുക്കൾ, മണിയംകരം എന്നിവകളെ സംബന്ധിച്ച് ശ്രീ. ശങ്കരനാരായണൻതമ്പി ചില അഭിപ്രായഭേദങ്ങൾ ഇവിടെ ഉന്നയിച്ചിട്ടുകൊണ്ട്, അവയെപ്പറ്റി രണ്ടുവാക്കു പറയുന്നതു ഈ അവസരത്തിൽ അനുചിതമല്ലെന്നാണു വിചാരിക്കുന്നതു്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബിൽ ഇടവകഭൂമികളെമാത്രം ഉദ്ദേശിച്ചുകൊണ്ടു് നിയമനിർമ്മാണം ചെയ്യുന്നതിനുള്ളതാണു്. ഇപ്പോൾ സെലക്ട് കമ്മിറ്റിക്കു റഫർ ചെയ്തിരിക്കുന്ന ബില്ലുകൾ ഭൂമിയിലുള്ള പ്രത്യേക അവകാശം എടുത്തുകളയണം എന്നുള്ളതു സംബന്ധിച്ചാണു്. അങ്ങനെയുള്ള ശ്രീപാദം, ശ്രീപണ്ടാരവക, മണിയംകരം മുതലായ ബില്ലുകളിൽ ഉൾക്കൊണ്ടിട്ടുള്ള തത്വങ്ങളോടു് ഈ ബില്ലിനെ പരിഗണിക്കാൻ നിവൃത്തിയില്ല. സർ, 1068-ൽ തിരുവിതാംകൂറിൽ ഇടവക ഭൂമികളെ സംബന്ധിച്ചു് അതായതു്, ഇടപ്പള്ളിസ്വരൂപം, കിളിമാനൂർ, ഈ വക ഭൂമികളെ സംബന്ധിച്ചു് ഒരു നിയമം നടപ്പിൽ വരുത്തിയിട്ടുണ്ടു്. 1108-ൽ ആ നിയമത്തിന്റെ പ്രധാനപ്പെട്ട പല ഭാഗങ്ങളും വഞ്ചിപ്പുഴയും, പൂഞ്ഞാറും ഇടവകകൾക്കു് ബാധകമാക്കിക്കൊണ്ടു് മറ്റൊരു നിയമവും ഉണ്ടായിട്ടുണ്ടു്, അങ്ങിനെ തിരുവിതാംകൂറിലെ ഇടവക ഭൂമികൾ ഇങ്ങനെയുള്ള നാലെണ്ണം ആണെന്നു തെളിഞ്ഞുകഴിഞ്ഞു. സർക്കാരിനു കരം ഇടാക്കാൻ നിവൃത്തിയില്ലാതെ ഒരു വലിയ ഭൂവിഭാഗം അനുഭവിച്ചുകൊണ്ടിരിക്കുന്നവരിൽ നിന്നും നിലവിലുള്ള അടിസ്ഥാന നികുതിയനുസരിച്ചു് കരം ഇടാക്കാനുള്ള ഒരു നിയമനിർമ്മാണമാണു് ഇതു്. ഈ നാലിനം ഭൂമികളും കൈവശം വച്ചിരിക്കുന്നവരെ മാത്രമേ ഈ ബിൽ ബാധിക്കയുള്ളൂ. ഈ ബിൽ ഇപ്പോൾതന്നെ പാസ്സാക്കുകയാണെങ്കിൽ ഉടനെതന്നെ അതിന്റെ ഫലം നടപ്പിൽ വരുന്നതാണു്. മാത്രമല്ല, ഭൂമി മുഴുവൻ സർക്കാരിന്റെ കൈവശമാകുകയും ചെയ്യും. എന്നു വിചാരിച്ചു്, ശ്രീപാദം, ശ്രീപണ്ടാരം തുടങ്ങിയ വസ്തുക്കളുടെ കാര്യം ഗവണ്മെന്റ് ഉപേക്ഷിച്ചിട്ടില്ല. ഇപ്പോൾ സെലക്ട് കമ്മിറ്റിയിൽ ഇരിക്കുന്ന ഇങ്ങനെയുള്ള ഭൂമികൾക്കു പതിനാറും മുന്നിൽ രണ്ടും നഷ്ടപരിഹാരം കൊടുത്തു സർക്കാരിലേയ്ക്കു എടുക്കാനാണു് നിശ്ചയിച്ചിട്ടുള്ളതു്. എന്നാൽ ശ്രീപാദം ഭൂമിയെ സംബന്ധിച്ചിടത്തോളം മറ്റൊരു സമീപനരീതിയിൽ ഒരു നിയമനിർമ്മാണം കൂടാതെതന്നെ നടത്താമെന്നാണു് ഉദ്ദേശിച്ചിരിക്കുന്നതു്. അതായതു്, നഷ്ടപരിഹാരമായി എട്ടും മൂന്നിലൊന്നു് എന്നുള്ള വ്യവസ്ഥപോലും പ്രയോഗിക്കാതെ അതിന്റെ ഉടമസ്ഥന്മാരായ രാജകുടുംബാംഗങ്ങളുമായി ആലോചന നടത്തിയശേഷം മറ്റൊരു വിധത്തിൽ എടുക്കാമെന്നാണു് വിചാരിക്കുന്നതു്. ശ്രീപാദം വസ്തുക്കളെ സംബന്ധിച്ചും അവയ്ക്കുടിയാന്മാരെ സംബന്ധിച്ചും വളരെ സൗജന്യപൂർവമായ ഒരു നയം സ്വീകരിക്കണമെന്നാണു് ഗവണ്മെന്റ് ഉദ്ദേശിക്കുന്നതു്. അതുകൊണ്ടു് ബഹു: മാവേലിക്കര മെമ്പറിനോടു എനിക്കു പറയുവാനുള്ളതു്, വളരെ വേഗം നിയമമാക്കാൻ സാധിക്കാവുന്ന ഈ ബിൽ കൂടുതൽ സങ്കീർണ്ണമാക്കാൻ ശ്രമിക്കരുതെന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എസ്സ്. രാമസ്വാമി: ശ്രീപണ്ടാരവക ഭൂമിയേയും ശ്രീപാദംവക ഭൂമിയേയുംകുറിച്ച് ഏതു രീതിയിലാണ് നിയമമുണ്ടാക്കാൻ പോകുന്നതു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു തീരുമാനിച്ചിട്ടില്ല. ഇതിൽ പറയുന്നതു് നാല് ക്ലാസിഫിക്കേഷൻ ഉള്ളതിനെക്കുറിച്ചാണ്. ഒന്നാമതായി ഇതു് ഇടവകകൾ അപ്പയർ ചെയ്യേണ്ടതിനെ സംബന്ധിച്ചുള്ളതാണ്. അതിനു് കാൺസ്റ്റിറ്റ്യൂഷൻ അനുസരിച്ചു് കമ്പൻസേഷൻ കൊടുക്കണം. അതിനു എട്ടും മൂന്നിലൊന്നും നിശ്ചയിച്ചു. എക്സസ്സു് കമ്പൻസേഷനാണെങ്കിൽ അതും ഒന്നര ഇരട്ടയായി നിശ്ചയിച്ചു. ഇതു് സെറിൽഡു് ആയിട്ടുള്ള ഇടവകളെ സംബന്ധിച്ചാണ്. തിരുവിതാംകൂറിന്റെ ചരിത്രത്തിൽ ഇതുവരെ സർക്കാരിനു കരം വാങ്ങുവാൻ അവകാശമില്ലാതെ, കൈവശമുള്ള ഭൂമിക്കു് സർക്കാരിലേക്കു കരംകൊടുക്കുവാൻ ചുമതലയില്ലാതിരുന്ന, ഒരു സമ്പ്രദായത്തിനു മാറ്റംവരുത്തി റാഷണൽ ബേസിസിൽ ഗവണ്മെന്റു് എടുക്കുമെന്നുള്ളതാണ് ഗവണ്മെന്റു് വിചാരിക്കുന്നതു്. എന്നാൽ മി: തമ്പി പറഞ്ഞമാതിരി ശ്രീപണ്ടാരവകയും ശ്രീപാദവും ഉപേക്ഷിക്കുമെന്നല്ല. സെലക്ടു് കമ്മിറ്റി കൂടുന്നതിനുമുമ്പു തന്നെ ഇതിനെ സംബന്ധിച്ചുള്ള വികല്പങ്ങൾ പൂർത്തിയാക്കാൻ സാധിക്കുമെന്നാണു് കരുതുന്നതു്.

ശ്രീ. കെ. എം. ചാണ്ടി: സർ, ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുകയാണ്. ഈ ബില്ലു് ഈ രൂപത്തിൽ അവതരിപ്പിച്ചതിനു ഇന്നത്തെ സാഹചര്യത്തിൽ ഗവണ്മെന്റു് പ്രത്യേകമായ അഭിനന്ദനം അർഹിക്കുന്നു എന്നു് എനിക്കഭിപ്രായമുണ്ടു്. ശ്രീമാൻ തമ്പിയുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. ഈ നാലു് ഇടവകകളെ സംബന്ധിച്ചുള്ള കാര്യമാണു് ശ്രീമാൻ ഗോവിന്ദമേനോൻ പറഞ്ഞ മാതിരി നമ്മുടെ മുമ്പിലുള്ളതു്. ബാക്കു് കായ്ങ്ങളെ സംബന്ധിച്ചു ഗവണ്മെന്റു് ആലോചിച്ചുകൊണ്ടിരിക്കയാണു്. ഈ രൂപത്തിലുള്ള സമീപനം നടത്തുകയാണെങ്കിൽ കൂടിയാലോചിക്കുവാൻ പ്രയോജനകരമായ ഒരു തീരുമാനത്തിൽ എത്തിച്ചേരുവാൻ സാധിക്കുമെന്നു ന്യായമായി പ്രതീക്ഷിക്കാവുന്നതാണു്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഈ ഗവണ്മെന്റു് ഈ ബില്ലു് ഇപ്പോൾ ഇവിടെ അവതരിപ്പിച്ചതിൽ പ്രത്യേകമായി അഭിനന്ദനമർഹിക്കുന്നു. സ്പെഷ്യൽ റൈറ്റ്സു് അക്വിസിഷൻ ബില്ലു് ഇവിടെ ആദ്യം അവതരിപ്പിച്ചപ്പോൾ ഇടവകകളുടെ അവകാശം രാഷ്ട്രീയാവകാശമാണെന്നും അവക്കു് അതിനു് നിശ്ചയിച്ചിരുന്ന പ്രതിഫലം കുറവു ചെയ്യേണ്ടതാണെന്നും ഈ ഭാഗത്തുനിന്നു ഞങ്ങൾ വിമർശിക്കയുണ്ടായി. അന്നു് ഈ വിമർശനത്തിന്റെ ആത്മാർത്ഥതയെ റിപ്രസന്റു് പക്ഷത്തുള്ള മെമ്പറന്മാർ ചോദ്യം ചോദിക്കുകയുണ്ടായി. ആദായത്തിന്റെ പതിനേഴു് ഇരട്ടി ഇടപ്രഭുക്കന്മാർക്കു കൊടുക്കാനും അതു 17 കൊല്ലം കൊണ്ടു് കൂടിയാനവന്മാരിൽനിന്നും ഈടാക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്ന ആ ബില്ലിനെപ്പറ്റി ഞങ്ങൾ വിമർശിച്ചു. അവരുടെ അവകാശം രിക്ഷിച്ചും രാഷ്ട്രീയമാണെന്നും അതു കൊടുക്കേണ്ടതില്ലെന്നും ഞങ്ങൾ പറഞ്ഞു. അതിനെ തുടർന്നു ഞങ്ങൾ അധികാരത്തിൽ വന്നു. അന്നു ഞങ്ങൾ ചെയ്തിരുന്ന വിമർശനത്തിന്റെ ആത്മാർത്ഥതയെപ്പറ്റി ചോദ്യം ചെയ്തിരുന്ന ആളുകൾക്കു് ഇന്നു കാൺഗ്രസ്സു് ഗവണ്മെന്റുഭാഗത്തുനിന്നും അവത

രിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെപ്പറ്റി എന്താണ പറയാനുള്ളതു് എന്നാണ ഞാൻ ചോദിക്കുന്നതു്? 17 ഇരട്ടി എന്ന പ്രതിഫലം നിശ്ചയിച്ചതു സെലക്ഠ് കമ്മിറ്റിയിലെ ആലോചനയിലിരിക്കുമ്പോഴാണു്.

ഈ നാടുവാഴികളായ ഇടപ്രഭുക്കന്മാക്ക എട്ടും മൂന്നിലൊന്നു പ്രതിഫലം കൊടുത്തുകൊണ്ടു് അവരുടെ അവകാശം വാങ്ങണമെന്നു നിശ്ചയിച്ചിട്ടുള്ളതും അതിനു് അവരെക്കൊണ്ടു് സമ്മതിപ്പിച്ചിട്ടുള്ളതും. പതിനേഴ് ഇരട്ടി പ്രതിഫലം കൊടുക്കാനായിട്ടു് നിയമസഭയുടെ മുമ്പിൽ നിയമം ചർച്ചയിലിരുന്നപ്പോഴാണു് അതിന്റെ പകുതി വാങ്ങിക്കൊണ്ടു് ആ അവകാശം ഒഴിയാമെന്നു് ആ നാടുവാഴികളും സമ്മതിച്ചതു്, എന്തിനാണ പതിനേഴ് ഇരട്ടി പ്രതിഫലം അവക്കു കൊടുക്കുകയും അതു കുടിയാന്മാരിൽ നിന്നു ഈടാക്കണമെന്നു തീരുമാനിക്കുകയും ചെയ്യുന്നതെന്നു ഞാൻ ചോദിക്കുന്നു. അന്നു ഞങ്ങളും ഇതിനു സമ്മതിച്ചതു പതിനേഴ് ഇരട്ടി പ്രതിഫലം കൊടുക്കാമെന്നും അതു കുടിയാന്മാരിൽനിന്നും ഈടാക്കാമെന്നും ഉള്ളതിനെ അനുകൂലിച്ചുല്ല. എന്നാൽ പ്രത്യേകാവകാശം ഇല്ലാതാക്കുന്നതിനു് വേണ്ടിയുള്ള ഒരു പൊതുതത്വത്തെ മാത്രം അനുകൂലിക്കുകയാണു് ചെയ്തിട്ടുള്ളതു്. ഇപ്രകാരം ഈ ഗവണ്മെന്റു് ആ ഇടപ്രഭുക്കന്മാരെ സമീപിച്ചു് സമ്മതിപ്പിച്ചതിനു് ശ്രീ. ജാണിന്റെ നിയോജകമണ്ഡലമായ പൂഞ്ഞാറുള്ള സാധാരണ ജനങ്ങൾ ശ്രീ. ജാണിനെ അഭിനന്ദിക്കുകയാണു്. ഇങ്ങനെ ഒരു ബില്ലു് ഇവിടെ കൊണ്ടുവന്നതിൽ മന്ത്രിസഭയും പ്രത്യേകിച്ചും മി. ജാണും അഭിനന്ദനം അർഹിക്കുന്നുണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : കാൺഗ്രസ്സു് മന്ത്രിസഭ അഞ്ചാറു കൊല്ലം ഭരിച്ചുല്ലോ, അപ്പോൾ എന്തുകൊണ്ടു് ഇങ്ങനെ ഒരു ബില്ലു് കൊണ്ടുവന്നില്ല?

ശ്രീ. കെ. എം. ചാണ്ടി : വളരെ രാഷ്ട്രീയമായ ഒരു വിമർശനത്തിനു ഞാൻ തയ്യാറില്ല. രണ്ടോ മൂന്നോ ദിവസം കൊണ്ടു് ആക്കുവേണമെങ്കിലും ഒരു ബില്ലു് കൊണ്ടുവരാൻ സാധിക്കും. പക്ഷെ, ബില്ലു് കൊണ്ടുവന്നാൽ എല്ലാവക്കും പ്രയോജനകരമായിരിക്കണം.

ശ്രീ. ജോസഫ് ചാഴിക്കാടൻ : കാൺഗ്രസ്സു് ഗവണ്മെന്റു് രണ്ടുമുന്നു ദിവസമല്ലുല്ലോ ഭരിച്ചതു്. ആറേഴമാസം ഭരിച്ചുല്ലോ.

ശ്രീ. കെ. എം. ചാണ്ടി : താമസിച്ചാലും കൊണ്ടുവരുമ്പോൾ ജനങ്ങൾക്കു ക്ഷേമകരമായി കൊണ്ടുവരണമെന്നാണു് ഉത്തരവാദിത്വമുള്ള ആളുകളുടെ അഭിപ്രായം. അതിൽ കൂടുതൽ ഒന്നും പറയുന്നില്ല. അതുപോലെതന്നെ ആണ്ടുതോറും ഒന്നേകാൽലക്ഷം രൂപ എക്സൈസ് ഇനത്തിൽ കിട്ടിവന്നിരുന്ന ഇടപ്പള്ളി സ്വരൂപം രണ്ടുലക്ഷം രൂപ പ്രതിഫലം പറഞ്ഞുകൊണ്ടു് അവകാശം വിട്ടുകൊടുക്കാമെന്നു് അവരുടെ സമ്മതം വാങ്ങിയതിൽ ഗവണ്മെന്റിനെ അനുമോദിക്കേണ്ടതാണു്. ഈ ബില്ലിലെ വ്യവസ്ഥ പലതും നോക്കുകയാണെങ്കിൽ ഇതിലും കൂടുതൽ ആനുകൂല്യം വാങ്ങിക്കാമെന്നു ഇടവക പ്രഭുക്കന്മാർ പ്രതീക്ഷിച്ചിരുന്ന ഒരു സന്ദർഭത്തിൽ ഇതു സാധിച്ചതു് ഗവണ്മെന്റിന്റെ സുധീരമായ ഒരു നടപടിയാണു്. ഈമാതിരിയുള്ള വിക്ഷണഗതികളും മറ്റു ബില്ലുകളെ സംബന്ധിച്ചു് ഉണ്ടാകുമെന്നും ശ്രീപാദം, ശ്രീപണ്ടാരം മുതലായ ഭൂമികളെ സംബന്ധിച്ചും കുടിയാന്മാക്ക പ്രയോജനകരമായ വിധത്തിൽ നടപടികളും എടുക്കുമെന്നും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ചാണ്ടി]

കരുതുന്നു. അതുപോലെതന്നെ മറ്റു ക്രമനമ്പരില്ലെടുക്കും ഇന്നു സെലക്ട് കമ്മിറ്റിയുടെ ചർച്ചയിൽ ഇരിക്കുന്നവയേയാണ് ഇതേവിധത്തിലുള്ള സമീപനം നടത്തി ഒരു പുതിയ ബിൽ ഇതേ സമയത്തിൽ അവതരിപ്പിക്കണമെന്നും ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. എം. പി. മേനോൻ: ഇപ്പോഴത്തെ വെറുമ്പാട്ടാദർ ബില്ലും സീലിംഗ് ഫിക്ഷേഷനും ഇല്ലാതെ മാറ്റി എഴുതിക്കൊണ്ടുവരണം എന്നാണോ?

ശ്രീ. കെ. എം. ചാണ്ടി: അങ്ങനെ ചെയ്യുന്നതിനു വിരോധമില്ല, പ്രയോജനമുണ്ടെങ്കിൽ, മാറ്റം ചിലതിലും വരുത്താവുന്നതാണ്.

ശ്രീ. എം. പി. മേനോൻ: ഇടവക കളുടെ അവകാശം അവസാനിപ്പിക്കുന്ന ഈ ബില്ലിനെ പൊതുവായി സ്വാഗതം ചെയ്യുന്നതിനു വിരോധമില്ല. പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ മന്ത്രിസഭ ഭരിച്ചിരുന്ന കാലത്തു ഇടവകകളുടെ അവകാശം അതിന്റെ വാർഷികവരുമാനത്തിന്റെ പതിനേഴ് ഇരട്ടയോളം പ്രതിഫലം കൊടുത്തുകൊണ്ടു വാങ്ങിക്കാമെന്നു നിശ്ചയിച്ചിരുന്നതാണ് പ്രതിഫലം കൊടുത്തു അതു കുടിപ്പത്തിനേഴ കൊല്ലക്കാലം കൊണ്ട്, കുടിയാന്മാരിൽനിന്നും ഇടാക്കുവാനും വ്യവസ്ഥ ചെയ്തിരുന്നു. പി. എസ്. പി. ഇതിനു അടിസ്ഥാനമാക്കിയിരുന്ന തരം, അതിന്റെ അവകാശം, അതിന്റെ മാക്സിമം റേറ്റിൽ നേരിട്ട് എടുത്തു കുടിയാന്മാരെക്കൊണ്ട് അതു നിർബന്ധമായി വാങ്ങിപ്പിക്കുകയെന്നുള്ളതാണ്. ഇതിലും അവതരിപ്പിച്ചിരിക്കുന്ന ബിൽ നഷ്ടപരിഹാരത്തിന്റെ തുക അല്പം കുറച്ചിട്ടുണ്ട്. മാത്രമല്ല, തുകതന്നെ കുടിയാൻ കൊടുക്കേണ്ടതവണ്ണമെന്നും കൊടുത്തുകൊള്ളണം എന്നാണ്. മാത്രമല്ല, കുടിയാന്മാരെ സംബന്ധിച്ചിടത്തോളം അവർ കൊടുക്കേണ്ട എന്നു മാത്രമല്ല, ബേസിക് ടാക്സ് മാത്രമേ അവർ കൊടുക്കേണ്ടതുള്ളു എന്നു് ഉള്ളതു അത്യാശ്വാസകരമാണ്. എന്നാൽ ഇങ്ങനെ ഒരു രാഷ്ട്രീയമുതലെടുപ്പിന്റെ ആവശ്യം ഉണ്ടായിരുന്നോ എന്നു നിക്കു സംശയം ഉണ്ട്. മി. ചാണ്ടി പറഞ്ഞതുപോലെ

"The devil may also have its due" മി. ജാനിനും അർഹതയിന്റെ അവകാശം കൊടുക്കുന്നതിനും യാതൊരു വിരോധവുമില്ല. ഇതവണ്ണമെൻറും കുറെ നല്ലതു ചെയ്തിട്ടുണ്ട്. പക്ഷെ അതു വച്ചുകൊണ്ട് ക്രമനമ്പരില്ലും പതിനേഴ് എഴുതി ഇവിടെ അവതരിപ്പിക്കണം എന്നു പറഞ്ഞതു അല്പം കടന്നതായി.

വേറൊരു കാര്യം പറയാനുള്ളതു് പതിനേഴ് ഇരട്ടി പ്രതിഫലം കിട്ടുമെന്നു വിചാരിച്ചിരുന്നവർ അതിന്റെ പകുതി മാത്രം വാങ്ങിച്ചുകൊണ്ട് അവകാശം വിട്ടു ഒഴിയണമെന്നു പറയുന്നതു് എന്താണെന്നു മനസ്സിലാകുന്നില്ല. ഇപ്പോഴത്തെ ഭരണഘടന അനുസരിച്ചു് ഒന്നും വാങ്ങാതെ അവകാശം വിട്ടൊഴിയുവാനുള്ള ഭാരം അവരിൽ വന്നു ചേരുന്നതാണ് അവർ ഇതിനു സമ്മതിച്ചതു്. ഇതിനു സമ്മതിച്ചില്ലെങ്കിൽ ഇതുപോലും കിട്ടുകയില്ലെന്നുള്ള ധാരണയിൽ ആണ്. എനിക്കു മി. ജാനിനോടും കൂട്ടരോടും ചോദിക്കാനുള്ളതു് ഭരണഘടന അനുസരിച്ചു ഒന്നും കൊടുക്കാതെ എടുക്കാൻ സാധിക്കുകയില്ലേ എന്നാണ്. എന്റെ അഭിപ്രായത്തിൽ തീർച്ചയായും സാധിക്കും. മനഃ

LIBRARY ARCHIVES Kerala Legislative Assembly

പൂവ്വമായി ഗവണ്മെൻറ് പരിശ്രമിക്കുകയാണെങ്കിൽ എതെങ്കിലും തരത്തിൽ ഇടപ്പള്ളി സ്വരൂപം വകയും കിളിമാനൂർ കൊട്ടാരം വകയുമായിട്ടുള്ള ഭൂമികൾക്ക കമ്പൻസേഷൻ.....

ശ്രീ. കെ. എം. ചാണ്ടി : കമ്പൻസേഷൻ എന്നുള്ള നിലയിട്ട് പത്തോ ഇരുപതോ എണ്ണത്തിനു റീഹാബിലിറ്റേഷനുള്ള സഹകര്യമെങ്കിലും കൊടുക്കണമെന്നു മി. മേനോനു അഭിപ്രായമില്ലേ?

ശ്രീ. എം. പി. മേനോൻ : അതിലേയ്ക്കു വരികയാണു. ഇതനുസരിച്ചു മനഃപൂവ്വമായി ഇടവകയിലുള്ള കുടിയാന്മാരെ രക്ഷിക്കണം എന്നുള്ള നിർബന്ധബുദ്ധിയോടുകൂടി ഗവണ്മെൻറ് പരിശ്രമിക്കുകയാണെങ്കിൽ ഇപ്പോൾ ഉള്ള അവകാശങ്ങൾ മുഴുവൻ തങ്ങൾക്കു പൊയ്പോകുമെന്നുള്ള ഭയംകൊണ്ടാണു ഈ ഇടപ്പള്ളി ചിഹ്നം, കിളിമാനൂർ ചിഹ്നം, വണ്ടിപ്പുഴ ചിഹ്നം, പൂഞ്ഞാർ ചിഹ്നം ഗവണ്മെൻറ് പതിനാറും മൂന്നിൽ രണ്ടു കമ്പൻസേഷൻ കൊടുക്കാമെന്നു മുമ്പു പറഞ്ഞിട്ടുള്ളതിനെ കണക്കാക്കാതെ ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന നഷ്ടപരിഹാരം അതായതു് എട്ടും മൂന്നിൽ ഒന്നു് മതിയെന്ന സമ്മതിച്ചിട്ടുണ്ടെന്നു് ഞാൻ കരുതുന്നു. കാരണം, ഈ ഇടവകകളിലെ, അതായതു് ഇടപ്പള്ളിരാജാവിനും അതുപോലെ കിളിമാനൂർ ചിഹ്നിനും മറവും ഇപ്പോൾ എന്തവകാശമാണുള്ളതെന്നു് ആലോചിച്ചുനോക്കിയാൽ ഇതന്റെ വാസ്തവം കണ്ടെത്താൻ സാധിക്കും. ഈ ബില്ലിന്റെ സ്റ്റേറ്റ്മെൻറ് ഓഫ് ആബ്ജക്റ്റ്സ് ആൻഡ് റീസൺസ്സിൽ പറഞ്ഞിരിക്കുന്നതു്: "The Edavagai tenants have to pay rent in the nature of tax to the respective Edavagais." ഒരുതരം ടാക്സാണു് ഇന്നു് കുടിയാന്മാർ നൽകുന്നതു് ഈ ഇടവക തമ്പുരാക്കന്മാരും രാജാക്കന്മാരും എല്ലാം പിരിച്ചുകൊണ്ടിരിക്കുന്നതു്. ഇതിൽ രാജാക്കന്മാരെന്നും, ടാക്സെന്നും ഒക്കെ ഞാൻ പറഞ്ഞതിരിക്കുകയാണു്. ലാൻഡ് റവന്യൂ മാന്വലിൽ പറഞ്ഞിരിക്കുന്നതു് ഇതൊക്കെ പണ്ടു് പെറോഗേറ്റീവ്സും, പ്രിറോഗേറ്റീവ്സും ഒക്കെ ആയിരുന്നു എന്നാണു്. അവക്കു് അന്നുണ്ടായിരുന്ന അവകാശങ്ങൾ തിരുവിതാംകൂർ മഹാരാജാവിനു കാഴ്ചവയ്ക്കുകയാണു് ചെയ്തിട്ടുള്ളതെന്നും, അതുകൊണ്ടു് അങ്ങനെ ഈ രാജാക്കന്മാർക്കു് അവരുടെ കൈവശമിരുന്ന ഭൂമികളിൽനിന്നും നികുതി പിരിക്കുന്നതിനുള്ള അവകാശം അവരിൽ പരമ്പരയായി നിന്നുവരികയുമാണു് ചെയ്തിട്ടുള്ളതെന്നു പറഞ്ഞിരിക്കുന്നു. അതു് അവർക്കു് ജനങ്ങളിൽനിന്നും നികുതി പിരിക്കുന്നതിനുള്ള അവകാശം ഉണ്ടായിരുന്നു. ആ അവകാശം ഇന്നും ഇടപ്പള്ളി രാജാവു് കൈവശം വച്ചുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ അവർക്കു് ഫ്രൈസ് നികുതി പിരിക്കുന്നതിനുള്ള അവകാശമുണ്ടായിരുന്നു. എന്നാൽ നമ്മുടെ ഇൻഡ്യൻ ഭരണഘടന നിലവിൽ വന്നതോടുകൂടി ഈ പെറോഗേറ്റീവ്സിനു ഒരു പെറോഗേറ്റീവ് മുൻസിപ്പാലിറ്റിക്കുണ്ടായിരുന്ന അവകാശങ്ങൾപോലും നിലനിൽക്കത്തക്കതാണോ എന്നു് ഞാൻ ശ്രീ. എ. ജെ. ജോണിനോടു ചോദിക്കുകയുണ്ടായി. ഇൻഡ്യൻ ഭരണഘടനയുടെ 12-ാംഭാഗമാണു് അതേ സംബന്ധിച്ചു പറയുന്നതു്. ഇന്നു് ഇൻഡ്യ ഒരു റിപ്പബ്ലിക്കാണു്. ഒരു യൂണിയൻ ആഫ് സ്റ്റേറ്റ്സാണു്. 1950 ജനുവരി 26-ാംതീയതിക്കു ശേഷം ഇടപ്പള്ളി സ്വരൂപത്തിലെ കുടിയാന്മാരിൽ നിന്നും ഇടവക കരം പിരിക്കാൻ അവർക്കവകാശമില്ലാതായി. അതിനു ശേഷം അവർ അങ്ങനെ പിരിച്ചിട്ടുണ്ടെങ്കിൽ അതു് അനധികൃതമാണു്. സർ, ഇനിയും അതു് തുടർന്നു നടത്തുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. മേനോൻ]

ഇതിൽത്തന്നെ പത്താമത്തെ പേജിൽ "It is considered necessary to extinguish this privilege as such a claim on the revenues of the State can no longer be recognised." സ്റ്റേറ്റിന്റെ എക്സൈസ് റവന്യൂവിൽ നിന്നുള്ള ഓഹരിയെ സംബന്ധിച്ചും ഒരു ക്ലെയ്മ് ഉണ്ടെന്നു പറഞ്ഞിരിക്കുന്നു. അതും ഇനിമേൽ അംഗീകരിക്കാൻ സാധിക്കുകയില്ല. ഇവിടെ പറഞ്ഞിരിക്കുന്നതു് ഈ റൈറ്റ്സ് ആൻഡ് പ്രിവിലേജസ് ഇനി അനുഭവിക്കാൻ പാടില്ല എന്നാണു്. ഇങ്ങനെ പറയുന്നതിനു പുതിയതായി വല്ലതും ഈ രാജ്യത്തു് സംഭവിച്ചോ? 1950-ൽ ഭരണഘടന പാസ്സായതിനു ശേഷവും അവർ ഈ അവകാശങ്ങൾ തുടർന്നുകൊണ്ടുപോകുവാൻ പാടില്ല. അങ്ങിനെ ചെയ്യുന്നുണ്ടെങ്കിൽ നിയമപരമായും അതു് തെറ്റാണു്. നിയമപ്രകാരം സ്റ്റേറ്റിനു മാത്രമേ ടാക്സ് പിരിക്കാൻ സാധിക്കയുള്ളൂ. അതുപോലെതന്നെ എക്സൈസ് റവന്യൂവിന്റെ കാര്യവും. എന്നാൽ കാലാകാലങ്ങളിൽ ഭരണം നടത്തുന്ന ഭരണാധികാരിയുമായുള്ള പരസ്പരധാരണമൂലം ഈ ഇടവക രാജാക്കന്മാർക്കും തമ്പുരാക്കന്മാർക്കും ഈ എക്സൈസ് റവന്യൂവിന്റെ ഓഹരി കിട്ടിക്കൊണ്ടിരുന്നു എന്നുള്ളതാണു്. ഇനിയും ആ വഴക്കം നിലനിറുത്തിക്കൊണ്ടുപോകാൻ സാദ്ധ്യമല്ല എന്നുള്ളതുകൊണ്ടു് ഇപ്പോൾ ഇങ്ങനെ പറയുകയാണു്. ഇൻഡ്യൻ ഭരണഘടനയനുസരിച്ചു് ഭൂമിക്കു നികുതിചുമത്താൻ സ്റ്റേറ്റിനു മാത്രമേ അധികാരമുള്ളൂ. ഈ തമ്പുരാക്കന്മാരും, ഞാനും, മി. എ. ജെ. ജോണും, മി. ചാണ്ടിയും, എല്ലാം ഈ സംസ്ഥാനത്തെ സ്വതന്ത്ര പൗരന്മാരാണു്. നമുക്കെല്ലാം സിറ്റിസൺഷിപ്പ് റൈറ്റുണ്ടു്. അങ്ങനെയിരിക്കുന്ന സ്ഥിതിക്കു് എക്സൈസു നികുതിയും, ഭൂനികുതിയും ഇവർക്കു് അവകാശപ്പെടാൻ കാര്യമില്ല. ഇവരും ഇപ്പോൾ വെറും പൗരന്മാരായിത്തീർന്നിരിക്കുന്നു. വാസ്തവം പറഞ്ഞാൽ ഇത്തരത്തിലുള്ള കരം പിരിച്ചെടുക്കാൻ ഇവർക്കവകാശമില്ല. ഇതു് നല്ലതുപോലെ നിശ്ചയമുള്ളതുകൊണ്ടാണു് പതിനാറാം മൂന്നിൽ രണ്ടുഭാഗവും നഷ്ടപരിഹാരം കൊടുക്കാമെന്നു് ശ്രീ. പട്ടം താണുപിള്ളയുടെ ഭരണകാലത്തു് പറഞ്ഞിട്ടുണ്ടായിരുന്നിട്ടും, അതുവേണ്ടാ, ഞങ്ങൾക്കു് എട്ടും മൂന്നിൽരണ്ടു് മതിയെന്നു് മി. എ. ജെ. ജോണിനോടു് അവർ സമ്മതിച്ചതെന്നു് ഞാൻ പറയുന്നു. ഇത്രയും അവർ പറഞ്ഞതുതന്നെ അവരുടെ മനുഷ്യത്വത്തെ കാണിക്കുന്നില്ലേ എന്നു് മി. ചാണ്ടി ചോദിക്കുകയുണ്ടായി. അവർക്കുവേണ്ടി അഭ്യുണായും ചാരിറ്റിയായും മറ്റും കൊടുത്തിട്ടുള്ളതാണെന്നാണു് ഞാൻ പറയുന്നതു്. ഇതൊരു ദുഷ്ടരാഷ്ട്രീയമുതലെടുപ്പായി കരുതാൻ ശ്രമിച്ചതുകൊണ്ടു് എനിക്കു കാരണം കഴിയുന്നിടത്തോളം ഈ സഭയുടെ മുമ്പാകെ വയ്ക്കാം എന്നു മാത്രമേ ഞാൻ വിചാരിക്കുന്നുള്ളൂ. ഏതായിരുന്നാലും ഇതുകൂടിയാനവന്മാരെ സംബന്ധിച്ചിടത്തോളം അനുകൂലമായ വ്യവസ്ഥകൾ ഇതിൽ അടങ്ങിയിട്ടുള്ളതുകൊണ്ടു്, ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുകയാണു്. ഈ ബില്ലു് ഒരു സെലക്ട് കമ്മിറ്റിക്കു് വിടണം എന്നുള്ള മി. തമ്പിയുടെ അഭിപ്രായത്തോടു് ഞാൻ യോജിക്കുന്നു. കാരണം ഇതു് വളരെ തിടുക്കത്തിൽ ഉണ്ടായിട്ടുള്ള ഒരു ബില്ലായതുകൊണ്ടാണു്.

ഇതിൻ ഇടവകയുടെ റൈറ്റ്സ് ആൻഡ് പ്രിവിലേജസ് മി: എം. ജെ. ജോൺ പറയുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

"Edavagai rights" means all the rights and privileges vested in the Edapally Swaroopam.....

ഇടവകയുടെ റൈറ്റ് ആൻറ് പ്രവിലേജ്സ് ഇതിൽ ഉൾപ്പെടുന്നു എന്നു പറയുന്നു. എന്താണു ഈ റൈറ്റ്സ് എന്താണു് ഈ പ്രവിലേജ്സ് എന്നു ഞാൻ ഇതിൽനിന്നും മനസ്സിലാക്കാൻ ശ്രമിച്ചതിൽ പരാജയപ്പെട്ടു. അതു വളരെ വ്യക്തമായി ഈ ബില്ലിൽ ഉൾക്കൊള്ളിക്കേണ്ടതാണു്. അതേസംബന്ധിച്ചു് ഈ ബില്ലിന്റെ ഓബ്ജക്ട്സ് ആൻഡ് റീസൺസിൽ പ്രസ്താവിച്ചിട്ടുള്ളതിൽനിന്നും അതെന്താണെന്നു വ്യക്തമായിട്ടില്ല. അതേ സംബന്ധിച്ചു് ഒന്നോ രണ്ടോ മൂന്നോ നാലോ വാക്കുകൂടി തെളിച്ചു പറഞ്ഞാൽ അതൊന്നു വ്യക്തമായി മനസ്സിലാക്കാം. കമ്പൻസേഷൻ കൊടുക്കണമെന്നു പറയുന്നു. ആരാണു കമ്പൻസേഷൻ കൊടുക്കുന്നതു്? ക്ലാസ്സു് അഞ്ചിൽ പറയുന്നതെന്താണു് എന്നു നോക്കുക. ഈ പ്രവിലേജ്സ് എന്നു പറയുന്നതു എക്സൈസ് റവന്യൂവിനുള്ള അവകാശമാണെന്നു പറയുന്നു. അതും വ്യക്തമാക്കണം.

ക്ലാസ്സ് ആറിൽ പറയുന്നു "Compensation payable for the acquisition of Edavagai rights etc." എന്നു്.

അതു ഇടവക ചീഫ്കം കരംപിരിക്കുന്നതും എക്സൈസു നികുതി വാങ്ങുന്നതും മാത്രമാണോ എന്നും ഒക്കെ വിശദീകരിക്കാതെയിരിക്കുന്നതിൽ പന്തികേടുണ്ടു്.

ഇനി ഒരു കായ്യം ചൂണ്ടിക്കാണിക്കുവാനുള്ളതു് ഇതനുസരിച്ചു് അടിമയെന്നു പറയുന്ന ഒരു പ്രത്യേക വിഭാഗക്കാർ ഈ tenants-ന്റെ കൂട്ടത്തിൽ ഉൾപ്പെടുന്നവരായിട്ടുണ്ടെന്നാണു്. അവരെയും ബേസിക് ടാക്സ് കൊടുക്കേണ്ടവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. ഇടപ്പള്ളി താലൂക്കിന്റെ തെക്കും വടക്കും ഭാഗങ്ങളിൽ ഈ വിഭാഗത്തിൽപ്പെട്ട വളരെ കുടിയാന്മാരുണ്ടു് എന്നു എനിക്കറിയാം. ഇന്നു് അവർ അനുഭവിച്ചു വരുന്ന ഭൂമിക്കു് ഒരേക്കറിനു നാലോ അഞ്ചോ ചക്രമാണു പഴയ രീതിയനുസരിച്ചു കരമായി അവർ കൊടുക്കുന്നതു്. ഈ ബേസിക് ടാക്സ് അവിടെ നടപ്പിലാക്കുകയാണെങ്കിൽ അവർ ഒരു ശ്രമ ഒൻപതണയിരിക്കും ഏക്കറിനു കൊടുക്കേണ്ടിവരുന്നതു്. അതു് ഇന്നു കൊടുത്തുവരുന്നതിൽ പത്തോ പതിനഞ്ചോ ഇരട്ടിയായി കൊടുക്കേണ്ടിവരും. ഈ വക ഭൂമികളെപ്പറ്റി ഗവണ്മെൻറ് അന്വേഷണം നടത്തിയിട്ടില്ല. ഗവണ്മെൻറ് ഈ ബില്ലുകൊണ്ടു കുടിയാന്മാരെ സംരക്ഷിക്കുന്നതിനാണു് ഉദ്ദേശിക്കുന്നതെന്നു പറയുന്നു. അപ്പോൾ ഇന്നു കൊടുത്തുകൊണ്ടിരിക്കുന്നതിനെക്കാൾ പത്തും പതിനഞ്ചും ഇരട്ടി നികുതി കൊടുക്കേണ്ടിവരുന്നതു കൊണ്ടു് അവരുടെ കാര്യംകൂടി ഒന്നു പ്രത്യേകം ശ്രദ്ധിക്കണമെന്നും ഈ ഗവണ്മെൻറിനോടു ഞാൻ അഭ്യർത്ഥിക്കുകയാണു്. അതിനുള്ളവ്യവസ്ഥകൂടി ഇതിൽ ഉൾക്കൊള്ളിക്കണം.

പിന്നീടു്, ഈ ബില്ലു നടപ്പിലാക്കുന്നതു് 1956 ജനുവരി ഒന്നാംതീയതി മുതൽക്കാണെന്നു പറയുന്നുണ്ടു്. അപ്പോൾ ജനുവരി 1-ാംനു മുതൽ ഈ വസ്തുക്കളെ സംബന്ധിച്ചുള്ള ഉത്തരവാദിത്വം മുഴുവനും ഗവണ്മെൻറിൽ ലയിക്കുകയാണു ചെയ്യുന്നതു്. കുടിയാന്മാരിൽനിന്നും എന്നാൽ ബേസിക് ടാക്സ് ഈടാക്കുന്നതു് 1956 ഏപ്രിൽ ഒന്നാംതീയതി മുതൽക്കാണു്. ഇങ്ങനെ 1956 ജനുവരി ഒന്നാംതീയതി മുതൽ ബില്ലു നടപ്പി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. മേനോൻ]

ലാക്കിയിട്ട് 1956 ഏപ്രിൽ 1–ാംതന്നെ മാത്രം ബേസിക് ടാക്സ് ഈടാക്കാൻ തുടങ്ങുന്നതു എന്തുകൊണ്ടാണെന്നു പറയുന്നില്ല. അപ്പോൾ മൂന്നുമാസക്കാലത്തു ഏതു നിരക്കനുസരിച്ചു നികുതി കൊടുക്കണമെന്നു പറയാത്തതുകൊണ്ടു പഴയ നിരക്കിൽത്തന്നെ കരം കൊടുത്തുകൊണ്ടിരിക്കണം എന്നു പറയുന്നതു പ്രിൻസിപ്പിൾ അനുസരിച്ചു തെറ്റാണു്.

മറ്റൊരു കാര്യം മി: തമ്പി ചൂണ്ടിക്കാണിച്ചതു് ഈ അരിയേഴ്സ് പിരിച്ചെടുക്കുന്നതിനെ സംബന്ധിച്ചാണു്. ഇപ്പോൾ ബേസിക്ടാക്സ് നടപ്പിലാക്കാൻ പോവുകയാണു്. ഇതു പണ്ടേ വേണ്ടതായിരുന്നു. അതേപ്പറ്റി മി. എ. ജെ. ജാൺ പ്രസ്താവിച്ചതു്, 1121–ൽ ബേസിക് ടാക്സ് നടപ്പിലാക്കിയ നിമിഷം മുതൽ ഇടവകയിലെ കുടിയാന്മാർ അവരുടെ ഭൂമികൾക്കുമേൽ അതു ബാധകമാക്കണമെന്നു ആവശ്യപ്പെടുകയുണ്ടായി എന്നും ജനഹിതത്തെ മാനിച്ചു് കുടിയാന്മാക്കു് 10% ശതമാനം സംരക്ഷണം നൽകണമെന്നും വിചാരിച്ചു എന്നുമാണു്. അങ്ങനെയാണെങ്കിൽ ഈ പഴയ കാലത്തെ കുടിശ്ശികകാര്യത്തിനു് ഒരു തുക ഒൻപതണവച്ചു് ഈടാക്കിയാൽ മതിയെന്നും പറയാമായിരുന്നു. അതനുസരിച്ചു് ആ ക്ലാസ് ഭേദഗതി ചെയ്യണമെന്നാണു് എന്റെ അഭിപ്രായം.

ഒരു കാര്യംകൂടി അതു സംബന്ധിച്ചു് എനിക്കു് ചൂണ്ടിക്കാണിക്കുവാനുണ്ടു്. ഈ ബില്ലിലെ ക്ലാസ് 13–ൽ തിരുവിതാംകൂർ ഇടവക അക്ററ് III of 1109 റിപ്പീൽ ചെയ്യുന്നു എന്നു പറയുന്നു.

Provided that such repeal shall not—

(a) revive anything not in force or existing at the time at which the repeal takes effect or"

അതു മനസ്സിലായില്ല സർ, എന്റെ അറിവിന്റെ കുറവുകൊണ്ടായിരിക്കാം. അതുകൊണ്ടു് ഇതു് ഒരു സെലക്ററ് കമ്മിറ്റിക്കു വിടുകയും അതു സംബന്ധിച്ചു് ഒരു തീരുമാനം ചെയ്യുമ്പോൾ ക്ലാസ് 13 കൊണ്ടു് എന്താണുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

അതുപോലെ മറ്റൊരു കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളതു ശ്രീപാദംവക വസ്തുക്കളുടെ കാര്യമാണു്. ഈ രണ്ടുതരം വസ്തുക്കളെ സംബന്ധിച്ചും ശ്രീ. തമ്പിയും, കുഞ്ഞൻനാടാരും പുറപ്പെടുവിച്ച അഭിപ്രായത്തോടു് ഞാനും അനുകൂലിക്കുന്നു. വളരെ തട്ടുക്കെട്ടിലാണു് ഈ ബില്ലു് ഇവിടെ ഹാജരാക്കപ്പെട്ടിട്ടുള്ളതെന്നു കാണുന്നതുകൊണ്ടു് ഇതു സെലക്ററ് കമ്മിറ്റിക്കു് അയയ്ക്കേണ്ടതു വളരെ ആവശ്യമാണു്.

ശ്രീ. എം. എം. മത്തായി : സർ, ഇടവക വസ്തുക്കളുടെ അനുഭവസ്ഥൻ എന്ന നിലയിലും, അനേകായിരം ഇടവകവസ്തു അനുഭവിക്കുന്നവരെ പ്രതിനിധീകരിക്കുന്ന ഒരു മെംബറെന്ന നിലയിലും ഈബിൽ നിയമസഭയിൽ അവതരിപ്പിച്ചുകണ്ടതിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്. ഈ ബില്ലിനെ എതിർപക്ഷത്തുനിന്നും എതിർക്കുമെന്നു് ഞാൻ ഭയന്നിരുന്നു. രാജവാഴ്ചയുടേയും ജന്മിത്വത്തിന്റെയും കൂട്ടുകെട്ടുകാരാണു് കാൺഗ്രസ്സു് എന്നു വാദിക്കുന്ന പ്രതിപക്ഷത്തിന്റെ ഉപനേതാവു് ശ്രീ. ശങ്കരനാരായണൻ തമ്പി ഈ ബില്ലിനെ വളരെ അധികം ആക്ഷേപിക്കാതെ അനുകൂലിച്ചതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. പുരോ

LIBRARY ARCHIVES Kerala Legislative Assembly

ഗമനങ്ങളുടെ പുരോഗമനവാദികളെന്നു വാദിക്കുന്ന കമ്മ്യൂണിസ്റ്റുകാരെക്കാൾ പുരോഗമനവാദിയായി ഈ നിയമസഭയിലെ മുന്നംഗങ്ങളുടെ നേതാവായ ശ്രീ. എം. പി. മേനോൻ ഈ ബില്ലിനെ അല്പം ആക്ഷേപിച്ചു. പുരോഗമനത്തിനുവേണ്ടി അങ്ങനെ വാദിച്ചു. എട്ടും മൂന്നിലൊന്നും കാമ്പൻസേഷൻ ഈ തമ്പുരാക്കന്മാർ എല്ലാം സമ്മതിച്ചതു് സ്വമനസ്യം കൊണ്ടല്ലെന്നും, ഇല്ലെങ്കിൽ ഒരുപക്ഷേ ഒന്നും കിട്ടാതെപോകുമെന്നു ഭയന്നിട്ടാണെന്നും ശ്രീ. മേനോൻ പറയുകയുണ്ടായി. ശ്രീ. എ. ജെ. ജാൻ എട്ടും മൂന്നിലൊന്നുമെന്നു് സമ്മതിപ്പിക്കുന്നതിനു് ഒരു പ്രത്യേക കാരണമുണ്ടു്. ഇൻഡ്യയിലുള്ള 600 നാട്ടുരാജാക്കന്മാരിൽനിന്നും കരാറുകൾ എഴുതി വാങ്ങിച്ചതു് സർദാർ പട്ടേലിന്റെ ഹോം സിക്രട്ടറി സമത്തനായ ശ്രീ. വി. പി. മേനോനാണെന്നു നാം കേട്ടിട്ടുണ്ടു്. ശ്രീ. എ. ജെ. ജാൻ ഈ നിയമസഭയുടെ സ്പീക്കറായിരുന്നകാലത്തു് ശ്രീ. വി. പി. മേനോനെ ഡൽഹിയിൽ അദ്ദേഹത്തിന്റെ അതിഥിയായി കുറേനാൾ താമസിച്ചിരുന്നു. ആ കാലത്തു് ശ്രീ. വി. പി. മേനോൻ വളരെ സമർത്ഥമായി പല രാജാക്കന്മാരുടെയും രാജവാഴ്ച അവസാനിപ്പിക്കുന്നതിനുള്ള കരാറുകൾ ഒപ്പിട്ടുവാങ്ങുന്ന സമ്പ്രദായം ശ്രീ. ജാൻ നേരിട്ടുകണ്ടു് മനസ്സിലാക്കിയിട്ടുണ്ടു് എന്നുള്ള വിവരം സഭയിലെ പല മെംബറന്മാരും ശ്രീ. എം. പി. മേനോനും അറിഞ്ഞിട്ടില്ലായിരിക്കാം. പതിനാറും മൂന്നിൽരണ്ടും കാമ്പൻസേഷൻ കിട്ടുമെന്നു വിചാരിച്ചിരുന്ന തമ്പുരാക്കന്മാരെക്കൊണ്ടു് എട്ടും മൂന്നിലൊന്നും മതിയെന്നു സമ്മതിപ്പിക്കുന്നതിനുള്ള സാമർത്ഥ്യം നമ്മുടെ ആഭ്യന്തരമന്ത്രി ശ്രീ. ജാൻ അങ്ങനെ ശ്രീ. വി. പി. മേനോനിൽനിന്നും പഠിച്ചതാണു്. ഈ ബിൽ ഇതിനു മുമ്പു് സ്പെഷ്യൽ റൈറ്റ്സ് അബോളിഷൻ ബിൽ എന്നപേരിൽ ഇവിടെ കൊണ്ടുവന്നിരുന്നു. ആ ബിൽ അവതരിപ്പിക്കുന്ന സന്ദർഭത്തിൽ എന്റെ നാട്ടിലുള്ള ചിലർ ഈ നിയമസഭ കാണാൻ വന്നിട്ടുണ്ടായിരുന്നു. കോമ്പൻസേഷൻ വസ്തു അനുഭവക്കാർ കൊടുക്കണമെന്നുള്ള വ്യവസ്ഥ അവരെ പരിഭ്രമിപ്പിച്ചു. ആ ബിൽ നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ ഇടവകക്കാരായ ഞങ്ങളുടെ പ്രദേശങ്ങളിലെ ആളുകളുടെ ചിന്താഗതി എന്തായിരുന്നു എന്നു് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. ഇടവകഭൂമി അനുഭവിച്ചുകൊണ്ടിരിക്കുന്ന ഞങ്ങൾതന്നെ ഇടവകതമ്പുരാക്കന്മാർക്കു് കാമ്പൻസേഷൻ കൊടുക്കണമെന്നുള്ള ഒരു വകുപ്പു് ആ ബില്ലിൽ കണ്ടപ്പോൾ ഞങ്ങളുടെ നാട്ടിലുള്ള ആളുകൾക്കു് അത്യധികം അങ്കലാപ്പു് ഉണ്ടായി എന്നു പറയുന്നതിൽ അതിശയോക്തിയൊന്നുമില്ല. കാരണം ഇടവകഭൂമികൾ പതിച്ചുവാങ്ങിയിട്ടുള്ളതു് സർക്കാർഭൂമികളെപ്പോലെതന്നെ തറവിലയും തടിവിലയും കൊടുത്താണു്. അങ്ങിനെയുള്ള ഭൂമിക്കു് വീണ്ടും കാമ്പൻസേഷൻ കൊടുക്കണമെന്നു കണ്ടപ്പോൾ ഞങ്ങൾക്കു അതിയായ പരിഭ്രമമുണ്ടായി. ഇന്നു് ആ പരിഭ്രമമെല്ലാം മാറി ഗവണ്മെൻറുതന്നെ ചീഫ്കൾക്കു് പ്രതിഫലം കൊടുത്തുകൊള്ളാമെന്നുള്ള ഈ ബില്ലിലെ വ്യവസ്ഥ ഏറ്റവും സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുവുന്നു ഒന്നാണു്. പി. എസ്സു്. പി. ഗവണ്മെൻറു് സ്പെഷ്യൽ റൈറ്റ്സ് അബോളിഷൻ ബിൽ കൊണ്ടുവന്നപ്പോൾ ഞങ്ങളുടെ പാർട്ടിയും പ്രതിപക്ഷപാർട്ടിയും അതിനെ എതിർക്കുകയുണ്ടായി. അന്നു് കമ്മ്യൂണിസ്റ്റുപാർട്ടി ഏതാണ്ടു് എട്ടും മൂന്നിലൊന്നും കൊടുക്കാമെന്നു സമ്മതിച്ചതായി ഓർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ് : എട്ടും മൂന്നിലൊന്നും കൊടുക്കാമെന്ന അസന്നിഗ്ദ്ധമായി ഞങ്ങൾ പറഞ്ഞിട്ടില്ല.

ശ്രീ. എം. എം. മത്തായി: കൊടുക്കാമെന്ന തീർത്തുപറഞ്ഞിട്ടില്ല. എന്താണ്ട് അങ്ങനെ കൊടുക്കാമെന്ന സമ്മതിച്ച രീതിയിൽ അഭിപ്രായം പറപ്പെടുവിച്ചു. നേരേമറിച്ച് ഞങ്ങളുടെ പാർട്ടി....

ശ്രീമതി കെ. ആർ. ഗൗരി : ഇടവക എസ്റ്റേറ്റ് റജിസ്ട്രേഷൻ പ്രകാരം ഒരുപറ നെല്ലിനു സെറ്റിൽമെൻറ് രജിസ്റ്ററിൽ എന്തുവിലയാണ് വച്ചിരിക്കുന്നത് ?

ശ്രീ. എം. എം. മത്തായി : ആ വില എനിക്കു നിശ്ചയമില്ല. ഇപ്പോൾ രണ്ടുരൂപ രണ്ടണയാണ് കൊടുക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി : സെറ്റിൽമെൻറ് രജിസ്റ്റർപ്രകാരം 10 ചക്രത്തിൽ കൂടുതൽ കൊടുക്കണമോ ?

ശ്രീ. എം. എം. മത്തായി : സൂക്ഷ്മമായി എനിക്കറിയാൻ പാടില്ല. ഞങ്ങളുടെ പാർട്ടി ആ ബില്ലിലെ $16\frac{2}{3}$ പ്രതിഫലം കൊടുക്കണമെന്നും, അതു വസ്തു അനുഭവക്കാർ കൊടുക്കണമെന്നുമുള്ള രണ്ടു വകുപ്പുകളെപ്പറ്റി എതിരു് രേഖപ്പെടുത്തി നിയമസഭയിൽ ചർച്ചക്കുവരുമ്പോൾ എതിർക്കണമെന്നു് തീരുമാനിച്ചിരുന്നു. എട്ടും മൂന്നിലൊന്നിലും കൂടുതൽ കമ്പൻസേഷൻ യാതൊരുകാരണവശാലും കൊടുക്കേണ്ടതില്ലെന്നും, കുടിയാന്മാരെക്കൊണ്ടു പ്രതിഫലം കൊടുപ്പിക്കാൻ പാടില്ലെന്നും ഖണ്ഡിതമായ ഒരു തീരുമാനം കൺഗ്രസ്സ് പാർട്ടി അന്നെടുത്തിരുന്നു. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതു്. ഈ ബില്ലിനെ ശ്രീ. ശങ്കരനാരായണൻതമ്പി അനുകൂലിക്കുന്നതോടൊപ്പം സ്പെഷ്യൽ റൈറ്റ്സ് അബോളിഷൻ ബില്ലിൽ ഉണ്ടായിരുന്ന ശ്രീപാദവും, ശ്രീപണ്ടാരവും വക വസ്തുക്കളെപ്പറ്റി ബില്ലിൽ പറഞ്ഞിട്ടില്ലെന്നു് പറയുകയുണ്ടായി. പി. എസ്. പി. വളരെ സദുദ്ദേശത്തോടുകൂടി ആയിരിക്കാം ആ ബിൽ കൊണ്ടുവന്നതെങ്കിലും വേണ്ടവിധത്തിൽ അതിനെപ്പറ്റി ആലോചിക്കാൻ സമയം അവർക്കു കിട്ടിയിരുന്നില്ലെന്നു ആ പാർട്ടിയിലെ ചില മെംബറന്മാർ തന്നെ എന്നോടു പറഞ്ഞിട്ടുണ്ടു്. അവർ അതിപ്പോഴും സമ്മതിക്കുമെന്നാണ് എന്റെ വിശ്വാസം. അങ്ങനെ വേണ്ടവിധത്തിൽ ശരിയായി ആലോചിക്കാതെ തിടുക്കത്തിൽ പല നിയമങ്ങളും ഇവിടെ അവതരിപ്പിച്ചു. അതെല്ലാം അവതരിപ്പിക്കുന്നതിൽ വേണ്ടവിധത്തിലുള്ള ആലോചന ഒപ്പം ചെലുത്താൻ സാധിക്കാത്തതുകൊണ്ടായിരിക്കാം ആ ബില്ലുകളിൽ ചില വൈകല്യങ്ങളും വന്നുപോയിട്ടുള്ളതെന്നു ഞാൻ കരുതുന്നു. അല്ലാതെ മനഃപൂർവ്വമാണെന്നു ഞാൻ പറയുന്നില്ല. എന്നാൽ നിയമങ്ങളും ഉണ്ടാക്കുമ്പോൾ ശ്രീ. ശങ്കരനാരായണൻ തമ്പി പറഞ്ഞതുപോലെ കഴിയുന്നതും ആലോചിച്ചു്.....

ശ്രീ. ടി. വി. തോമസ് : എട്ടും മൂന്നിലൊന്നും, പതിനാറും മൂന്നിൽ രണ്ടും, താരതമ്യപ്പെടുത്തിനോക്കിയാൽ എട്ടും മൂന്നിലൊന്നിനു പന്ത്രണ്ടുശതമാനവും, പതിനാറും മൂന്നിൽരണ്ടിനു ആറുശതമാനവുമാണു് വരുന്നതെന്നു് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. മത്തായി : അതു് കണക്കുകൂട്ടിനോക്കിയാൽ അറിയാമല്ലൊ ?

ആ നിലയിൽ പഴയ ബില്ലനുസരിച്ചു് കാമ്പൻസേഷൻ കൊടുക്കുകയാണെങ്കിൽ ഏതാണ്ടു് 11 ലക്ഷം രൂപ ടാക്സിനത്തിലും ഒരുലക്ഷത്തിൽപരം രൂപ എക്സൈസിനത്തിലും ഉള്ളതിന്റെ പകുതിനാവും മൂന്നിൽരണ്ടും കൊടുക്കുകയാണെങ്കിൽ 26 ലക്ഷത്തിൽ രണ്ടു രൂപ കൊടുക്കേണ്ടിവരികയില്ലായിരുന്നോ എന്നു ഞാൻ സംശയിക്കുന്നു. ഈ ബില്ലിൽ ശ്രീപാദം, ശ്രീപണ്ടാരവക എന്നീ ഭൂമികളുടെ കാര്യം കൊള്ളിച്ചിട്ടില്ലെന്നുള്ള ആക്ഷേപത്തിനു് ഞാൻ മറുപടി പറയാം. അതുപോലെതന്നെ ജന്മികരം, തിരുപ്പുവാരം, മണിയംകരം തുടങ്ങിയ ജന്മിമാരുടെ അവകാശങ്ങളെപോലും പരിപൂർണ്ണമായി അവസാനിപ്പിക്കണമെന്നു് അഭിപ്രായമുള്ളവനാണു് ഞാൻ അതിനാവശ്യമായ ബില്ലുകളും കൊണ്ടുവരണമെന്നു് എനിക്കു് നിർബന്ധമായ അപേക്ഷയുണ്ടു്. ആ ബില്ലുകൾ സാമാന്യമായ എല്ലാവിഭാഗത്തിനും സ്വീകാര്യമായവിധത്തിൽ അവതരിപ്പിക്കുന്നതിനു് അൽപ്പം താമസം വന്നിരുന്നാലും തരക്കേടില്ല ; സ്വീകാര്യമല്ലെന്നുള്ള ആക്ഷേപങ്ങളെ ഉണ്ടാകത്തക്കവിധം ധൃതിയിൽ അവതരിപ്പിക്കുന്നതിനേക്കാൾ താമസിയായിരിക്കും നല്ലതെന്നു ഞാൻ വിചാരിക്കുന്നു. ഒരുമാസമോ രണ്ടുമാസമോ താമസിച്ചാൽതന്നെയും വിരോധമില്ല, ശരിയായി ആലോചിച്ചു് പുരോഗമനപരവും ജനങ്ങൾക്കു പ്രയോജനപ്രദവും ആയ ബില്ലുകൾ വേണം ഈ നിയമസഭയിൽ അവതരിപ്പിക്കേണ്ടതെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ബില്ലുകൾ കൊണ്ടുവരുന്നതിൽ അൽപ്പം കാലതാമസം ഉണ്ടാകുന്നതിൽ വലിയ കുഴപ്പമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അതുപോലെതന്നെ എല്ലാംകൂടി കൂട്ടിക്കുഴച്ചുള്ള ബില്ലുകൾ ഉണ്ടാക്കുന്നതിനെക്കാൾ ഓരോന്നിനും പ്രത്യേകം പ്രത്യേകം ബില്ലുകൾ ഉണ്ടാക്കുന്നതാണു് നല്ലതെന്നു ഞാൻ വിശ്വസിക്കുന്നു. സ്പെഷ്യൽ റൈറ്റ്സ് അബോളിഷൻ ബില്ലു് സെലക്ട്കമ്മിറ്റിക്കു് വച്ചിരുന്നു. ആ കമ്മിറ്റി കൂടിയില്ലെങ്കിൽപ്പോലും ഇടവക ഭൂവുടമസ്ഥന്മാർക്കു് യാതൊരാപത്തും വന്നില്ലെന്നു എല്ലാവരും സമ്മതിക്കുമെന്നു് ഞാൻ കരുതുന്നു. ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബിൽ സെലക്ട് കമ്മിറ്റിക്കു് വയ്ക്കേണ്ടതാണെന്നു അഭിപ്രായമുണ്ടെങ്കിൽ എനിക്കതിൽ ആക്ഷേപമില്ല. സിലക്ട്കമ്മിറ്റിക്കയക്കാതെതന്നെ ഇതു പാസാക്കാവുന്നതാണു്. സിലക്ട്കമ്മിറ്റിക്കയക്കണമെന്നുണ്ടെങ്കിൽ എത്രയുംവേഗം സെലക്ട്കമ്മിറ്റി കൂടി വളരെ പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്ന ജനങ്ങൾക്കു ഇതു പെട്ടെന്നു നിയമമായി കിട്ടത്തക്കവിധത്തിൽ തിരുമാനമെടുക്കണമെന്നാണു് എനിക്കു് പറയാനുള്ളതു്. ശ്രീപാദം വസ്തുവിനെ സംബന്ധിച്ചും, ശ്രീപണ്ടാരവസ്തുവിനെസംബന്ധിച്ചും ഇതുപോലെ എല്ലാ വിഭാഗങ്ങൾക്കും അനുകൂലിക്കാവുന്ന നിയമം കാലതാമസംകൂടാതെ ഈ സഭയിൽ അവതരിപ്പിക്കുമെന്നു് മന്ത്രി ഉറപ്പുതന്ന സ്ഥിതിക്കു് നമുക്കും വിശ്വസിക്കാം. ഈ ബില്ലു് കൊണ്ടുവന്ന സ്ഥിതിക്കു് മറ്റേബില്ലുകളും വരുകയില്ലന്നു ഭയപ്പെടേണ്ട ആവശ്യമില്ല.

മുമ്പു് പ്രസ്താവിച്ച ഇതിനോടധികം ബന്ധമില്ലാത്ത ഒരു കാര്യംകൂടി ഇപ്പോഴവസരത്തിൽ പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ ഇടവപ്പാതി, പുഞ്ചാർ തുടങ്ങിയ പകുതിക്കച്ചേർക്കളിൽ സർക്കാർനിയമപ്രകാരമുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. എ. മത്തായി]

പരീക്ഷായോഗ്യതയുള്ള ഉദ്യോഗസ്ഥന്മാരുണ്ട്. ഈ നിയമം വരുമ്പോൾ ആ ഉദ്യോഗസ്ഥന്മാർക്ക് പലർക്കും ഉദ്യോഗം ഉണ്ടായിരിക്കുമോ എന്ന് ഒരു ഭയമുണ്ട്. അവരുമായി സംസാരിച്ചപ്പോൾ അവരുടെ സ്ഥിതി എന്തായിരിക്കുമെന്ന് അവർക്ക് ആശങ്കയുളവായി അറിയുന്നുണ്ട്. അവരുടെ കാര്യം പ്രത്യേകം പരിഗണിക്കണം. അവരുടെ കാര്യം ഗവണ്മെന്റ് പ്രത്യേകം പരിഗണിക്കുമെന്നു പറഞ്ഞതിൽ എനിക്ക് വളരെ സന്തോഷമുണ്ട്.

ദീർഘകാലമായി രണ്ട് ഭരണാധികാരികളുടെ കീഴിൽ ഇടവക കാരായ ഞങ്ങൾ രണ്ടുവിധത്തിൽ രണ്ടുകരം കൊടുക്കുന്നതിൽ കഴിഞ്ഞു കൂടിയായിരുന്നു. ലാൻഡ്ടാക്സ് നേരിട്ട് ഇടപ്പള്ളിക്ക് കൊടുക്കുകയും കസ്റ്റംസും മറ്റും നികുതികളും നേരിട്ട് ഗവണ്മെന്റ് വാങ്ങുകയും ചെയ്യുന്ന പരിവായിരുന്നു ഉണ്ടായിരുന്നത്. ലാൻഡുസംബന്ധിച്ച് പരാതി പറയാൻ ഞങ്ങൾക്ക് മേലധികാരികൾ ഇല്ലായിരുന്നു. ആ സമ്പ്രദായങ്ങളെല്ലാം മാറി ഇനി വളരെ ശോഭനമായ ഒരു ഭാവി അവിടെ കൂടിയാന്മാക്ക് ഉണ്ടാകുമെന്നു വിചാരിക്കുന്നതിൽ വളരെ സന്തോഷമുണ്ട്. പരിചയക്കുറവും മുന്നിൽരണ്ടും കാമ്പൻസേഷൻ ഒരു ക്ഷോഭം കിട്ടിയേക്കുമെന്ന് ആശ്രയിച്ചിരുന്ന തമ്പുരാക്കന്മാർ മാറിവരുന്ന പരിതഃസ്ഥിതികളും സാഹചര്യങ്ങളും മനസ്സിലാക്കി സ്വമനസ്സാലെ എട്ടും മൂന്നിലൊന്നും കാമ്പൻസേഷൻ മതിയെന്ന സൗമനസ്യം കാണിച്ചതിൽ ഒരു ഇടവക ഭൂവുടമസ്ഥൻ എന്ന നിലയിൽ ഞാൻ അവരോട് കൃതജ്ഞതയുള്ളവനാണ്. ഇതുവരെയും അവരുടെ പ്രവൃത്തിയെ അനുമോദിക്കാൻ ഞാനാഗ്രഹിക്കുന്നു. ദീർഘകാലം ഇടവകഭൂമികളുടെ ഭരണാധികാരികളായിരുന്ന ഇടവകചീഫുകളോട് അവർ പിരിഞ്ഞുപോകുന്ന ഈ അവസരത്തിൽ ഇടവകവസ്തുനടവക്കാരുടെ പ്രതിനിധിയെന്നുള്ള നിലയിൽ ആത്മാർത്ഥമായ എന്റെ കൃതജ്ഞത ഞാൻ അവരെ അറിയിക്കുന്നതിനുകൂടി ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു.

ശ്രീ. തോമസ് മാസ്റ്റർ പിള്ള : അടിസ്ഥാനനികുതിയില്ലാത്ത കുടിശ്ശിക ഇളവുചെയ്യുന്നതിനെപ്പറ്റി മെമ്പറുടെ അഭിപ്രായം എന്താണ്?

ശ്രീ. എം. എം. മത്തായി : അതിനെപ്പറ്റി എനിക്ക് പല അഭിപ്രായങ്ങളുണ്ട്. അതു വിടെ പറയാൻ ഉദ്ദേശിക്കുന്നില്ല.

ഈ ബിൽ സെലക്ട്കമ്മറ്റിക്ക് അയക്കണമെന്നാണ് സഭയുടെ അഭിപ്രായമെങ്കിൽ അങ്ങനെ ചെയ്ത് എത്രയുംവേഗം സെലക്ട് കമ്മറ്റി കൂടി പര്യാലോചിച്ച് ഈ ബില്ല് നിയമമാക്കാൻ ശ്രമിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

SHRI P. S. NATARAJA PILLAI : Sir, when the suggestion came that this Bill be referred to a Select Committee I felt that it was not very necessary to take part in the discussion. Now some other aspect has come out. I certainly welcome the Bill that has been introduced in the House. Since the official blocs seem to take this opportunity to

LIBRARY ARCHIVES Kerala Legislative Assembly

indulge in political propaganda and make capital out of it, Sir, I think, I am in duty bound, as one associated with the previous Bill, to give my point of view.

I may first take up the Bill that is presented here. Certainly, from the point of view of the tenants, it is less taxing. Certain advantages accrue to the tenants. I welcome it. As far as Edavaga Chiefs are concerned, as the mover of the Bill repeatedly requested this House to recognise their good hearts and their willingness to surrender or to suffer more and be satisfied with less compensation, is also a welcome feature. At the same time Sir, I would like to point out or say a few words on the criticism that was made on the previous Bill which is now before the Select Committee. Before going in to the details, one thing I would like to assure the House is, that the Bill was prepared and presented not with any motive of propaganda behind it, not in haste, but after considering the aspects of the question in all its phases and to the best of our ability. The charge that the previous Bill was a political propaganda measure was the one thing which pained me. It is not a propaganda measure. It is not a measure done in haste. It is not a measure undertaken without considering all the aspects of the question to the best of our ability. There might have been defects. The Bill could have been better drafted. Even when I introduced the Bill, as the spokesman I said "if there are defects it is for this House to rectify them". The Government do not stand committed to all the provisions of the Bill in the way it is drafted. The one thing which the Government at that moment thought was that as representatives of the party who won the election on the basis that they would give priority to the settlement of the land problem in the State, they felt they had a moral responsibility to bestow their first attention to that question. After all, what is the criticism now ? My friend Mr. Menon has repeatedly urged, that the Edavagai Chiefs have no right for compensation. He quoted the Statement of Objects and Reasons, that "the Edavagai Chiefs have to pay rent in the nature of tax" as an authority for his position ; since no one expect the State has the right to levy tax. Even now in the Statement of Objects and Reasons it is called "rent in the nature of tax." So, Sir, invoking the principle embodied in the Constitution no one other than the State has the right to impose tax does not help his case. To call "rent which is

LIBRARY ARCHIVES Kerala Legislative Assembly

[Shri P. S. Nataraja Pillai]

in the nature of a tax" as tax, I think, is not correct. According to the system prevalent in the country, by legislative action Edavagai Chiefs' rights to receive rent were restricted. They had to receive rent only at the rates that tax were levied. It was land owned by the Edavagas. They had the right to receive rent at the rate assessed by the Sircar. Therefore, that compulsion by law cannot take away the characteristic of that land from being a land owned by the Edavagai Chief. It is not Sircar land. It is land owned by the Chief. Rent was fixed by law not to exeed the tax imposed by the Sircar. So that does not change the characteristics of the estate and relative rights of the Edavagai Chief and the tenant thereto as a land given out on rent to a tenant. At best the position was that the holders of the land of the Edavagai were tenants with permanent occupancy rights and bound to pay rent at the rates at which tax is fixed in the country. That is the relationship that existed and under the law then and even now we cannot expropriate land or take over that right without paying compensation. You cannot extinguish any right without paying compensation. A compensation had to be paid. When the whole land problem was taken up we were faced with different special rights in different lands in the country. We found that as apart from the Sircar lands and Government lands there were lands owned by Edavagas, Sreepadam and Sree Pandaravaka and Kandukrishi lands also. The Kandukrishi lands being the lands belonging to the Soverign which he had surrendered to the Government we thought it necessary to issue Government proceedings to have this settled, on the same terms as Pandaravaka lands. Then the three categories that existed with Special rights to private individuals or institutions were Sree padam, Sree pandaravaka and Edavagai lands. Therefore to clear off or to extinguish the special rights on these types of land a measure was thought to be necessary. A Bill was drafted and therein the compensation to extinguish these special rights was fixeds at 6 per cent capitalised value and it was sought to be recovered from the tenant who enjoyed the land. Certainly that was the position which the previous Government took when they introduced the Bill. That legislative measure was intended for the whole land under those three categories and to impose basic tax thereon. The

LIBRARY ARCHIVES Kerala Legislative Assembly

difference between the basic tax and the rent now prevalent is after all, not so much as is being thought of. Sir, there are 120247 acres which fall as Edavaga lands. In excess of the basic tax, the amount that is now realised from the tenants on these lands comes to only Rs. 14427. Dividing 120247 acres by this amount it will come to One Anna and something more. Government thought that to make provision to realise compensation from the tenant will not be heavy for the tenant to pay and the compensation was fixed at 6 per cent capitalised value. Now the relief which actually comes to the tenants on these lands by the present Bill is to the extent of Rs. 14427. We can now claim that the tenants are relieved from the responsibility of paying any thing to the owner; that the right is extinct. But the material relief to the tenant is not very much. Now that the Government has made this proposition certainly I welcome it and I am prepared to say that its provisions are better than those of the previous Bill. When we capitalised the value at 16 2/3 times we capitalised at 6 per cent interest. When the State dicides to give relief by legislation, I for one, in spite of the advantages we may get otherwise, believe that it is necessary to legislate on generally acceptable principles. Here, Sir, this House is called upon to legislate and accept private negotiated agreements and give to them the legal validity of a statute. After having negotiated and entered into an agreement this house is called upon to give it legal validity and make it the law of the country. I doubt the wisdom of it.

[Mr. Deputy Speaker in the Chair]

Much was said about the Chiefs having consented to the reduction. Mr. Menon and other members referred to that. They have accepted 8 1/3 times capitalisation when there was an offer of 16 2/3. I think it was contented and I can even concede that it is through the exceptional ability and persuasiveness of the Government Benches and not through the exceptional goodwill of the Edavagai Chiefs themselves, that they accepted this offer. Sir, we have to remember that these estates are owned by families in perpetuity. If the rights and liabilities have to be settled, it must be to all the members of the family and the accruing rights of the future generation has to be safegaurded. Here we have limited it to the child in the womb. But it is impartiable estate. There is no absolute ownership for any member of the family over these properties. All the members at present and the future generation as well have a right over it. They

LIBRARY ARCHIVES Kerala Legislative Assembly

[Shri P. S. Nataraja Pillai]

have no right of disposal. It is not the self-acquisition of a particular individual. According to the existing conception of the matter, these properties are owned by families which are impartiable and the members have no right of partition. 10 A. M.] A family has charged the properties to the extent of Rs. 2 lakhs. But under the existing law, the creditor will not be able to get the money, except the income from them and those properties could not be sold by the creditor. Now what is the proposal? That creditor is entitled to get this amount now; and to get it, the practical pressure a debtor suffers at the hands of the creditor to compel him to come to some terms, has resulted in this agreement. And what is it that we find? The Government are taking up the responsibility of paying the creditor, and of partitioning the Estates and fixing the shares of each member and giving it to them in the form of annuities and in lump sum.

There is another aspect. Sir, as far as the Vanjipuzha Matom is concerned, I do not know particularly about the Edapally Edavagai where also there is an endowment. As far as Vanjipuzha Edavagai lands are concerned, certain lands are in the name of the Devaswom, that is, the Vanjipuzha Chief exercises rights over the properties owned by that temple and that temple has a certain right. When we say temple or church having properties, it means the beneficiaries or the people who use that temple or church have a vested right over them. There is that right of these institutions over this land. That right is being sought to be calculated and decided and set apart amounts for that. Sir, is it done with the consent of the institution? Now, as a matter of fact, that institution may have a legal right to have its share fixed by ordinary process of law. By this legislation, that right is extinguished. To what extent? To the extent of fixing the rights of the temple as desired by the Edavagai Chief. It is stated that the endowment is only to the amount now fixed, the compensation fixed is about Rs. 1 lakh, and that is decided *ex parte*, i. e. decided by negotiation between the Government and the Chiefs, without the consent of the Temple or its beneficiaries. So, Sir, in these negotiated agreements, there are ever so many personal factors which can reasonably be expected to count when the Edavagai Chiefs agreed to these agreements.

LIBRARY ARCHIVES Kerala Legislative Assembly

SHRI N. PARAMESWARAN PILLAI : Beneficiaries എന്ന പദം ഇതിനുള്ളിൽ ഇല്ലെന്നാണോ?

SHRI P. S. NATARAJA PILLAI : Hindus in general—temple worshippers. Where is the doubt? As far as the church properties, or mosque properties or temple properties are concerned, the conception as far as I know, is the people who use those institutions or interested in them are the benificiaries. Any one who uses that institution may legitimately have a legal right of enforcing the vested right of that institution. So, Sir, there are ever-so-many factors which might have induced the Edavagai Chiefs to accept the terms of agreement which give immediate advantage now to the members of their family. In view of that, they might have agreed to those terms. That is only my inference, legitimate I trust. It may or may not be true. It may be magnanimity on their part, or it may be self interest or the assiduousness with which this problem was tackled by the members of Government.

What I would humbly submit to this House is that when the previous Bill was prepared, every aspect of the problem was anxiously considered and it was not in haste these decisions were taken. Even now, I believe that when we legislate on these matters, we must legislate on principles. Even now, look at the anomalous position in which we are at the present moment. There are three categories of land which have special rights. Now, by special agreement which the Government have entered into with the 3 or 4 families, one category of land is taken away from the Special Rights on Land Abolition Bill now before the Select Committee, and the other two are left out. Why, Sir? No answer is available. Therefore, I think even now that on the existing circumstances then and with the best of the knowledge that we had and keeping in view the principles which we should adopt in legislating on these matters, the Bill was prepared with the care which it deserved. As I said, the practical beneficial effect of this measure, go both to the tenant and accrue to the advantage of the Edavagai Chief. The Edavagai Chief is getting a real advantage in these matters. Even if we promise them a capitalised value of 6 per cent, that amount will be the corpus of the family estate and there will be no individual share to its members to get at the persent moment. By this Bill they get an absolute right for the money they get as share. That family

LIBRARY ARCHIVES Kerala Legislative Assembly

[SHRI P. S. NATARAJA PILLAI]

right which existed till now is extinguished though it is extended to the child in the womb. The impartiable estates are partitioned, shares are fixed, the amounts are paid to the members of the family and these things are being sought to be done by legislation. That will be the responsibility this House takes. There is another aspect which this House may take into account. We must understand the implications when we find that these terms are fixed by negotiation with interested men, and the interested parties are benefited by this arrangement. But previously when I introduced the bill it was a principle that was sought to be enforced irrespective of personal considerations, irrespective of the creditor who stands to lose his money, irrespective of the individual who is going to get an absolute share as his own. It certainly was not a bid for popularity or political propagonda. I welcome the present measure and to the extent to which it is advantageous to the tenant and the Edavagai owner, it is good. I have nothing more to add.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഒരു പാർലിമെന്ററി ആക്ട് ആർഡർ. നാം ഇന്നലെയും തുടർന്ന് ഇന്നും പഞ്ചവത്സരപദ്ധതിയെപ്പറ്റി ചർച്ചചെയ്യുകയാണ്. ഇന്നലെ വൈകുന്നേരം ഇതിനെപ്പറ്റി സംസാരിച്ച അവസരത്തിൽ ഈ ബില്ലിനെപ്പറ്റി കുറച്ചുസമയം മാത്രം ഒരുമിക്കുർ സമയംമാത്രം മതിയാകുമെന്നും തുടർന്ന് പഞ്ചവത്സരപദ്ധതിയെപ്പറ്റി സംസാരിക്കാമെന്നും പറയുകയുണ്ടായി. ഇപ്പോൾ രണ്ടുമിക്കുർ ചർച്ചകഴിഞ്ഞിരിക്കുന്നു ഈ ബില്ലിനെപ്പറ്റി. ഇതു സെലക്ട് കമ്മിറ്റിക്കു വിടാനുദ്ദേശമാണെന്നും പറയുന്നു. ബില്ലിനെപ്പറ്റി ഇനിയും വകുപ്പുകളാക്കിട്ടു ചർച്ചചെയ്യാനുള്ള അവസരം ലഭിക്കും. പഞ്ചവത്സരപദ്ധതിയെപ്പറ്റി ഇനി സംസാരിക്കേണ്ട സന്ദർഭം ഉണ്ടാകുന്നതുമല്ല. ഈ ചർച്ച തുടരണമോ എന്നറിഞ്ഞാൽ കൊള്ളാം.

MR. DEPUTY SPEAKER: I cannot restrict the time of the speeches. But I feel it is advisable that Members do not take much time. I can allow 5 minutes to each Member.

ശ്രീ. ടി. കേശവൻശാസ്ത്രി: സർ, ഞാൻ ഈ ബില്ലിനെ സ്വാഗതംചെയ്യുന്നു. ഞാൻ ഇതിനെ സ്വാഗതം ചെയ്യുന്നതു് ശ്രീ. എം. പി. മന്നോനെപ്പോലെയൊ, ശ്രീ. കെ. എം. ചാണ്ടിയെപ്പോലെയൊ കേവലം പാർട്ടിതാൽപര്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല. അതിനും ഉപരിയായ ചില പരിഗണനകൾ വച്ചുകൊണ്ടാണ് ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യാൻ ആഗ്രഹിക്കുന്നതു്. ഈ ബിൽ അവതരിപ്പിച്ചതിൽ ഗവണ്മെൻറിനെ ശ്രീ. കെ. എം. ചാണ്ടി അഭിനന്ദിക്കുകയുണ്ടായി. നിശ്ചയമായും ഈ കാര്യത്തിൽ ഗവണ്മെൻറ് അഭിനന്ദനം അർഹിക്കുന്നുണ്ട്. സർ, ഈ ഇടവകകളിലെ കുടിയാന്മാ

LIBRARY ARCHIVES Kerala Legislative Assembly

രുടെ അവശതകൾക്കും പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതിനായി വളരെക്കാലമായി അവർ ശബ്ദമുയർത്തിക്കൊണ്ടിരിക്കുകയാണെന്നുള്ള വിഷയം ഒരു പരമാർത്ഥം മാത്രമാണ്. ഇടവകകളിലെ കുടിയാന്മാരെയും കുടിയിടപ്പുകാരെയും സംബന്ധിച്ച വിശദവിവരങ്ങൾ എനിക്കറിയാമെങ്കിലും അതെല്ലാം ഈ അവസരത്തിൽ പറയണമെന്നു വിചാരിക്കുന്നില്ല. നമുക്കെല്ലാം അറിയാം, അവരുടെ ആവശ്യങ്ങളെയും നിറഞ്ഞ അവശതകളെയും മുന്നിർത്തി ഒരു കൂട്ടം തൊപ്പിവാളുക്കാർ ഈ അടുത്തകാലത്ത് ഗവർണ്മെന്റിന്റെ പടിക്കൽ കുറേനാൾ കുത്തിയിരുപ്പുസത്യാഗ്രഹം നടത്തിയിരുന്നതിനെ കുറിച്ച്. തൊപ്പിവാളുക്കാരുടെ കൂട്ടത്തിൽ പല രാജ്യങ്ങളും ഉണ്ടായിരുന്നു. തൊപ്പിവാളുക്കാർ കൃഷിഭൂമിയുടെ അവകാശത്തിലാണ് ആ പ്രകടനം നടത്തിയതെങ്കിലും അതിൽ നായർ, ക്രിസ്ത്യാനി, ഈഴവർ മുതലായ ഉണ്ടായിരുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. സർ, ഞാൻ ഈ അവസരത്തിൽ ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഈ തൊപ്പിവാളുക്കാരുടെ തലവൻ—ആരുടെതാണ്? പാടങ്ങളിൽ പണിയെടുക്കുന്ന യഥാർത്ഥകൃഷിവലന്മാരെന്നഭിമാനിക്കുന്ന പുലയരും പറയരും മറ്റു ഹരിജനവിഭാഗങ്ങളുമല്ലേ ഈ തൊപ്പിവാളുകൾ ഉപയോഗിച്ചിരുന്നത്? ഇന്നു ആ തൊപ്പിവാളുടെ മഹത്വം മറ്റുവരും അറിയുന്നതിനും, സംഘടിതമായി കൃഷിവലന്മാരുടെ ഒരു പ്രക്ഷോഭണം ആരംഭിക്കുന്നതിനും ഇടയായതിൽ ഞാൻ സന്തോഷിക്കുകയാണ്.

സർ, ഇടവഭൂമികളിലെ കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം ഹരിജനങ്ങൾ വളരെക്കാലമായി പാരമ്പര്യമായി അടിമകളായി കഴിഞ്ഞുകൂടുന്നവരാകയാൽ ഈ ബില്ലുകൊണ്ടുണ്ടാകുന്ന ഗുണങ്ങൾ അവർക്കുടനെ കൂടുതൽ ഫലപ്രദമാകുമെന്നതൊന്നും ഞാൻ വിശ്വസിക്കുന്നു. ഇടവക രാജകുടുംബങ്ങളും കുടിയിടപ്പുകാരുമായി വളരെക്കാലമായിട്ട് ഒരു രമ്യരാൻ അടിയൻ ബന്ധം തന്നെയാണ് നിലനിന്നുവരുന്നതു്. ഇടപ്പള്ളി സ്വരൂപത്തിലെ രാജകുടുംബാംഗത്തെ കുടിയിടപ്പുകാരായ പാവങ്ങൾ ആരംഭിച്ചുവച്ചിരുന്നതായും, അവർ ക്ഷേത്രങ്ങളിൽ പോയാലും ആദ്യം ഇടപ്പള്ളി സ്വരൂപത്തിലെ അംഗങ്ങളുടെ പേരിലാണ് സ്തുതിഗീതങ്ങൾ മുഴക്കുന്നതെന്നും ചില നാടോടിപ്പാട്ടുകളിൽ നിന്നുതന്നെ നമുക്ക് മനസ്സിലാക്കാവുന്നതാണ്.

"ഇടപ്പള്ളിതമ്പുരാനെ ഇളങ്ങല്ലൂർഭഗവതി, കനിഞ്ഞൊന്നു കടാക്ഷിപ്പായടി തൊഴുതേനൻ" എന്നിങ്ങനെ ചില വരികൾ അതിനു് ഉദാഹരണമായി എടുത്തുകാണിക്കാൻ കഴിയും. സർ, ഒരു കുടികിടപ്പുകാരന്റെ ഭയഭക്തിവിശ്വാസങ്ങളെ കാണിക്കുന്ന ഈ ഈരടികൾ, അവർക്കു ഇടവക ഉടമകളോടുണ്ടായിരുന്ന പ്രത്യേകബഹുമാനാദരങ്ങൾക്കു് തെളിവാണല്ലോ. അങ്ങനെ വളരെക്കാലമായി കുടികിടപ്പുകാരായി കഴിയുന്നവർക്കു് ആ ഭൂമികളിന്മേൽ ശരിയായ ഉടമസ്ഥാവകാശങ്ങളും മറ്റു സംരക്ഷണവ്യവസ്ഥകളും നൽകുന്ന ഈ ബില്ലു് ഇങ്ങനെ അവതരിപ്പിക്കാൻ ഇടയായ റവന്യൂ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണു ചെയ്യുന്നതു്. ഇടവക ഭൂമികളിൽ താമസിക്കുന്നവർക്കു 5-ം 10-ം സെന്റു ഭൂമിവീതം സ്ഥിരാവകാശത്തിന്മേൽ കൊടുക്കുന്നതിനും അങ്ങനെ വളരെക്കാലമായി അവർ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഭൂമിയിന്മേലുള്ള അവകാശം ലഭിക്കുന്നതിനും ഇടയാകുന്ന ഒരു സാഹചര്യമാണ് ഇതുകൊണ്ടുണ്ടാകാൻ പോകുന്നതു്. ഇടപ്പള്ളി സ്വരൂപത്തിൽപ്പെട്ട കുടിയാന്മാരെ സംബ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി]

സ്ഥിതിവിവരങ്ങൾ ശ്രീ. എം. എം. മത്തായി (കല്ലുപ്പാറ) ഇവിടെ വിവരിക്കുകയുണ്ടായി. അദ്ദേഹം വേണ്ടപോലെ പഠിക്കുകയും നേരിട്ടറിയുകയും ചെയ്യുന്ന കാര്യങ്ങളാണ് ഇവിടെ പറഞ്ഞു കേട്ടത്. എങ്കിലും ഈ ബില്ലുകൊണ്ടു ഇടവകഭൂമികളിൽ കുടിമാന്മാർക്ക് സ്ഥിരാവകാശം ലഭിക്കുകയും, പരമ്പരയാ കുടികിടപ്പുകാരായി സേവിച്ചുവന്ന ഹരിജനങ്ങളിൽ ഒരു വിഭാഗത്തിനുകൂടി അതുമൂലം ആശ്വാസം ലഭിക്കുകയും ചെയ്യുമെന്നുള്ളതിൽ ഞാൻ കൂടുതൽ സന്തോഷിക്കുകയാണ് ചെയ്യുന്നത്.

സർ, ഇങ്ങനെ ഇടവക ഭൂമികളിന്മേലുള്ള അവകാശം വിട്ടൊഴിയുന്നതിനും, കുടിടിപ്പുകാർക്ക് അതിന്മേൽ സ്ഥിരാവകാശം നൽകുന്നതിനും സമ്മതം നൽകി രണ്ടുറായ ഇടപ്പള്ളിസഭാധ്യക്ഷത്തിലെയും, വണ്ടിപ്പെരിയാർ പുഷ്പഗിരിമഠത്തിലെയും, പുന്നത്തുറ കോയിക്കലെയും, കുളമാന്തുറ കൊട്ടാരത്തിലെയും അംഗങ്ങളോട് അവർ ഈ കാര്യത്തിൽ പ്രദർശിപ്പിച്ചിരിക്കുന്ന മനുഷ്യസ്നേഹപരമായ മഹാമനസ്കതയെ ഞാൻ അഭിനന്ദിക്കുകയാണ്. അവരുടെ ഈ നിലപാടിനെ ഞാൻ അഭിനന്ദിക്കുകയും, ഈ ബില്ല് ഇവിടെ കൊണ്ടുവന്നതിൽ ഗവണ്മെന്റിനെ പ്രശംസിക്കുകയും ചെയ്യുമ്പോൾ, ഭരണകക്ഷിയിലെ പാർട്ടിയിൽപ്പെട്ട ഒരാൾ എന്ന നിലയ്ലാണ് ഇതു ചെയ്യുക എന്നു കരുതുകയാണെങ്കിൽ അതു തെറ്റിദ്ധരിക്കുകയാണെന്നേ എനിക്കു പറയാനുള്ളൂ.

ശ്രീ. സി. കുഞ്ഞുകുഞ്ഞു: ഈ ഇടവകഭൂമിയെല്ലാം ഇടയന്മാരുടെ വകയായിരുന്നതുകൊണ്ടാണ് ഈ പേരു വന്നതെന്നു സിദ്ധിച്ചിട്ടുള്ളതിനു വല്ല ചരിത്രവുമുണ്ടായി അറിയാമോ?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഉണ്ട്. അങ്ങനെ ചരിത്രമൊക്കെയുണ്ട്. പക്ഷെ, അതൊന്നും ഇവിടെ പറയാൻ അവസരമില്ല. ശ്രീ. കുഞ്ഞുകുഞ്ഞിനു തന്നെ അറിയാം, അതിനെ കുറിച്ചു പറയുന്നതു ശരിയായിരിക്കുമോ പ്രസംഗത്തിനു രസം കൂടുമോ എന്നു. കാര്യം പറഞ്ഞാൽ പത്രക്കാർക്കുപോലും അതു നേരെചൊവ്വേ പ്രസിദ്ധപ്പെടുത്തിയില്ലെന്നും വരും. സർ, ഈ കാര്യത്തിൽ ഞാൻ മന്നത്തു പദ്മനാഭന്റെ അഭിപ്രായത്തോടു യോജിക്കുകയാണു ചെയ്തിട്ടുള്ളത്. പത്രക്കാർ ഉള്ളതു പറഞ്ഞാൽ വേണ്ടതുപോലെ അതിനു പ്രസിദ്ധീകരണം നൽകാൻ മടിക്കുകയാണ്. ഇങ്ങനെയായാൽ നമ്മുടെ ജനകീയ ഭരണത്തെ എങ്ങനെ നേരെ വിജയിക്കുമെന്നാണ് എന്റെ ബലമായ സംശയം. അതുകൊണ്ടുതന്നെയും ഇപ്പോൾ ഈ സഭയിൽ അതു പ്രസക്തമല്ലാത്തതുകൊണ്ടു വിവരിക്കുന്നില്ല.

ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം, ഇടവകഭൂമികളുടെ ഉടമകളോടു കൃതജ്ഞത രേഖപ്പെടുത്തേണ്ട ഒരു ധാർമ്മികമായ ചുമതലകൂടി ഉണ്ടെന്ന വിശ്വാസത്തിലാണ് ഞാൻ ഈ ബില്ലിനെ അനുകൂലിച്ചു സംസാരിക്കുന്നത്.

ഉന്നതങ്ങളായ ചിലനായർ തറവാടുകളിലെ ഭരണാധികാരത്തിലായിരുന്നപ്പോൾ അവിടത്തെ കുടികിടപ്പുകാരുടെയും, വശ

LIBRARY ARCHIVES Kerala Legislative Assembly

സമുദായക്കാരുടേയുംപേരിൽക്കൂടി ഓഹരി ചെയ്തിരുന്നു. അതുപോലെ, ക്രിസ്ത്യാനികളുടെ വസ്തുക്കൾ ഓഹരി ചെയ്തുപോന്നു, അവരുടെ കൂടി കിടപ്പുകാശ് വേണ്ടി ഓഹരി കൊടുത്തിട്ടുണ്ട്. ഇപ്പോൾ ഇങ്ങനെയുള്ള കൂടികിടപ്പുകൾക്ക് ഭൂമിയിൽ സ്ഥിരാവകാശം ലഭിക്കുന്നുണ്ട്. അതുകൊണ്ട് ഈ ബിൽ ഇവിടെ അവതരിപ്പിച്ചതിൽ ഞാൻ ഗവണ്മെന്റിനെ വീണ്ടും അഭിനന്ദിക്കുന്നു.

ശ്രീ. ടി. ഒ. ബാവാ: സർ, ഈ ബില്ല് അവതരിപ്പിച്ചതിൽ, ഗവണ്മെന്റിനെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. വളരെ അധികം നാളുകൾക്കു മുമ്പുതന്നെ, ഇങ്ങനെയൊരു നിയമം ഈ രാജ്യത്തിനാവശ്യമായിരുന്നു. ഭൂനികുതിക്ക്, സാമാന്യമായ ഒരു തത്വമംഗീകരിച്ചു അടിസ്ഥാനനികുതി ഏർപ്പെടുത്തിയ കാലം മുതൽ ഈ രാജ്യത്തെ എല്ലാ ഭൂവുടമസ്ഥന്മാരും അവരുടെ കൈവശമുള്ള ഭൂമി അടിസ്ഥാനനികുതിക്കു വിധേയമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടിരുന്നതാണ്. ഇടപ്പള്ളി ഇടവകയിലെ ഭൂവുടമസ്ഥന്മാർ, ഇന്നേവരെ അനുഭവിച്ചിട്ടുള്ള ഒരിതാകം ആലോചിക്കുന്ന പക്ഷം, ഈ ബിൽ കൊണ്ടുവരാൻ ഇത്രയേറെ താമസിപ്പിച്ചതിനു ഗവണ്മെന്റിനെ അത്ര വളരെയൊന്നും അഭിനന്ദിക്കേണ്ടതില്ലെന്നാണ് എന്റെ അഭിപ്രായം. ഇടപ്പള്ളിസമസ്ഥാനത്തിൽ നിന്നു ഭൂമി പാട്ടയം കിട്ടിയിട്ടുള്ള ഉടമസ്ഥന്മാർ ഇന്നും, സർക്കാർ ഭൂമിക്കു ഒരേക്കറിനു ഒരു രൂപ ഒമ്പതണ കരം കൊടുക്കുമ്പോൾ, 20-ം 25-ം രൂപയാണ് ഇടവകയ്ക്കു കരമായി കൊടുക്കുന്നത്. ഇങ്ങനെ ഈ രണ്ടേ കൊല്ലങ്ങളായി ഇവടത്തെ ഇടവ നാടുവാഴികൾ, കുടിയാനവന്മാരെ ചൂഷണം ചെയ്തു ഈ ഭാരിച്ച നികുതി പിരിച്ചു അനുഭവിച്ചുകൊണ്ടിരിക്കുന്നു എന്നതു നാം ഓർക്കേണ്ടതാണ്. ഇതിനൊരു പരിഹാരം ഏതായാലും മുമ്പുതന്നെ ഉണ്ടാക്കേണ്ടതായിരുന്നു. ഭൂഉടമസ്ഥന് പരമാവധി കിട്ടുവാനുള്ള എല്ലാ അവകാശങ്ങളും സ്ഥിരപ്പെടുത്തിക്കൊണ്ട് ഉടനെ പാസ്സാക്കിക്കൊടുക്കേണ്ടതു നമ്മുടെ കർത്തവ്യമാണ്. ഈ നിയമനിർമ്മാണത്തെ വിളംബപ്പെടുത്തുന്നതിന്, മനപൂർവ്വമല്ലെങ്കിലും, മറ്റു ചില കാര്യങ്ങൾകൂടി ഇതിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെടുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി ഉപനേതാവിന്റെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. അപ്രകാരം ചെയ്യുന്നതിൽ ഈ നിയമനിർമ്മാണം കാലവിളംബപ്പെടുമെന്നുള്ള ഏകകാരണത്താലാണ് ഞാൻ വിയോജിക്കുന്നതു്. ഇതിൽ ഉൾപ്പെടേണ്ടതായി മുന്നാലുതരത്തിലുള്ള ഭൂമി ഉണ്ടെന്നുള്ളതു പരമാർത്ഥമാണ്. അതിൽ ഭൂരിഭാഗവും ഇടവക ഭൂമിതന്നെയാണ്. അതിനെസംബന്ധിച്ചു ഒരു ബില്ലു കൊണ്ടുവരുന്നതോടൊപ്പം, അതു കഴിയുന്നതും വേഗത്തിൽ പാസ്സാക്കുന്നതിനും അങ്ങനെ കുടിയാനവന്മാർക്കു പ്രയോജനപ്പെടുത്തുന്നതിനും നാം ശ്രമിക്കുകയാണുവേണ്ടതു്. അതോടുകൂടി പ്രത്യേകാവശ്യങ്ങളുള്ള ശ്രീപണ്ടാരവക യുടെയും ഭൂമികളെ സംബന്ധിച്ചിടത്തോളം പ്രത്യേകം ഒരു നിയമനിർമ്മാണം നടത്തുവാൻ നമുക്കൊരുമിച്ചു പരിശ്രമിക്കാം. അങ്ങനെയല്ലാതെ, ഈ ബില്ലിനു താമസം വരുത്തുന്നവിധത്തിൽ, മറ്റു തരത്തിലുള്ള ഭൂമികൂടി ഇതിൽ ഉൾപ്പെടുത്തണമെന്നിരുന്നതു കഠിനമാണെന്നും, അതും കൂടി ഉൾപ്പെടുത്തുന്നതിനുവേണ്ടി സെലക്ട് കമ്മിറ്റിക്കു ഈ ബിൽ വിടണമെന്നും, പറയുന്നതിനോടു് എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. ഒ. ബാവ]

ഈ ബില്ല് അവതരിപ്പിച്ചിരിക്കുന്നതുകൊണ്ട് ഒരു വസ്തുത, സെലക്ട് കമ്മിറ്റിക്കു അയയ്ക്കുന്ന പക്ഷം, ഈ സഭയുടേയും കമ്മിറ്റിയുടേയും ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുന്നു. ശ്രീമതി ഗൗരി ഇവിടെ പ്രസ്താവിക്കുകയുണ്ടായി നെല്ലിനു ആദേമക്കാൽ ചക്രമാണ് രജിസ്റ്ററിൽ വ്യവസ്ഥചെയ്തിരിക്കുന്നതു് എന്നു്. അഞ്ചും ആറും കൊല്ലത്തെ പാട്ടക്കുടിശ്ശിക കൊടുക്കുവാനുള്ള കുടിയാനവന്മാർ ഇന്നും ഉണ്ടു്. അവർ ഒരു പറ നെല്ലിനു രണ്ടു രൂപ രണ്ടു വീതനിരക്കു വച്ചു കണക്കുകൂട്ടി കരം കൊടുക്കുമെന്നാണു് ഇടയ്ക്കിടെ അധികാരികളിൽ നിർബന്ധിക്കുന്നതു്. ഇടപ്പള്ളി സമ്പ്രദായത്തിലെ ഭൂമിയെ വശമുള്ള ആളുകൾക്കു് അതിന്റെ പരിപൂർണ്ണാവകാശമാണുള്ളതു്. ഗവണ്മെന്റ് ഭൂമിപോലെയുള്ള അവകാശം അവർക്കുണ്ടു്. പൊതു ആവശ്യത്തിനു വേണ്ടി പൊന്നുംവിലയ്ക്കു സ്ഥലമെടുക്കുമ്പോൾ, 100 ശതമാനം വില കിട്ടുന്നതു് പട്ടയക്കാരനാണു്. അങ്ങനെ വരുമ്പോൾ, ഈ കുടിയാനവന്മാർ തന്നെ, മുഴുവൻ വിലയ്ക്കും അവകാശമുണ്ടു്. അങ്ങനെയിരിക്കുമ്പോൾ, രണ്ടു രൂപ രണ്ടണ ഒരു പറ നെല്ലിനു് വിലവച്ചു് രം കൊടുക്കണമെന്നുവരുന്നതു് ഷ്ടമല്ലയോ എന്നാലോചിക്കണം. ജന്മികളുടെ ഭൂമിയെ സംബന്ധിച്ചു് ജന്മിക്കരത്തിനുവേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള വില ഒരു പറ നെല്ലിനു ഒരു രൂപ നാലണയാണു്. അതുപോലെ, മറ്റു നെൽക്കരമായി കൊടുക്കേണ്ട കാര്യങ്ങൾക്കും ഒരു പറയ്ക്കു ഒരു രൂപ നാല വച്ചാണു് വിലനിശ്ചയിച്ചിരിക്കുന്നതു്. അതിനാൽ രണ്ടു രൂപ രണ്ടണ വീതം വില കൊടുക്കുന്ന പരിതഃസ്ഥിതി ഉണ്ടാകാതിരിക്കത്തക്കവിധത്തിൽ കുടിശ്ശിക സംബന്ധിച്ചു് ഇടപ്പള്ളി ചീഫിന്റെയും മറ്റു ചീഫുകളുടേയും അവകാശങ്ങളും അധികാരങ്ങളും അവസാനിപ്പിക്കുന്നതിനു വ്യവസ്ഥകളും ഈ ബില്ലിൽ ഉൾപ്പെടുത്തണം. പൊതുജനങ്ങളുടെ വളരെ ആകാംക്ഷയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ഈ നിയമം ഉടനടി നടപ്പിൽ വരുത്തുന്നതിനു, കാലവിളംബം വരാത്തവിധത്തിൽ ഈ ബില്ല് സെലക്ട് കമ്മിറ്റിക്കു വിടണമെന്ന അഭിപ്രായത്തോടു ഞാനും യോജിക്കുന്നു.

ശ്രീ. ടി. വി. തോമസ്: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ ഞാനും പൊതുവെ സ്വാഗതം ചെയ്തിരിക്കുകയാണു്. അതിനെ സ്വാഗതം ചെയ്യുന്നതു് ശ്രീ. ചാണ്ടി ഇവിടെ ചൂണ്ടിക്കാണിച്ച പരിഗണനകൊണ്ടോ, ശ്രീ. മത്തായി തുറിച്ചോടി പ്രദർശിപ്പിച്ച കാരണങ്ങൾകൊണ്ടോ, അല്ലെന്നു വ്യക്തമാക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഇന്നധികാരത്തിലിരിക്കുന്ന പാർട്ടിയിൽനിന്നു ജനങ്ങളുടെ സമ്മർദ്ദം മൂലം, പാവപ്പെട്ട കൃഷിക്കാർക്കു കിട്ടുന്ന ഏതു ചെറിയ നേരുകൂലമായ കാര്യത്തെയും പ്രകാരമുള്ള ഒരു ബില്ലിനെ പാസ്സാക്കുന്നതിൽ സഹകരിക്കുവാൻ ഉത്സാഹമതലയെ ആടസമാനമായിട്ടുണ്ടു് ഞാനും ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നതു്. പതിനാറും മൂന്നിൽ രണ്ടും, പിന്നെ മൂന്നിലൊന്നും, എന്നും മറ്റും പറഞ്ഞു തീരുമ്പോൾ, ഇടവകചീഫിനു കിട്ടുന്ന കാമ്പൻസേഷൻ പി. എസ്സ്. പി. കൊടുക്കാമെന്നു റ തതിന്റെ നേരെ പകുതി മാത്രമേ ആകുന്നുള്ളുവെന്നു മനസ്സിലാകുന്നുണ്ടെങ്കിൽ എനിക്കു സഹതാപമുള്ളു. ഇതിനെക്കുറിച്ചു നോക്കുമ്പോൾ ജന്മികൊടുക്കുന്നുള്ള സംഖ്യയും ഇവിടെ പറയുന്ന സംഖ്യയും

LIBRARY ARCHIVES Kerala Legislative Assembly

തമ്മിലു വ്യത്യാസം ഒരു പതിനാറായിരംരൂപയിൽ കൂടുതൽ ഉണ്ടെന്നു തോന്നുന്നില്ല. അതേ അവസരത്തിൽ കുടിയാന്മാർ ഒരു തൊന്നും കൊടുക്കുവാൻ മുതലു വഹിക്കുന്നില്ല. എന്നുള്ളതു വസ്തുവത്തിൽ അന്നു മേടേക്കേടു ഒരു ദുർമാണ്.

ശ്രീ. എ ജെ. ജാൺ: ഈ ഹൗസിനെപ്പറ്റി മെംബർ സ്പെഷ്യൽ റൈറ്റ്സ് ഓൺ ലാൻഡ്സ് അബോളിഷൻ ബില്ലി ഇതു സംബന്ധിച്ചു പറഞ്ഞ ക്ലാസ് വായിച്ചതിനു ശേഷമാണു ഈ അഭിപ്രായം പറഞ്ഞുവച്ചതെന്നറിഞ്ഞാൽകൊള്ളാം. അതിൽ പറഞ്ഞിരിക്കുന്നതു, ഇങ്ങനെയാണ്:

"As soon as may be after the commencement of this Act, the Government shall pay to the Chief as compensation for the extinguishment of his rights in respect of the registered holdings an amount which shall be equal to 16 2/3 times the net aggregate of the rent and melvarom to which the Chief was entitled in respect of all the registered holdings, immediately before the commencement of this Act."

അതിൽനിന്നു ഞാൻ മനസ്സിലാക്കുന്നതു, ഈ ചീഫുകൾക്കു അവർക്കു കിട്ടേണ്ടിയിരുന്ന കരത്തിന്റേയും, മേൽവാരത്തിന്റേയും പതിനാറും മൂന്നിൽ രണ്ടു ഇരട്ടി കൊടുക്കുമെന്നാണ്. ഇപ്പോഴത്തെ ബില്ലിലും അതിനെ പറ്റി വ്യവസ്ഥചെയ്തിട്ടുണ്ടു്.

ശ്രീ. ടി. വി. തോമസ്: പന്ത്രണ്ടു ശതമാനവും, ആറു ശതമാനവും ഉള്ള കണക്കാധാരത്തിൽ പലിശകൂടി കണക്കാക്കി കിട്ടുമ്പോൾ വരുന്ന തുകയുടെ വ്യത്യാസംകൂടി മനസ്സിലാക്കണം. ഇതെല്ലാം ഈ പ്രായ വ്യത്യാസമുള്ള കാര്യങ്ങളാണ്. അങ്ങനെയുള്ള കാര്യങ്ങളെപ്പറ്റിയെല്ലാം ഇതു ബില്ലു പാസ്സാക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുത്തരുതെന്നു വിചാരിക്കുന്നില്ല.

ശ്രീമതി ഭാരവകുമാരിയും, ശ്രീമതി ഭദ്രയും അതേ സംബന്ധിച്ചുള്ള അവകാശങ്ങളെക്കൂടി ആലോചിക്കുന്നതിനുള്ള അവകാശമുണ്ടാക്കുവാൻ ഈ ബില്ലു സെലക്ടുകമ്മിറ്റിക്കു വിടണമെന്നു ശ്രീമാൻ തമ്പിയുടെ അഭിപ്രായത്തോടു, ഈ ബില്ലു പാസ്സാക്കുന്നതിനു കാലതാമസം ഉണ്ടാകുന്നതിനു മാത്രമേ ഇതു ഉപയോഗപ്പെടുകയുള്ളുവെന്നു ശ്രീ. ബാവാ പറഞ്ഞു. ഏറ്റവും നിർഭാഗ്യകരമായ ഒരു വ്യാഖ്യാനമാണു ശ്രീ. ബാവാ ആ അഭിപ്രായത്തിനു നൽകിയതെന്നു ഖേദപൂർവ്വം രേഖപ്പെടുത്തിയിരിക്കുന്നു. ശ്രീ. ബാവായെപ്പോലെയുള്ളവർ ഇങ്ങനെ പറയുന്നതു കഷ്ടമാണ്.

ശ്രീ. ടി. ഒ. ബാവാ: ശ്രീ. തമ്പിയുടെ നിർദ്ദേശം അതാണെന്നു ഞാൻ പറഞ്ഞില്ല. ആ നിർദ്ദേശത്തോടുകൂടി ബില്ലു സെലക്ടുകമ്മിറ്റിക്കയച്ചാൽ, കാലതാമസം വരാൻ ഇടയാകയുള്ളുമെന്നാണു ഞാൻ പറഞ്ഞതു.

ശ്രീ. ടി. വി. തോമസ്: അങ്ങനെ കാലതാമസം വരുന്നതു, ഗവണ്മെന്റിനെ മനോഭാവത്തെ ആശ്രയിച്ചു മാത്രമാണ്. 24 മണിക്കൂറിനുള്ളിൽ പാസ്സാക്കാൻ കഴിയുന്ന ഒരു ബില്ലു, ഏഴും എട്ടും കൊല്ലം കഴിഞ്ഞിട്ടും പാസ്സാക്കാതിരിക്കുന്നതു, പാസ്സാക്കാൻ ഗവണ്മെന്റിനാഗ്രഹ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. വി. തോമസ്]

മില്ലാത്തതുകൊണ്ടാണ്. ശ്രീപാദവും, ശ്രീപണ്ടാരവും വസ്തുക്കൾ ഇൗ ബില്ലിൽ ഉൾപ്പെടുത്താതിരിക്കുന്നതു് അതേ സംബന്ധിച്ചുള്ള നെഗോഷിയേഷൻ പൂർത്തിയാകാത്തതുകൊണ്ടാണെന്നു പറഞ്ഞതാൽ മനസ്സിലാക്കാം. ഒരു നിയമനിർമ്മാണം നടത്താൻ തുടങ്ങുമ്പോൾ, രണ്ടു സമീപനത്രയത്തിലാണു് അതിനെ വീക്ഷിക്കാനുള്ളതു്. ഒന്നു്, സിദ്ധാന്തത്തെ അടിസ്ഥാനമാക്കി, മറേതു് ഒരു പരസ്പരധാരണ അല്ലെങ്കിൽ ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ. അതിൽ ഏതാണു് നല്ലതു്, നിയമനിർമ്മാണം ഏതടിസ്ഥാനത്തിലായിരിക്കണം, എന്നുള്ളതിൽ അഭിപ്രായവ്യത്യാസമുണ്ടു്. ഏതായാലും ഒത്തുതീർപ്പു് തീർച്ചയായിട്ടില്ല എന്നുള്ള കാരണം ചൂണ്ടിക്കാണിക്കുകയും, അതിനു് സാവകാശം വേണമെന്നു് ആശ്യപ്പെടുകയും ചെയ്തതിനു ശേഷം മേൽപ്പറഞ്ഞ കായ്കുലംകൂടി ഇതിൽ ഉൾപ്പെടുത്തണമെന്നും, അതിലേയ്ക്കുവേണ്ടി സെലക്ട് കമ്മിറ്റിയ്ക്കു് ലേയ്ക്കുയയ്ക്കുമെന്നുമുള്ള നിർദ്ദേശം ഞങ്ങളുടെ കക്ഷി മുഖേന പിടിക്കും എന്നെനിക്കു തോന്നുന്നില്ല. ഇൗ ബില്ലു് ഇതേപടി സ്വീകരിക്കാൻ തയ്യാറാണു്.

മറെറാരു കായ്കുത്തിൽ ശ്രീ. മാത്യു വളരെ ആഹ്ലാദം കാണിച്ചു. ഇൗ നിയമസഭയിൽ, അദ്ദേഹം അതിനു് ആഹ്ലാദം കാണിച്ചതാണു് എനിക്കു മനസ്സിലാക്കാൻ സാധിക്കാത്തതു്.

ഇൗ ഇടവക ചീഫുകളുടെ കീഴിൽ ക്ഷണം അനുഭവിച്ചുകൊണ്ടിരിക്കുന്ന കുടിയാന്മാരെ പ്രതിനിധീകരിച്ചുകൊണ്ടു നിൽക്കുന്ന ഒരാളാണു് മി. മത്തായി. അദ്ദേഹം ഇൗ കായ്കുത്തിൽ ആഹ്ലാദം കാണിച്ചതിൽ ഞാൻ അത്ഭുതപ്പെടുകയാണു് ചെയ്യുന്നതു്. ഇൗ ഇടവക ചീഫുകൾക്കു് നഷ്ടപരിഹാരമായി കൊടുക്കുന്ന തുക നമ്മുടെ സ്റ്റേറിന്റെ വരുമാനത്തിൽ നിന്നുമാണു് കൊടുക്കേണ്ടതെന്ന വസ്തുത അദ്ദേഹം ഓർമ്മിക്കുന്നില്ലായിരിക്കാം. സർ, മുൻപു് നഷ്ടപരിഹാരമായി നിശ്ചയിച്ചിട്ടുണ്ടായിരുന്നതു് ആനുവൽ റെൻറിന്റെ പരിനാമം മൂന്നിൽ രണ്ടു് എന്ന വ്യവസ്ഥയിലായിരുന്നു. ഇപ്പോഴത്തെ ഭരണഘടനയിൽ വരുത്തിയ ഭേദഗതി അനുസരിച്ചു് എട്ടും മൂന്നിൽ ഒന്നു് ഇരട്ടിയാക്കിയിരിക്കുകയാണു്. ഇൗ തുകതന്നെയും ഇപ്പോഴത്തെ മാർക്കറ്റ് വാല്യു അനുസരിച്ചു് വിലയുടെ 50 ശതമാനം വരുമെന്നാണു് ഞാൻ പറയുന്നതു്. മാത്രമല്ല, പ്ലാനിംഗ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളതു് 25 ശതമാനത്തിൽ കൂടുതൽ കാമ്പൻസേഷൻ കൊടുക്കാൻ പാടില്ല എന്നാണു്. ആ സ്ഥിതിക്കു് ഇത്ര കൂടുതൽ കാമ്പൻസേഷൻ ഇടവകയ്ക്കു കൊടുക്കുന്നതു് ശരിയാണെന്നു തോന്നുന്നില്ല. മി. മത്തായി ഇൗ വസ്തുതകളൊന്നും മനസ്സിലാക്കിയിട്ടില്ലെന്നാണു് തോന്നുന്നതു്. മനസ്സിലാക്കിയിട്ടില്ലെങ്കിൽ മനസ്സിലാക്കേണ്ടതാണു്. സർ, അതുപോലെ മറെറാരു സംഗതി അരയേഴ്സിനെ സംബന്ധിച്ചാണു്. ഇടവകഭൂമികൾ ഗവണ്മെൻറ് ഏറെറടുക്കുമ്പോൾ കുടിയാന്മാർ കൊടുക്കേണ്ടിയിരുന്ന കുടിശ്ശികയെ സംബന്ധിച്ചടത്തോളം ഒരു പുനഃപരിശോധന ചെയ്യേണ്ടതാണു്. വിശേഷിച്ചും നെല്ലിന്റെ ഇപ്പോഴത്തെ വിലയേയുംകൂടി പരിഗണിക്കേണ്ടതാണു്. സർ, ഇതുപോലെയുള്ള നിയമങ്ങൾ വളരെ വളരെ നാളുകൾക്കു മുൻപു് നടപ്പിൽ വരുത്തേണ്ടതായിരുന്നു. ഏതായാലും ഇപ്പോഴെങ്കിലും ഇൗ കായ്കുത്തിൽ സഭാനസ്സു തോന്നിയതിൽ ഞങ്ങൾക്കു സന്തോഷമുണ്ടു്. അതുകൊണ്ടു്,

LIBRARY ARCHIVES Kerala Legislative Assembly

ഈ ബിൽ നടപ്പിൽ വരുന്നതോടുകൂടി, കടിയാന്മാരിൽനിന്നും വല്ല കടിശ്ശികയും ഈടാക്കാനുണ്ടെങ്കിൽ, അവരുടെ ഇപ്പോഴത്തെ പരിതസ്ഥിതിയനുസരിച്ച് അവയൊക്കെ സൗജന്യബുദ്ധിയോടുകൂടി ഇളവു ചെയ്തുകൊടുക്കേണ്ടതാണെന്നുകൂടി എനിക്കൊരു പക്ഷമുണ്ട്. ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നതു്, കർഷകർക്കു കിട്ടുന്ന ആശ്വാസത്തെ പരിഗണിച്ചു മാത്രമാണു്. വളരെ കൊല്ലങ്ങളായി ഈ ഭാരംകൊണ്ടു് വലയുന്ന കർഷകർക്കു് അല്പമെങ്കിലും ഈ ബില്ലുകൊണ്ടു് ആശ്വാസം കിട്ടുകയാണെങ്കിൽ അതിൽ ഞങ്ങൾ സന്തോഷിക്കയാണു് ചെയ്യുന്നതു്.

ശ്രീ. പി. വിശ്വംഭരൻ : സർ, ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഈ ബില്ലിൽ സെലക്ട്കമ്മിറ്റിക്കു് അയയ്ക്കുന്നതിനെ പറയുന്നതിൽ എനിക്കു സന്തോഷമാണുള്ളതു്. ഈ ബില്ലിന്റെ ഉദ്ദേശം നിറവേറ്റുന്നതിനായി പി. എസ്സ്. പി. അധികാരത്തിലിരുന്ന സമയത്തു് ഒരു ബില്ലുണ്ടാക്കുകയും ഈ സഭയിൽ അവതരിപ്പിക്കുകയും ചെയ്തിരുന്നു. അതു് വളരെ പിൻതിരിപ്പൻ ബിൽ ആണെന്നു് ഇവിടെ ഇന്നു് ചില മെംബർമാർ ആക്ഷേപിക്കുകയുണ്ടായി. എന്നിരുന്നാലും ഇടവകസ്വത്തിന്മേലുള്ള പ്രയോഗവൈകാശം നിരോധിക്കുന്ന ബിൽ ആദ്യമായി കൊണ്ടുവന്നതു് പി. എസ്സ്. പി. ഗവണ്മെന്റാണു് എന്നതു് മറയ്ക്കാവുന്നതല്ല. അന്നു് ആ ബിൽ കൊണ്ടുവന്നപ്പോൾ നഷ്ടപരിഹാരമായി കൊടുക്കാൻ വ്യവസ്ഥ ചെയ്തിരുന്നതു് വാർഷികപാട്ടത്തിന്റെ പതിനാറും മൂന്നിൽ രണ്ടു് ഇരട്ടിയായിരുന്നു. ഈ ബില്ലിൽ അതു് എട്ടും മൂന്നിൽ ഒന്നു് ഇരട്ടിയാക്കിക്കുറച്ചിരിക്കുകയാണു്. പി. എസ്സ്. പി. ബിൽ അവതരിപ്പിച്ചസമയം നഷ്ടപരിഹാരത്തെപ്പറ്റി വളരെ കൽനമായ ഒരു വ്യവസ്ഥയാണു് ഭരണഘടനയിലുണ്ടായിരുന്നതു്. ഇപ്പോൾ ഭരണഘടന 31-ാംവകുപ്പിനു വരുത്തിയിട്ടുള്ള ഭേദഗതിയനുസരിച്ചു് നഷ്ടപരിഹാരം ഏതു രീതിയിലും നിശ്ചയിക്കുവാൻ ഈ സഭയ്ക്കു് അധികാരമുണ്ടു്. ഈ വസ്തുത മറച്ചുവച്ചുകൊണ്ടാണു് ചില കോൺഗ്രസ്സ് സ്നേഹിതന്മാർ പി. എസ്സ്. പി. ബില്ലിനെ ആക്ഷേപിച്ചതു്. കൂടാതെ കഴിഞ്ഞ ഓഡ്ഡിറ്റ് സമ്മേളനത്തിനു് ഇതിന്റെ മുൻഗാമിയായ ബിൽ സെലക്ട്കമ്മിറ്റിക്കയയ്ക്കുന്നതിനു മുമ്പുള്ള ചർച്ച നടന്നപ്പോൾ നഷ്ടപരിഹാരം പതിനാറും മൂന്നിൽ രണ്ടിരട്ടിയിൽനിന്നും കുറച്ചുചെയ്യുമെന്നു് ഞങ്ങളുടെ പാർട്ടിക്കുവേണ്ടി ഞാൻ അവശ്യപ്പെടുകയും, ആ അഭിപ്രായത്തെ അദ്ദേഹവും അനുകൂലിക്കുന്നുവെന്നു് മന്ത്രി ശ്രീ. എ ജെ. ജോൺ മറുപടി പറയുകയും ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് പി. എസ്സ്. പി. ഗവണ്മെന്റു് അന്നു് പതിനാറും മൂന്നിൽ രണ്ടിരട്ടി എന്ന വ്യവസ്ഥ ചെയ്തിരുന്നതു്, പിൻതിരിപ്പനായതുകൊണ്ടാണെന്നും, ഇന്നത്തെ ഗവണ്മെന്റാണു് അതു് എട്ടും മൂന്നിൽ ഒന്നു് ആയി കുറച്ചതു് എന്നും മറ്റും പറയുന്നതു് യഥാർത്ഥവസ്തുതകളെ മറച്ചുവച്ചുകൊണ്ടുള്ള ഒരു തരം മുതലെടുപ്പാണു് എന്നു മാത്രം നന്നല്ല എന്നാണു് എന്റെ സ്നേഹിതന്മാരോടു് എനിക്കു പറയുവാനുള്ളതു്.

മറ്റൊരു സംഗതി, നഷ്ടപരിഹാരം കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെന്റിനു് വലുതായ പണച്ചെലവുണ്ടാകുമില്ലെന്നു മന്ത്രിയുടെ പ്രസ്താവനയെപ്പറ്റിയാണു് ഇവക വസ്തുക്കളിൽ നിന്നും പ്രതിവർഷം 1,40,492 രൂപ വരവും, 1,37,591 രൂപ മാത്രം ചെലവും ഉണ്ടാകുമെന്നാണു് ഭേദഗതിയുടെ അഭിപ്രായം. പക്ഷേ ബില്ലിന്റെ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന ഏതാണ്ടു് ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. വിശ്വംഭരൻ]

ഇരുപതു വർഷം കഴിയുമ്പോൾ ഗവണ്മെന്റ് ഒട്ടുവാൻ ബാദ്ധ്യസ്ഥരാണ്. അതു് ദേഹം ചെലവാകുമെന്നു തോന്നുന്നില്ല. എങ്കിലും ഈ ബിൽ ഓടക്കുഴലിന്റെ ഗുണമെന്നു നിർദ്ദേശത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ടി. എസ്. രാമസ്വാമി: സർ, നാൻ ഇന്ത മസോതാവൈ മികവും സന്തോഷത്തോടു കൂടി വരവേറ്കിറേൻ. അതോടു ഇതുപറ്റി ഒരു സില വാർത്തൈകൾ കൂറ വിരുമ്പുകിറേൻ. ഇതറ്കു മുന്നാൽ ഇരുന്ത പി. എസ്. പി. അരസാങ്കം കൊണ്ടുവന്ത ഒരു മസോതാവിലേ Special Rights in Land Abolition Bill -ൽ ശ്രീപാതം, ശ്രീപണ്ടാരവകൈ, ഇടവകൈ, എന്റ മൂന്റു തരമാന ലാണ്ട് ടെനിയുവർകളൈ അവർകൾ പരിശീലനൈ സെയ്തിരുന്താർകൾ. അവൈകളൈ മാറ്റുവതറ്കു തിട്ടമും വകുത്തിരുന്താർകൾ. നഷ്ടഈടു പറ്റിയ പിരച്നൈ ഒരുപുറമിരുക്ക, അതൈപ്പറ്റി അവർകൾ പേച്സുവാർത്തൈ നടത്തിയതൈക് കുറിത്തു അവർകളൈ നാൻ പാരാട്ടുകിറേൻ. ആനാൽ അതേ സമയത്തിൽ ഇരണ്ടാവതു വകൈയാന ശ്രീപണ്ടാരവകൈയൈപ് പൊറുത്തവരൈ ഒരു മുക്കിയമാന വിഷയത്തൈ നാൻ ഇന്ത സപൈയിൽ കുറിപ്പിട വിരുമ്പുകിറേൻ. ഇന്റു ഇന്ത ഇടവകൈകളിൽ ഉള്ള കുടിയാനവർകൾ, കിരുഷിക്കാരർകൾ, ഇന്റു അടിപ്പടൈക് കരം(Basic tax) കൊടുക്കാതവർകൾ ആവാർകൾ. ആനാൽ അതേ സമയത്തിൽ ശ്രീപണ്ടാരവകൈ വിവസായികളിൽ ഇന്റും പേസിക് ടാക്സ് കൊടുത്തുക്കൊണ്ടു വരുകിറവർകളും ഉണ്ടു. 33,000 ഏക്കറിലേ 8000 ഏക്കറിൽ ഉള്ള വിവസായികൾ ഇന്റും അടിപ്പടൈക് കരം കൊടുത്തു വരുകിറാർകൾ. അന്ത അടിപ്പടൈക് കരത്തിറ്കു മേലാക അവർകൾ തിരുപ്പുവാരമും കൊടുക്കവേണ്ടിയ നിലൈമൈയിൽ ഇരുക്കിറാർകൾ. ശ്രീമാൻ ജാൺ അവർകൾ പൂഞ്ഞാർ ഛീപ്-ൻ ഉയർന്ത മനപ്പാൻമൈയൈപ് പറ്റിച് സൊന്നാർകൾ. അപ്പടി അവർകളൈ പാരാട്ടിയ നിതിമന്തിരി അവർകളുക്കു ഇന്ത മണിയങ്കരത്തൈത് തീർപ്പതറ്കുള്ള ഉയർന്ത മനപ്പാൻമൈ വരവില്ലൈയേ എന്റു നാൻ വരുന്തുകിറേൻ. അതോടു ഇന്തപ് പിരച്നൈയാനതു, അട്വകേട് ജനറൽ ഉൾപട എല്ലോരും സേർന്തു ആലോചിത്തു മുടിവു കട്ടിയ ഒരു പിരച്നൈയാകും. ഇതിൽ ഏതോ സന്തേകമിരുപ്പതാക തമ്പി അവർകൾ കൂറിനാർകൾ. ഇതു നിച്സയമാന വിഷയമാകും. തെൻ പിരതേസങ്കൾ ഇങ്കിരുന്തു പോകപ്പോകിറ കാരണത്താൽ മാത്തിരം താൻ അരസാങ്കം അതൈപ്പറ്റി കവലൈ കൊള്ളാമൽ ഇരുക്കിറതു എന്റു താൻ നാൻ സൊൽവേൻ. എന്നൈപ് പൊറുത്തവരൈ ഇതൈപ് പോന്റു എത്തനൈയോ കാരണങ്കൾ ഉണ്ടു, ഇന്ത അരസാങ്കത്തിറ്കു പാരപട്ച മനപ്പാൻമൈ ഇരുക്കിറതെന്റു സൊൽവതറ്കു. ഒരു അരസാങ്കം മികവും സവിസ്താരമാന മുറൈയിൽ എല്ലാ കട്ചിയിനർകളും, അട്വകേട് ജനരലും, രാജപ്പിരമുക് അവർകളിൻ പിരതിനിധിയും സേർന്തു മുടിവുസെയ്ത ഒരു തീർമാനത്തൈപ് പറ്റി, അതൈ ഉടനടിയാക നടൈമുറൈക്കു കൊണ്ടു വരുവതൈ വിട്ടുവിട്ടു അതൈ മാറ്റി വൈപ്പതെന്റാൽ അതു പാരപട്ച മനപ്പാൻമൈയേ തവിര വേറെന്റുമ് അല്ല. ഇങ്കുള്ള അരസാങ്കമും, അരചിയൽ കട്ചികളും എവ്വളവു തൂരം ഇതുപറ്റി ആവലോടു ഇരുക്കിറാർകളോ അതൈവിട കൂടുതലാക

LIBRARY ARCHIVES Kerala Legislative Assembly

ராஜபிரமுக் அவர்கள், ஸ்ரீ பண்டாரவகை பூமிகளின் டிரஸ்டியாக இருக்கும், அவர்கள் இதை நீர்க்கவேண்டுமென்று அக்கரையோடு இருக்கிறார்கள். எனக்கு இதைக்குறித்து அரசாங்கத்தோடும் ராஜப்பிரமுக் அவர்களோடும் பேச்சுவார்த்தை நடத்துவதற்கு சந்தர்ப்பம் ஏற்பட்டது. இந்த மணியங்கரத்தை நிறுத்தல் செய்வதற்குள்ள ஏற்பாடுகளை இந்த அரசாங்கம் செய்ய முற்படாததற்குக் காரணம், இந்த அரசாங்கத்தின் பாரபட்ச மனப்பான்மையே என்று ஒருதடவை கூட இங்கு கூறவிரும்புகிறேன். அதை வெகு விரைவிலே நீர்க்க வேண்டுமென்று வணக்கத்துடன் கேட்டுக்கொள்கிறேன்.

ஸ்ரீ. என். நாராயண குருப்பு: மதராஸோடு போனால் உங்கள் இஷ்டம்போல் இந்த மணியங்கரத்தை நிறுத்த ஒரு சட்டம் பாசாக்க முடியாதா?

ஸ்ரீ. டி. எஸ். ராமசுவாமி: அந்தக்கேள்வியை நான் பாராட்டுகிறேன். இங்குள்ள தமிழ் அங்கத்தினர்கள் சென்னையோடு போக முடிவு செய்ததற்குள்ள காரணங்களில் இது ஒன்றுகும்.

SHRI A. THANU PILLAI : Sir, at first I did not think of intervening in this debate at all. But certain points were raised here by some Members of the Government Party. In fact, it was rather distressing to find that they wanted to make political capital out of the little things that they are trying to do.

Sir, what are the facts? Here the P. S. P. Government was charged with having brought forward measures in haste, without thought, and so on. I ask the Congress Party, have they any sense of shame when they bring forward such charges? What are the facts? I am sorry I have to state the facts here before the House though not for the cosideration of the Congress Members who are unable to view things dispassionately and correctly. What is the history of land legislation in Travancore-Cochin? What are the facts? From the year 1948 to the year 1954, during a long span of six years, the Congress was in power and they were not able to draft anything. The matter was pending. A promise from time to time that a Bill was being got ready, that it will come now, that it will be brought in the next session and so on, was made. And thus, six years passed and the P. S. P. Government took charge in the month of March 1954. In the July session, we introduced this Bill.

It was done with the knowledge of the things that we had. We acknowledge it gracefully. We may not have had the requsite knowledge; we may not have obtaind willingness of the land owners and tenants. We introduced Bills not only

LIBRARY ARCHIVES Kerala Legislative Assembly

[Shri A. Thanu Pillai]

in connection with Edavagais. We introduced Bills covering practically all the relationships concerning land. Of course, Sir, such Bills necessarily would be defective from various points of view. I don't claim perfection. No Bill of the kinds we introduced can be complained of in their fundamentals either by the Congress Party or the Communist Party. We wanted legislation. We drafted the Bills and brought them forward. We did it in the midst or very onerous works, we had to deal with the service integration. I am not trying to glorifying myself. I am not the man to speak high of little things.

What are the facts relating to Bills regulating the relationship between the normal land-owner and the tenant, between Edavagais and their tenants. We wanted to make provision relating to compensation for improvements and so on. We introduced seven Bills, and among them this Bill. The Congress Government say they want to bring about legislation in a more rational way. We wanted the Legislature to consider this matter and then take the decision. Here they have resorted to the ways of negotiation themselves, and then they have brought forward the Bills. In regard to that, first of all, I may ask, where is the agreement between the Government and the Edavagais, the agreement on which they want us to legislate now. We are asked to legislate, I trust. They say so and so have agreed upon such and such things. We have every right to ask them where is that agreement. One friend has raised that point. They said it is all being prepared and signed ; they are not yet complete.

I know, that, if this House legislates, that legislation will be final. In that case, we must be on our guard fully. We must be thoroughly equipped. We will not be justified if the Courts say later that this House has no right to legislate with respect to Edavagais, and the Government, and with respect to the compensation to be paid. Even though we have the right that is not the right course. But if, as a matter of expediency, if the Edavagais are agreed and if that agreement is definite and clear, we must take that into consideration in enacting it into law. The P. S. P. look a different line of approach. We wanted the regular course. What is it that we did in regard to this very Bill ? We wanted to deal not only with these Edavagais but also

LIBRARY ARCHIVES Kerala Legislative Assembly

with Sripandaravagai and Sreepadom lands. All these are lands more or less on the same footing. We want to bring all these Sreepandaravagai and Sreepadom and Edavagai lands on the same footing. In doing so we calculated the compensation on the basis of 6 per cent interest. Now the present Government calculate the compensation on the basis of 12% interest. That means this. If an amount is paid to an Edavagai and if that Edavagai gets interest at 6% on that amount they should be able to get the amount that they are now getting as rent. In spite of that the present Government say that the Edavagais have agreed that the amount that they have paid is such that if interest is calculated on that at 12% per annum they would get an annuity at the present rent. I think I am right. That is all. I understand that there is a difference between 12 and 6% interest. Then we provided for the capitalised amount on the basis of 6% interest. We thought it was normal and right. What is the interest that we proposed to pay them for their money in the hands of Government ? Four per cent. In the original Bill also that was what was provided. They have capitalised on the basis of 12% interest. I distinctly remember when the Bills were introduced, that I myself told the House, we have told the capitalists that it is for the House to decide whether it should be on 6% interest basis, or 9% interest basis or 12% interest basis, or as Mr. T. V. Thomas would have it on 4% interest basis. We were not for taking final decision by the Government; we wanted to have it to this House. Now the Government say that they have been able to make the Edavagais agree to the capitalisation on 12% basis. If the money so paid by us is received and divided among themselves by the major members of a family some other difficulty will arise. A family may consist of minors also. As it is, they have no voice. According to the present arrangements the adult members of a family can get an annuity for their life. When we legislate can we do that? This House must be in a position to know the terms of agreement. We don't know what they have really agreed upon. It should not be that later on they should say "we did not agree to all this; the understanding was such and such". Anyway we should not give room for any such complaint.

Therefore, Sir, when we proposed capitalising the value, I mean the annual receipts, on six per cent interest we all knew that after all this House will reduce the amount by

LIBRARY ARCHIVES Kerala Legislative Assembly

[Shri. A. Thanu Pillai]

increasing its interest at which it may have to be capitalised. In fact, I knew it. I did state this before this House. Some Members in my Party, I distinctly remember, did so. I remember that Mr. Viswambharan stated that this capitalisation on 6% interest, namely sixteen and two thirds purchase is too high, and it should be by no means above 8 and one third purchase. Therefore there is nothing new or wonderful about it. Why? In certain other things also we have adopted this eight and one third. If the tenant is to be benefited, of course, the majority will say that we must accept that course. If the tenant is to suffer they will say 'No'. It is the value that should be capitalised. In Cochin it is 20 years' purchase and in Travancore it is 8 and one third years' purchase. We must accept a medium course between these two.

So after all why this furore? Even if this Bill had not been brought forward and the original Bill had been proceeded with I am almost certain in respect of what we mentioned in that; capitalisation would not have been any thing more than 8 and one third years' purchase. Therefore, it is nothing strange or wonderful.

Then Sir, about arrears. It was decided in our Bills that the arrears should be recovered and the Government did not take the risk of recovering the arrears. Now, in this Bill the Government have undertaken to recover the arrears and pay the Edavagais.

Now the all important questions regarding the Sreepadom and Sreepandaravagai lands. We wanted to deal with all these lands on the same footing. Now the question has come up whether all this will not be to the detriment of the southern taluks. I cannot say anything definite about that, because two opinions are possible If the southern taluks remain—I hope they would not go—they may be benefited; if they go there is absolutely no question. Anyway the provision in the original Bill should have been proceeded with. The 16 and two third has been reduced to 8 and one third. We appointed the Moniamkaram Committee and they recommended that way. They also said that land should be purchased at 16 and two thirds years' purchase. I don't know what the present Government are going to do. These are matters for consideration. This should not embarrass

LIBRARY ARCHIVES Kerala Legislative Assembly

people. This should not embarrass the Madras Government also. Anyway the tenant may be benefited. We may adopt any measure with this end in view. The Madras Government can well accept a useful decision. There need not be any difference of opinion. That is a matter for further consideration. There I agree with the Government It may be even said by Government that it is under consideration. These are not the only points. There can be other considerations as well. Southern taluks are not the only places that are affected by this. Certain other taluks like Trivandrum, Neyyattinkara, Chirayinkil etc, have these kind of lands. Anyway the matter has to be dealt with. We wanted to dispense with the Sreepadom lands with their chiefships. All these must go. I am not very happy about the Governments' undertaking the liability for the management of temples who are the persons benefited by this idea?

Now no-doubt there seems to be some advantage. In this case we pay less. And in a legislation, so far as I am concerned, it is not always a question of paying less or even the ryots paying less.

Some mistake was made by Shri T. V. Thomas. I must be frank in this House. The figures of collection are these. On an area of 120,000 acres, the excess of rent over basic tax is 14,000 rupees per annum. If instead of rent we levy basic tax, the receipts will be less by Rs 14,000 per annum. After all even if our figures were adopted Government can make good the difference between the capitalised value on the basis of basic tax, the excess whatever that be has to be paid by the tenant. That would be very little. The principle we accepted was that public money should not be spent. Suppose we agreed to paying a higher compensation. Public money would be spent to benefit a particular class. Whether the payment is at a higher rate or lower rate is another question. If we lower the rate, the tenant would have nothing to pay. If at a higher rate, the compensation would be fixed at 8 1/3 years' purchase and tenant would have nothing to pay.

What I said is that let us view things more properly and with a better sense of decency and truthfulness.

I hope this Bill would go to a Select Committee because there is no point in rushing through this Bill without referring to a Select Committee.

LIBRARY ARCHIVES Kerala Legislative Assembly

11 A. M.

ശ്രീ. ടി. പി. സീതാരാമൻ : കാൺഗ്രസ് പക്ഷത്തുനിന്നും കൊണ്ടു വന്നിട്ടുള്ള ഈ ഇടവക ബില്ലിനെസംബന്ധിച്ച് പ്രതിപക്ഷമെംബറന്മാർ ചില ആക്ഷേപങ്ങൾ പുറപ്പെടുവിക്കയുണ്ടായി. ശ്രീ. പട്ടം താണുപിള്ളയുടെ പ്രസംഗത്തിൽ തന്നെ ഡീസൻസിയില്ലെന്നും ഇൻഡീസൻറാണെന്നും നാൺസെൻസാണെന്നും മറ്റും അഭിപ്രായങ്ങൾ പുറപ്പെടുവിച്ചതായി കേട്ടു. എന്നാൽ അദ്ദേഹത്തിന്റെ പാർട്ടി ഇവിടെ അധികാരത്തിലിരുന്നപ്പോൾ ഒരു ബില്ല് എഴുതിയുണ്ടാക്കി ഇവിടെ ഹാജരാക്കിയതു ഒരു സ്ക്രാപ്പ് ആഫ് പേപ്പറായി ചീന്തിക്കളഞ്ഞിട്ട മറ്റുള്ളവർ ഒരു നല്ല ബില്ല് ഈ നിയമസഭയിൽ അവതരിപ്പിക്കണമെന്നു വിചാരിച്ചു എന്നു ശ്രീ. ചാണ്ടി പ്രസ്താവിച്ചതിനോടു ഞാനും യോജിക്കുന്നു. ജന്മിത്വം ഇവിടെ നിലനിന്നുന്നതിനും, കൈവശം വച്ചുകൊണ്ടിരിക്കാവുന്ന ഭൂമിയുടെ പരിധി നിശ്ചയിക്കുന്നതിനും ചില നിശ്ചിതനിയമങ്ങൾമാത്രം ഇവിടെ ഹാജരാക്കപ്പെട്ടുകഴിഞ്ഞു. മറ്റു പല ആവശ്യമായ ബില്ലുകളും ഇവിടെ മാറ്റി എഴുതിക്കൊണ്ടുവരുന്നതിനും കാലം വളരെ വൈകിയിരിക്കുന്നു എങ്കിലും ഈ ബിൽ ഇവിടെ മാറ്റി എഴുതിക്കൊണ്ടുവന്നതിൽ ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തരകാര്യമന്ത്രിയെ വളരെ അധികം അനുമോദിക്കുന്നു. മുൻകാലങ്ങളിൽതന്നെ വളരെ അനുകൂലമായിട്ടുള്ള പരിതസ്ഥിതികളിൽ കടിയാന്മാർക്കു് സംരക്ഷണം നൽകുന്നതിനുവേണ്ടിയുള്ള ചുറ്റുപാടുകളിൽ വളരെയധികം ഭേദഗതികളും അനന്തരം നിയമങ്ങളിൽ വരുത്തിയ്ക്കപ്പെട്ടുള്ളതായി ഈ സഭയുടെ ശ്രദ്ധയിൽതന്നെ കൊണ്ടുവന്നിട്ടുണ്ടു്. അതുപോലെ ഈ മന്ത്രിസഭയും മുൻകൈ എടുത്തു ജനങ്ങൾക്കു വളരെ അനുകൂലമായിട്ടുള്ള ബില്ലുകളും അവതരിപ്പിക്കണം എന്നു ഞാൻ ഈ മന്ത്രിസഭയോടും ഈ നിയമസഭയോടും അഭ്യർത്ഥിക്കുന്നു.

ശ്രീ. എൻ. പരമേശ്വരൻപിള്ള : സർ, ഈ ബില്ലു് സെലക്ററ കമ്മിറ്റിക്കു അയയ്ക്കുന്ന അവസരത്തിൽ ആ സെലക്ററകമ്മിറ്റിയുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ട ഒന്നു രണ്ടു കാര്യങ്ങളെപ്പറ്റിമാത്രം പറയാനാണു ഞാൻ ഒരുങ്ങുന്നതു്. ഈ ബില്ലിൽ ഇടപ്പള്ളി, കിളിമാനൂർ, പൂഞ്ഞാർ, വഞ്ചിപ്പുഴ ഇങ്ങനെ നാലിടവകകളാണു ഉൾക്കൊള്ളിച്ചിട്ടുള്ളതു്. ആ നാലു ഇടവകകൾക്കും ക്ഷേത്രങ്ങൾ ഉള്ളതായി കാണുന്നു. ഈ ക്ഷേത്രങ്ങളുടെയും ദേവസ്വങ്ങളുടെയും ഭരണം സംബന്ധിച്ചു ചെയ്തിരിക്കുന്ന വ്യവസ്ഥ കുറെക്കൂടി ആലോചിക്കേണ്ട ഒന്നല്ലേ എന്നുള്ളകാര്യം ഈ സെലക്ററകമ്മിറ്റിയുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണു്. ഈ ബില്ലിൽ ദേവസ്വങ്ങളുടെ ഭരണത്തിനു ഗവണ്മെൻറിനെ കുറെ സംഖ്യ ഏല്പിക്കുന്നു എന്നും അതിലേക്കു് ഗവണ്മെൻറിന്റെ പക്കൽ കുറെ സംഖ്യ റിട്ടെയിൻ ചെയ്യുന്നു എന്നും അതിനു നാല്പതമാനം പലിശ ചുമത്തിയിട്ടുണ്ടെന്നും അതുകൂടാതെ ഗവണ്മെൻറിൽനിന്നും മറ്റുചില വ്യവസ്ഥകളും ചെയ്യുന്നതിനും ഇതിന്റെ ചില ഭാഗങ്ങളിൽ പറയുന്നുണ്ടു്. ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ ശ്രീ. പി. എസ്. നടരാജപിള്ള അവർകൾ ചൂണ്ടിക്കാണിച്ചതുപോലെ ക്ഷേത്രഭരണം സംബന്ധിച്ചകാര്യം ഇടപ്പള്ളിയിലേയും മറ്റും ചീഫും ഗവണ്മെൻറും മാത്രമായി ചെയ്യാവുന്ന ഒരു വ്യവസ്ഥയാണോ എന്നാലോചിക്കേണ്ടതാണു്. വാസ്തവത്തിൽ ഒരു ട്രസ്റ്റി എന്നുള്ള നിലയിൽ നിന്നുകൊണ്ടു് ബെനിഫിഷ്യറീസ് ആയ ആരാധന

LIBRARY ARCHIVES Kerala Legislative Assembly

ക്കാരെന്നുള്ള ഒരു വിഭാഗക്കാരെക്കൂടി ചിന്തിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ബനിഫിഷ്യറീസ് എന്നു പറയുന്നതിനുള്ള പരിധി നിശ്ചയിക്കുക എന്നുള്ളകാര്യം പ്രയാസമായിട്ടുള്ള ഒന്നാണ്.

SHRI A. A. D. LUIZ : Did the hon. member read clause II (a) where Devaswom Lands are exempted from the provisions of this Bill?

ശ്രീ. എൻ. പരമേശ്വരൻപിള്ള : അതല്ല ഞാൻ പറയുന്നതു്. ഈ ജന്മിമാരുടെ വകയായിട്ടുള്ള ക്ഷേത്രങ്ങളുടെ ഭരണത്തിനു ഏതാനും തുകകൾ ഗവണ്മെൻറിന്റെ പക്കൽ റീട്ടെയിൻ ചെയ്യുക, അതിന്റെ പലിശ ഉപയോഗിച്ചു അതിന്റെ ചെലവുകൾ നിർവഹിക്കുക, ഏതാനും കൊല്ലങ്ങൾക്കുശേഷം അതു മാറ്റവ്യവസ്ഥചെയ്തു മാറ്റചില സ്ഥാപനങ്ങളെ ഏൽപ്പിക്കുകയോ ഏൽപ്പിക്കാതിരിക്കുകയോ ചെയ്യുക എന്നെല്ലാമുള്ള വ്യവസ്ഥകൾ ഈ ബില്ലിലുണ്ട്. അങ്ങനെ ചീഫും ഗവണ്മെൻറും മാത്രം ചേർന്നു കാര്യങ്ങൾ തീരുമാനിക്കാതെ ഇതിന്റെ ബെനിഫിഷ്യറീസിനെക്കൂടി അതായതു്, ഒരു പ്രത്യേക മതവിഭാഗത്തിൽപ്പെട്ട ആളുകളെക്കൂടി സ്വീകരിക്കേണ്ടതായ ഒരു കാര്യമാണെന്നിരിക്കേ ആ മതവിഭാഗത്തിൽപ്പെട്ടവർക്കു് അതിലുള്ള ചുമതല ഇപ്പോൾ വിട്ടുകൊടുക്കുകയും അതു ഇപ്പോൾതന്നെ അവരെ ഏൽപ്പിക്കുകയും ചെയ്യേണ്ടതു ആവശ്യമാണു്. ഒരു സെക്കുലർ സ്റ്റേറായ നമ്മുടെ രാജ്യത്തു ഒരു മതവിഭാഗക്കാരുടെ ഭരണത്തിൽ മാറ്റുള്ളവർ കൂടുതൽ ഇടപെടാതിരിക്കുവാൻ ഉള്ള ഒരു വ്യവസ്ഥ ഇതിൽ ഉൾക്കൊള്ളിക്കേണ്ടതു വളരെ ആവശ്യമാണു്.

ഇവിടെ ബഹുമാനപ്പെട്ട റവന്യൂമിനിസ്റ്റർ പറഞ്ഞു പത്തുകൊല്ലക്കാലം കഴിയുമ്പോൾ ഈ ആനുവിറ്റീസ് കൊടുക്കുന്നതു അൻപതു ശതമാനം കുറയുമെന്നു് അദ്ദേഹം പ്രതീക്ഷിക്കുന്നുയെന്നു്. അദ്ദേഹം ഈ മനുഷ്യായുസ് എങ്ങനെ കണക്കാക്കി. കാലക്രമത്തിൽ കുറഞ്ഞുവരുമെന്നുള്ളതല്ലാതെ 50 ശതമാനം കുറവു വരുമോ എന്നുള്ളതു സംശയമായ്ട്ടാണെനിക്കു തോന്നുന്നതു്,

പിന്നെ ഇടവക റൈറ്റ്സിനെ സംബന്ധിച്ചു ഇവിടെ പറയുകയുണ്ടായി. ഇടവക റൈറ്റ്സ് ആൻറ് പ്രിവിലേജസ് അനുസരിച്ചു എക്സ്പ്രസ് നിയമം ചീഫിനു കിട്ടുന്ന ഒരു നിയമം ആണോ എന്നും, വസ്തുക്കളെ സംബന്ധിച്ചുള്ളതു് സ്ഥിരമായ അവകാശമാണോ എന്നുമുള്ളതെല്ലാം നിശ്ചയിച്ചു് ഇങ്ങനെ ഒരു നിയമനിർമ്മാണം ചെയ്യുമ്പോൾ വരാവുന്ന അംബിഗ്വിറ്റി ഇല്ലാതിരിക്കാൻ സെലക്ട് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കണം. ഇതുവക സംഗതികൾ സെലക്ട് കമ്മിറ്റി ശ്രദ്ധിക്കണമെന്നു പ്രസ്താവിച്ചുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എ. ജെ. ജാൻ : സർ, ഈ സഭയിലെ വിവിധ രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവർ ഈ ബില്ലിലെ വ്യവസ്ഥകളോടു പരിപൂർണ്ണമായി യോജിക്കുന്നു എന്നു കാണുന്നതിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്. ഈ നാലിടവകകളിൽക്കൂടി ഏകദേശം 44000 റെജിസ്റ്റേഡ് ഹോൾഡേഴ്സായിട്ടുള്ള ആളുകളാണുള്ളതു്. അത്രയുംതന്നെ അണ്സെറ്റിൽഡ് ഹോൾഡേഴ്സ് ആയിട്ടുള്ള ആളുകൾ കാണുമായിരിക്കും. ഇത്രയും അധികം കുടുംബങ്ങൾക്കു് ഇതിനേക്കാൾ കൂടുതൽ അനുകൂലം ചെയ്യുന്നതുക വ്യവസ്ഥകൾ അടങ്ങിയ ഒരു ബിൽ കൊടിയാന്മാരെ സംബ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. ജെ. ജാൺ]

ന്ധിച്ചിടത്തോളം ഉണ്ടാക്കുവാൻ സാദ്ധ്യമല്ലായെന്നകൂടി ധരിച്ചുകൊണ്ടായിരിക്കണം എല്ലാവരും ഈ ബില്ലിന്റെ വ്യവസ്ഥകളോട് യോജിച്ചത്. എന്നാൽ ഈ ബിൽ ഇവിടെ അവതരിപ്പിച്ചതിൽ ചില രാഷ്ട്രീയ ഉദ്ദേശം ഉണ്ടെന്നു ചില മെംബറന്മാർ പ്രസ്താവിക്കുകയുണ്ടായതിൽ എനിക്കുദിയായ വ്യസനമുണ്ട്. ഈ രാജ്യത്തുള്ള ആളുകളുടെ ക്ഷേമത്തിനു വേണ്ടി എന്തെല്ലാം പ്രവർത്തിക്കാമോ അതെല്ലാം പ്രവർത്തിക്കണമെന്നുള്ള നല്ല ഉദ്ദേശത്തോടുകൂടിയാണ് ഗവണ്മെന്റ് പ്രവർത്തിച്ചിട്ടുള്ളത്. എത്ര നല്ല സംഗതിയായിരുന്നാലും അതിൽ ഒരന്വേഷണം നടത്തി അതിൽ എന്തെങ്കിലും ദോഷം കണ്ടുപിടിക്കുവാൻ ശ്രമിക്കുന്ന ഒരു കൂട്ടർ ഈ നാട്ടിലെ ജനങ്ങളുടെ ഇടയിലുണ്ട്. അവരെ സാധാരണ ദോഷൈകദൃക്കുകൾ എന്നാണ് പറയുന്നത്. (ചിരി) അങ്ങനെയുള്ളവർ

ശ്രീ. ടി. വി. തോമസ് : രാഷ്ട്രീയ മുതലെടുപ്പാണെന്ന ആരാണ് പറഞ്ഞത്. ഇതവതരിപ്പിച്ച പാർട്ടിയിൽപ്പെട്ടവർ തന്നെയാണ്.

ശ്രീ. എ. ജെ. ജാൺ : ശ്രീമാൻ എം. പി. മേനോനും വേറെ ഒന്നുരണ്ടുപേരും പറയുകയുണ്ടായി.

ശ്രീ. എം. പി. മേനോൻ : ശ്രീ. ചാണ്ടിയാണ് അങ്ങനെ സൂചിപ്പിച്ചത്.

ശ്രീ. എ. ജെ. ജാൺ : ശ്രീ. ചാണ്ടി പറഞ്ഞതിനെ സാധൂകരിക്കാം. ഇതിനും കൂടുംബങ്ങൾക്കു ആനുകൂല്യം ചെയ്തതിൽ ഈ ഗവണ്മെന്റിനു വളരെ ചാരിതാർത്ഥ്യമുണ്ട്. അതനുസരിച്ചു ശ്രീ. ചാണ്ടി പറഞ്ഞതു സാധൂകരിക്കത്തക്കതാണെന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. പി. ആർ. മാധവൻപിള്ള : ഈ അൺസെറിൽഡ് ഹോൾഡേഴ്സിന്റെ കാര്യം എടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഇല്ല. എന്തായിരുന്നാലും അവർ കുറെ ആയിരമുണ്ട്.

പിന്നീട് ഈ ഇടവകയിലുള്ളതായ ചീഫുകളും മറ്റും ഇതിനോടു യോജിച്ചു പ്രവർത്തിക്കാം എന്നുള്ള സമ്മതസ്സുകാണിച്ചിരിക്കുകയാണ്. ശ്രീമാൻ രാമപിള്ള ഇവിടെ പറയുകയുണ്ടായി അവരും ഗവണ്മെന്റുമായുള്ള ഈ എഗ്രിമെന്റിൽ ഒപ്പിട്ടിട്ടില്ല എന്ന്. ഈ എഗ്രിമെന്റിൽ ഇടപ്പള്ളി ഇടവകയിലുള്ള എല്ലാ അംഗങ്ങളും ഒപ്പിട്ടിട്ടുണ്ട്. കിളിമാനൂർ കൊട്ടാരത്തിൽ 98 മേജറായ അംഗങ്ങളും 86 മൈനർ അംഗങ്ങളും ഉള്ളതിൽ 11 മേജറായ അംഗങ്ങൾ ഒഴിച്ചു ബാക്കിയുള്ളവരെല്ലാം ഒപ്പിട്ടിട്ടുണ്ട്. പൂഞ്ഞാർ 83 മേജറായ ആളുകളും 73 മൈനറും ഉള്ളതിൽ അഞ്ചു മേജർ ഒഴിച്ചു ബാക്കിയുള്ളവരും ഒപ്പിട്ടിട്ടുണ്ട്. ബാക്കിയുള്ളവരുടെ എല്ലാം ഒപ്പുകൂടി ഇടുവിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അതാതിടവകയിലുള്ള എല്ലാ ആളുകളും സമ്മതിച്ചിരിക്കുകയാണ്. പിന്നീട് ഈ ഇടവകകളിലുള്ള അംഗങ്ങൾക്കു കൊടുക്കുന്ന തുകയ്ക്കു ആനുവിറ്റി എന്നു പറയുന്നതു തെറ്റല്ലയോ അതു പെൻഷനെന്നോ മറ്റോ പറഞ്ഞു കൊടുക്കണം എന്നു പറയുകയുണ്ടായി. കിളിമാനൂർ കൊട്ടാരത്തിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

അംഗത്തിനു മാസത്തിൽ 14 രൂപയാണു കൊടുക്കുന്നതു്. അതുപോലെ പൂഞ്ഞാർ ഇടവകയിലെ അംഗത്തിനു 30 രൂപയാണു കൊടുക്കുന്നതു്. അതു പെൻഷൻ എന്നു പറയുന്നതിനേക്കാൾ ആനുവിറ്റി എന്നു പറയാതെ ഇതു നിസ്സാരമായി ഒരു വിമർശനം നടത്തേണ്ട ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല.

ശ്രീ. ടി. വി. തോമസ്: മുതൽ ഇല്ലാത്തതുകൊണ്ടല്ലേ കുറഞ്ഞു പോയതു്?

ശ്രീ. എ. ജെ. ജാൺ: കൊടുക്കുന്നതു് നല്ല പേരുപറഞ്ഞു് നല്ല മനസ്സോടുകൂടി കൊടുക്കാം.

അരിയേഴ്സിന്റെ കാര്യത്തെപ്പറ്റി ഇവിടെ പ്രസ്താവിക്കയുണ്ടായി. കുടിശ്ശികകാരം ഈടാക്കുന്നതിനു് ന്യായമായ അവകാശം ഇടവകകാർക്കുണ്ടു്.

ശ്രീ. എ. താണുപിള്ള: ഇതിനുമുമ്പു് ഗവണ്മെന്റുതന്നെ എതു് ഇടവകകാർക്കു് പിരിച്ചുകൊടുത്തു?

ശ്രീ. എ. ജെ. ജാൺ: ഇടപ്പള്ളിക്കു് അല്ലെന്നു തോന്നുന്നു.

ശ്രീ. എം. പി. മേനോൻ: ഇടപ്പള്ളിക്കു് ലാൻഡ് റിക്കവറി ആക്ടനുസരിച്ചു് ഗവണ്മെന്റു പിരിച്ചുകൊടുക്കുകയാണെന്നു് അറിയാമോ?

ശ്രീ. എ. ജെ. ജാൺ: എനിക്കു് നല്ല നിശ്ചയമില്ല.

ഇനി കുടിയാന്മാരും ചീഫുമായുള്ള സകല ബന്ധങ്ങളും അവസാനിക്കുകയാണു്. കുടിയാന്മാർ കൊടുക്കാതെ സമ്മതിച്ചിരുന്നതും അർഹതകാലത്തു് കൊടുക്കാതെ കുടിശ്ശികവരുത്തിയതുമായ തുകകൾ ഇനി ഞങ്ങൾക്കു തരാൻ സാദ്ധ്യമല്ലെന്നു പറയുന്നതു് ഒരിക്കലും നീതീകരിക്കത്തക്കതല്ലെന്നാണു് എനിക്കു പറയാനുള്ളതു്

പ്രതിപക്ഷനേതാവു പ്രസ്താവിക്കയുണ്ടായി, വസ്തുക്കൾ എടുക്കയാണെങ്കിൽ 25 ശതമാനം പ്രതിഫലം കൊടുത്താൽ മതിയെന്നു് റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നു്. ഒരു സബ്കമ്മിറ്റി അതിനെ റിപ്പോർട്ടുകൊടുത്തതായി പത്രങ്ങളിൽ ഞാനും കാണുകയുണ്ടായി. എന്നാൽ അതു പ്ലാനിംഗ്കമ്മിഷൻ സ്വീകരിക്കയോ അതുസംബന്ധിച്ചു് ഒരു ബിൽ പാർലമെന്റിൽ വരികയോ ചെയ്തിട്ടില്ല. മാത്രവുമല്ല, ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതു് സീലിംഗിനെ സംബന്ധിച്ചാണു്. വസ്തു എടുക്കുന്നതിനു് 25 ശതമാനം വിലകൊടുത്താൽ മതിയെന്നു് പറഞ്ഞിട്ടില്ല. ഇടവകകളിലുള്ള എല്ലാ വസ്തുക്കളും കാമ്പൻസേഷൻകൊടുത്തു് അക്വയർ ചെയ്യുകയാണു്,

ശ്രീ. രാമസ്വാമി ശ്രീ പണ്ടാരവക വസ്തുക്കളെ സംബന്ധിച്ചു് ഒന്നും ചെയ്തില്ലെന്നു പറയുകയുണ്ടായി, അതുസംബന്ധിച്ചു് വളരെ വളരെ കാര്യമായി ആലോചിച്ചുകൊണ്ടിരിക്കയാണു്. ആ പ്രദേശങ്ങൾ മദ്രാസിൽ പോകുന്നതുകൊണ്ടാണു് അതിനെപ്പറ്റി ശ്രദ്ധിക്കാത്തതെന്നു് അദ്ദേഹം പറഞ്ഞു. ആ താലൂക്കുകൾ മദ്രാസിൽ പോകാൻ പാടില്ലെന്നുള്ള ദൃഢമായ അഭിപ്രായമാണു് ഗവണ്മെന്റു കഴിഞ്ഞ ദിവസം രേഖപ്പെടുത്തിയിട്ടുള്ളതു്.

സ്പെഷ്യൽ ഓഫീസർ ഓൺ ലാൻഡ് അക്വിസിഷൻ ബി: വളരെ ആലോചനകൂടാതെ തയ്യാറാക്കി എന്നു് ഞാൻ പറഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഏ. തങ്കപ്പിള്ള : എന്നു ഞാനും പറഞ്ഞില്ല. ശ്രീ. ചാണ്ടിയാണ് അങ്ങിനെ സൂചിപ്പിച്ചത്.

ശ്രീ. എ. ജെ. ജാൺ : സെലക്ട് കമ്മിറ്റിക്കു് റഫർചെയ്തതായ ബില്ലിരിക്കുമ്പോൾ ആ വിഷയത്തെപ്പറ്റി വേറൊരുബിൽ കൊണ്ടുവരുമ്പോൾ അതിനുള്ള കാരണം പറയണം. ആ ബില്ലിലുള്ള വ്യവസ്ഥകളല്ല ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ബില്ലിലുള്ളതെന്നു പറയേണ്ട ചുമതല എനിക്കുണ്ടു്. മേസ് പാർലമെൻറി പ്രക്ടീസ് നോക്കിയപ്പോൾ അങ്ങനെ ഒരു ചുമതലയുണ്ടെന്നു കണ്ടതുകൊണ്ടു് പറഞ്ഞെന്നുമാത്രമേ ഉള്ളൂ.

ശ്രീ. ഏ. തങ്കപ്പിള്ള : ശ്രീ. ജാൺ അങ്ങനെ പറഞ്ഞു എന്നു് ഞാൻ പറഞ്ഞില്ല.

ശ്രീ. എ. ജെ. ജാൺ : ഇപ്പോഴത്തെ ബില്ലനുസരിച്ചു് കൂടുതൽ ആനുകൂല്യങ്ങൾ കടിയന്നോക്കു് സിദ്ധിക്കുന്നുണ്ടു്. ഇടപ്പള്ളിക്കും, പൂഞ്ഞാറിനും എക്സൈസിനത്തിൽ ഒരു തുക കൊടുക്കുന്നുണ്ടായിരുന്നു. സ്പെഷ്യൽ റൈറ്റ്സ് ലാൻഡ് അബാളിഷൻ ബില്ലിൽ അതിനൊരു വ്യവസ്ഥയും ചേർത്തിട്ടുണ്ടായിരുന്നില്ല. അങ്ങനെ ചേർക്കാതിരുന്നുവെങ്കിൽ അവർക്കു് ആണ്ടുതോറും കൊടുക്കേണ്ട തുക കൊടുക്കേണ്ടിവരുമായിരുന്നു. ഏകദേശം രണ്ടുലക്ഷം രൂപ ആണ്ടുതോറും കിട്ടിക്കൊണ്ടിരുന്നതു് രണ്ടുലക്ഷത്തി ഇരുപതിനായിരം രൂപമാത്രം ആക്കി കൊടുത്തു് ആ അവകാശം അവസാനിപ്പിച്ചിരിക്കയാണു്.

ശ്രീ. ടി. വി. തോമസ് : എക്സൈസ് കമ്പൻസേഷനുള്ള ലീഗൽ സ്റ്റാണ്ടറിറ്റി എന്താണു്.

ശ്രീ. എ. ജെ. ജാൺ : ഇടപ്പള്ളി ചീഫും ഗവണ്മെൻറുമായി ഉണ്ടായിരുന്ന ഉടമ്പടിയിൽ ഇത്രയും തുക കൊടുക്കാമെന്നു സമ്മതിച്ചിരുന്നതാണു്. അതില്ലാതെയാക്കുമ്പോൾ അതിനു പ്രതിഫലം കൊടുക്കുക എന്നതു് നിയമപ്രകാരം ആവശ്യമായ ഒരു സംഗതിയാണു്.

ദേവസ്വങ്ങളുടെ മാനേജ്മെൻറിനെപ്പറ്റി ശരിയായ വ്യവസ്ഥകൾ ഉണ്ടാക്കണമെന്നു പറയുകയുണ്ടായി. ഗവണ്മെൻറ് അതിനകത്തു പ്രവേശിക്കാൻ ഉദ്ദേശിക്കുന്നില്ല. ദേവസ്വങ്ങൾ ഇപ്പോൾ എങ്ങനെ. മാനേജു ചെയ്യുന്നുവോ അതുപോലെ നടക്കുന്നതായിരിക്കും. ഈ ബിൽ സെലക്ട് കമ്മിറ്റിക്കു് അയയ്ക്കണമെന്നു് ഞാൻ ആദ്യം പ്രസ്താവിച്ചില്ല.

The bill may be taken up for considertion at once. എന്നാണു് പറഞ്ഞതു്. ഇന്നുതന്നെ ബിൽ പാസ്സാക്കിയാൽ കൊള്ളാമെന്നാണു് ഗവണ്മെൻറിൻറെ ആഗ്രഹം. ഈ ബില്ലിൽതന്നെ 1956 ജനുവരി 1-ാംതീയതി മുതൽ നിയമം നടപ്പിൽ വരുത്തണമെന്നു ഒരു ക്ലോസ് ചേർത്തിട്ടുണ്ടു്. പ്രതിപക്ഷനേതാവു് ഈ ബിൽ ഇന്നുതന്നെ പാസാക്കുന്നതിൽ വിരോധമില്ലെന്നാണു് പറഞ്ഞിട്ടുള്ളതു്. ഈ സഭയിലുള്ള മെംബറന്മാർക്കു് ആ അഭിപ്രായത്തോടു് യോജിപ്പുണ്ടെങ്കിൽ ഇന്നുതന്നെ ബിൽ പാസാക്കാമെന്നാണു് ആഗ്രഹിക്കുന്നതു്. അതിനു് ബഹുമാനപ്പെട്ട അംഗങ്ങൾ സഹായിക്കണമെന്നു് അഭ്യർത്ഥിക്കുന്നു. ഇതു് എല്ലാവരും വളരെ ആകാംക്ഷയോടുകൂടി നോക്കിയിരിക്കുന്ന ഒരു നിയമമായതുകൊണ്ടു് ഇന്നുതന്നെ പാസാക്കിയാൽ നന്നായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള : ഏപ്രിൽ ഒന്നാംതീയതിമുതൽ നടപ്പിൽ വരുത്തുകയല്ലേ ഗവണ്മെൻറിനു സൗകര്യം?

ശ്രീ. എ. ജെ. ജാൺ : ബിൽ പാസായതിനുശേഷം ബേസിക്കു് ടാക്സു് രജിസ്റ്റർ തയ്യാറാക്കുന്നതിനു നാലഞ്ചുമാസംവേണം. മൂന്നു നാലു തരം രജിസ്റ്റർ തയ്യാറാക്കണം. കൊച്ചിയിൽതന്നെ ബേസിക്ടാക്സു് നടപ്പിലാക്കിയശേഷം രജിസ്റ്റർ തയ്യാറാക്കുന്നതിനു മൂന്നുനാലുമാസം വേണ്ടിവന്നു. നിവൃത്തിയുണ്ടെങ്കിൽ ഇന്നുതന്നെ പാസാക്കണം.

ശ്രീ. എ. താണുപിള്ള : രജിസ്റ്റർ നേരത്തെ തയ്യാറാക്കുന്നതിൽ തെറ്റില്ലല്ലോ?

ശ്രീ. എ. ജെ. ജാൺ : ബില്ലിലെ വ്യവസ്ഥകളനുസരിച്ചുവേണം രജിസ്റ്റർ തയ്യാറാക്കാൻ. ബിൽ പാസ്സാകുന്നതിനു മുമ്പാണെങ്കിൽ രജിസ്റ്റർ അപൂർണ്ണമായേ തയ്യാറാക്കാൻ കഴികയുള്ളൂ. ഗവണ്മെൻറഭിപ്രായം ഇന്നുതന്നെ പാസ്സാക്കണമെന്നാണു്. എങ്കിലും സെലക്ടുകമ്മിറ്റിക്കു് അയയ്ക്കണമെന്നു് നിർബന്ധമായ അഭിപ്രായമുണ്ടെങ്കിൽ അതിനെതിരായി നിൽക്കണമെന്നു് ഞാനുദ്ദേശിക്കുന്നില്ല.

MR. SPEAKER : The question before the House is that the Edavagai Rights Acquisition Bill, 1955 be taken up for consideration at once.

The motion was put and carried.

Clauses 2 — 13.

The question that clauses 2 to 13 stand part of the Bill was put and carried.

SHRI A. A. D. LUIZ : Sir, I have a point to make. In Clause 6, sub-clause (3), Explanation, delete the words "in the womb of any female member" and insert "*En ventre sa mere*" The meaning would become clearer.

SHRI PANAMPILLI GOVINDA MENON : But there is the position that males may not have wombs. (Laughter)

Clauses 2 to 13 were added to the Bill.

Clause 1.

The question that Clause 1 stands part of the Bill was put and carried.

Clause 1 was added to the Bill.

Schedule.

The question that the Schedule stands parts of the Bill was put and carried.

The Schedule was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Preamble.

The question that preamble stands part of the Bill was put and carried.

The preamble was added to the Bill.

Title.

The question that the title stands part of the Bill was put and carried.

The title was added to the Bill.

SHRI A. J. JOHN: Sir, I move that the Bill be passed.

SHRI PANAMPILLI GOVINDA MENON: I second it.

The question that the Edavagai Rights Acqistion Bill, 1955 be finally passed was put and carried.

The Bill was passed.

Travancore-Cochin Entertainments Tax (Validation of Levy and Collection) Bill, 1955.

Minister for Local Self Government (SHRI K. KOCHUKUTTAN): Sir, I beg to introduce the Travancore-Cochin Entertainments Tax (Validation of Levy and Collection Bill, 1955.)

SHRI A. J. JOHN: I second it.

SHRI N. NARAYANA KURUP: Sir, I oppose the introduction of the Bill for the following reasons.

ഗവണ്മെൻറ്ഭാഗത്തുനിന്നും അവതരിപ്പിക്കുന്ന ഒരു ബില്ലിനെ ആ പാർട്ടിയിലെ ഒരു അംഗമായ ഞാൻതന്നെ എതിർക്കേണ്ടിവന്നതിൽ അതിയായ വ്യസനമുണ്ട്. ഈ ബിൽ 25-ാംതീയതിയിലെ ഗസറ്റിൽ പ്രസ്യം ചെയ്ത അന്നുരാത്രിതന്നെ നിയമസഭാസാമാജികന്മാർക്ക് വിതരണംചെയ്ത് 26-ാംതീയതിയായ ഇന്നുതന്നെ നിയമമാക്കുന്നതിനു ധൃതഗതിയിൽ കൊണ്ടുവന്നിരിക്കയാണ്. ഗസറ്റ് പബ്ലിഷ് ചെയ്യുന്നതിനു ചില ഉദ്ദേശങ്ങളൊക്കെയുണ്ട്. അതു വെറുമൊരു ചടങ്ങുമാത്രമല്ല. സ്റ്റീക്കർ എന്ന നിലയിൽ അങ്ങേയ്ക്കുള്ള അധികാരത്തെ ഞാൻ ചോദ്യം ചെയ്യുകയല്ല. പൊതുജനങ്ങളെ ഈ നിയമം എങ്ങിനെ ബാധിക്കുമെന്നതു ഗവണ്മെൻറിനെയോ സെലക്ട്കമ്മിറ്റിയെയോ അറിയിക്കുന്നതിനു ഒരവസരം ജനങ്ങൾക്കു കൊടുക്കുന്നതിനാണ് ഗസറ്റിൽ പ്രസ്യം ചെയ്യുന്നതു. ആ ഉദ്ദേശമില്ലെങ്കിൽ ആക്ട് പ്രസ്യം ചെയ്താൽ മതിയാകും. ഇവിടത്തെ ഇൻഡ്യൻ എക്സ്പ്രസ്സ് പത്രപ്രവർത്തകർ അവർക്കു ഇഷ്ടപ്പെട്ട മദ്രാസിൽ ചേക്കേണ്ട താലൂക്കുകളെപ്പറ്റിയുള്ള കാര്യങ്ങൾ വെണ്ടയ്ക്ക അക്ഷരത്തിലും അവർക്കു ഇഷ്ടപ്പെടാത്ത ശ്രീ. ഏ. താണുപിള്ളയും, മന്ത്രി ശ്രീ. ഏ. ജെ. ജാണും പറയുന്ന കാര്യങ്ങൾ ചെറുതായി മൂന്നോ നാലോ വരിയിലും ചേർക്കുന്നതായി കാണുന്നുണ്ട്. അതല്ല പത്രത്തിലും ഗസറ്റിലും പ്രസ്യപ്പെടുത്തുന്നതിൻറെ ഉദ്ദേശം. പൊതു

LIBRARY ARCHIVES Kerala Legislative Assembly